ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ  സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

വാല്യം 02   ഫെബ്രുവരി 2019        ലക്കം 02

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephphatharadio.com
0490- - 2342440

# ഉള്ളടക്കം


1. കെസിബിസി സർക്കുലർ - തിരുബാലസഖ്യദിനം ............................ 5
2. മാർപാപ്പയുടെ സന്ദേശം - ആഗോള രോഗീദിനം ............................ 10
3. കെസിബിസി സർക്കുലർ - മദ്യവിരുദ്ധ ഞായർ ............................ 15
4. മേജർ ആർച്ച് ബിഷപ്പിന്റെ സർക്കുലർ ............................ 21
5. കച്ചേരിക്കാര്യം ............................ 26
6. സെമിനാരി വാർത്തകൾ ............................ 30
7. വിശ്വാസപരിശീലനം ............................ 31
8. ബൈബിൾ അപ്പൊസ്റ്റോലേറ്റ് ............................ 39
9. ചെറുപുഷ്പ മിഷൻലീഗ് ............................ 41
10. തിരുബാലസഖ്യം ............................ 46
11. യുവജനശുശ്രൂഷ ............................ 48
12. കുടുംബപ്രേഷിതത്വം ............................ 53
13. വിദ്യാഭ്യാസ ഏജൻസി ............................ 58
14. സാൻജോസ് അക്കാഡമി ............................ 63
15. വിമൽജ്യോതി വാർത്തകൾ ............................ 68
16. നിർമ്മലഗിരി വാർത്തകൾ ............................ 70
17. കുടുംബക്കൂട്ടായ്മ ............................ 72
18. എ.കെ.സി.സി. വാർത്തകൾ ............................ 75
19. പ്രതീക്ഷാ വാർത്തകൾ ............................ 77
20. കെസിബിസി മദ്യവിരുദ്ധ സമിതി ............................ 79
21. സാമൂഹ്യസേവനവേദി ............................ 86
22. ധ്യാനകേന്ദ്രങ്ങളിലൂടെ ............................ 91
23. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ............................ 92
24. Programme of the Archbishop Mar George Njaralakatt ............................ 95
25. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ............................ 97
26. Programme of the Abp. Emeritus Mar George Valiamattam ............................ 98
27. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ............................ 99
28. Programme of the Auxiliary Bishop Mar Joseph Pamplany ............................ 102

Ref: 3170/K-5/KCBC/OL/DS 18.1.2019

# 2019 ഫെബ്രുവരി 10 തിരുബാലസഖ്യദിനം

## കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ, വത്സലമക്കളേ,

കഴിഞ്ഞ 175 വർഷങ്ങളായി കുട്ടികളുടെ സമഗ്രവളർച്ച ലക്ഷ്യം വച്ച് ആഗോള കത്തോലിക്കാസഭയിൽ മുഴുവൻ പ്രവർത്തിക്കുന്ന കുട്ടികളുടെ സംഘടനയാണ് തിരുബാലസഖ്യം. 1843-ൽ ഫ്രാൻസിലെ നാൻസി രൂപതയിൽ മെത്രാനായിരുന്ന ബിഷപ്പ് ചാൾസ് ഡി ഫോർബിൻ ജാൻസൺ ആണ് തിരുബാലസഖ്യം സ്ഥാപിച്ചത്. 1922-ൽ 11-ാം പീയൂസ് പാപ്പ ഈ സംഘടനയെ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തുകയും 1950-ൽ 12-ാം പീയൂസ് പാപ്പ തിരുബാലസഖ്യദിനം സാർവത്രിക സഭ മുഴുവൻ ആചരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ഈ ആഹ്വാനമനുസരിച്ച് എല്ലാ വർഷവും ഫെബ്രുവരി മാസത്തിലെ 2-ാം ഞായറാഴ്ചയാണ് ഭാരത സഭതിരുബാല സഖ്യദിനമായി ആചരിക്കുന്നത്. തിരുബാലസഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യദിനത്തിന്റെ (10.02.2019) എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

മക്കൾ ദൈവത്തിന്റെ സ്വന്തമാണ്. മക്കളെ നന്നായി വളർത്തുകയെന്നത്, കുട്ടികൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽ നിന്നുവരുന്ന ഉത്തരവാദിത്വമാണ്. ഫ്രാൻസിസ് പാപ്പ 'സ്നേഹത്തിന്റെ ആനന്ദം' എന്ന സിനഡാനന്തരഅപ്പസ്തോലിക പ്രബോധനത്തിൽ പറയുന്നതു പോലെ, ജ്ഞാനസ്നാനത്തിൽ സ്വീകരിക്കുന്ന ദൈവദാനമായ വിശ്വാസം വളർത്തുന്നതിനും വികസിക്കുന്നതിനും ദൈവം ഉപയോഗിക്കുന്ന മാർഗമാണ്മാതാപിതാക്കൾ (287). ബാലനായ യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നത് നസ്രത്തിലെ തിരുക്കുടുംബത്തിലായിരുന്നു (ലൂക്കാ 2:51-52). ഉണ്ണിയേശുവിനെ കരുതലോടെ വളർത്തിയ തിരുക്കുടുംബത്തിലെ മാതാപിതാക്കളായ പരിശുദ്ധമറിയവും വിശുദ്ധ യൗസേപ്പിതാവും ആയിരിക്കണംതങ്ങളുടെ മക്കളെ ദൈവം

ആഗ്രഹിക്കുന്ന രീതിയിൽ വളർത്തിക്കൊണ്ടുവരുവാനുള്ള മാതാപിതാക്കളുടെ ദൗത്യനിർവഹണത്തിൽ അവരുടെ മാതൃക. ഇന്നത്തെ മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്. രക്ഷകനായ യേശുവിൽ ദൃഢമായി വിശ്വസിക്കുകയും കത്തോലിക്കാചൈതന്യത്തിൽ ജീവിക്കുകയും സാമൂഹിക പ്രതിബദ്ധതയോടെ പ്രവർത്തിക്കുകയും ചെയ്യുന്ന മാതാപിതാക്കളുടെ ജീവിതമാതൃക കുട്ടികളുടെ സമഗ്ര നന്മയ്ക്ക് ഉപകരിക്കും. ഭവനത്തിൽ സമ്മേളിക്കുന്ന സഭയെക്കുറിച്ച് എന്നുംവാചാലനാകുന്നഫ്രാൻസിസ് പാപ്പായുടെ വാക്കുകളിൽ "വിശ്വാസത്തിന്റെ അർത്ഥവും സൗന്ദര്യവും ആസ്വദിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും അയല്ക്കാരനെ സേവിക്കുന്നതിനും നമ്മൾ പഠിക്കുന്ന ഇടമായി വീട് തുടരണം"(സ്നേഹത്തിന്റെ ആനന്ദം, 287) ഇന്നത്തെ ലോകത്തിൽ വിശുദ്ധിയിലേക്കുള്ള വിളിയെക്കുറിച്ചുള്ള അപ്പസ്തോലിക ഉദ്ബോധനമായ "ആനന്ദിച്ച് ആഹ്ളാദിക്കുവിൻ"മാതാപിതാക്കളെ ക്ഷണിക്കുന്നത്, യേശുവിനെ അനുഗമിക്കുന്നത് എപ്രകാരമെന്ന് കുട്ടികളെ ക്ഷമാപൂർവ്വം പഠിപ്പിച്ചുകൊണ്ട് വിശുദ്ധരാകാനാണ് (14).

കുടുംബാംഗങ്ങളോടുള്ള, പ്രത്യേകമായി മാതാപിതാക്കന്മാരോടുള്ള ഊഷ്മളമായ ബന്ധം കുട്ടികളുടെ വളർച്ചയ്ക്ക് അത്യാവശ്യമാണ്. ചിലപ്പോഴെങ്കിലും ഒരേ വീട്ടിൽ ജീവിക്കുന്നവർ പരസ്പരം സംസാരിക്കാതെയും ഒരുമിച്ചു പ്രാർത്ഥിക്കാതെയും ഭക്ഷിക്കാതെയും കഴിയുന്നു എന്നത് തികച്ചും ദുഃഖകരമായ കാര്യമാണ്. കൊച്ചുകുട്ടികളെ ഇന്ന് കൂടുതലായി കാണുന്നത് മാതാപിതാക്കളുടെ കൂടെയല്ല, മറിച്ച് ടി.വി.യുടെയും സ്മാർട്ട് ഫോണിന്റെയും കൂടെയാണ്. ഇവയൊക്കെ സാങ്കേതികതലത്തിൽ കുട്ടികളുടെ ബുദ്ധിവികാസത്തിന് ഉപകരിക്കുമെങ്കിലും ഇവയുടെ അനിയന്ത്രിതമായ ഉപയോഗത്തിലൂടെ സ്വന്തം ലോകത്തിലേക്ക് അവർ ഒതുങ്ങുകയും ആത്മീയതയുടെ അടിസ്ഥാനങ്ങൾ അവർക്ക് നഷ്ടപ്പെടുകയും ചെയ്യുന്നു. കുട്ടികളുടെ സുരക്ഷിതത്വത്തിന്റെ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്ന വരുടെയും അത് വില്ക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. കുട്ടികൾ ലൈംഗികമായി

ദുരുപയോഗം ചെയ്യപ്പെടാതിരിക്കാനും അവിശുദ്ധ ബന്ധങ്ങളിലേക്ക് കടന്നുചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. കുട്ടികളുടെ അസാധാരണമായ പെരുമാറ്റങ്ങളും നിശബ്ദതകളും തിരിച്ചറിഞ്ഞ് മക്കളെ സുരക്ഷിതരായി നയിക്കാൻഎല്ലാ മാതാപിതാക്കളും ശ്രദ്ധിക്കണം.

ഫ്രാൻസിസ് പാപ്പ മാതാപിതാക്കന്മാരോട് മക്കളെക്കുറിച്ച് ഉന്നയിക്കുന്ന മൂന്ന് ചോദ്യങ്ങൾ ഇവയാണ്:നമ്മുടെ കുഞ്ഞുങ്ങൾ എവിടെ ആണെന്നു മനസിലാക്കുവാൻ നാം ശ്രമിക്കുണ്ടോ? അവരുടെ ആത്മാവ് എവിടെയാണെന്ന് നാം ശരിക്കും അറിയുന്നുണ്ടോ? സർവ്വോപരി, അതറിയുവാൻ നാം ആഗ്രഹിക്കുന്നുണ്ടോ? നമ്മുടെ കുഞ്ഞുങ്ങൾ ശാരീരികമായി എവിടെയാണെന്നോ ഒരു നിശ്ചിതസമയത്ത് അവർ ആരുടെ കൂടെയാണെന്നോ ഉള്ളതല്ല, മറിച്ച് അവർ നിലപാടുകളിൽ എവിടെയാണെന്നതാണ്, തങ്ങളുടെ ബോധ്യങ്ങളുടെയും ലക്ഷ്യങ്ങളുടെയും ആഗ്രഹങ്ങളുടെയും സ്വപ്നങ്ങളുടെയും കാര്യത്തിൽ അവർ എവിടെ നില്ക്കുന്നു എന്നതാണ് യഥാർത്ഥ ചോദ്യം (സ്നേഹത്തിന്റെ ആനന്ദം, 261).

നന്മയിലും വിശുദ്ധിയിലും വളരേണ്ട ബാല്യത്തിന് ഭീഷണി ഉയർത്തുന്നതാണ്ഇന്നത്തെ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങൾ. പ്രാർത്ഥനയ്ക്കും സഹനത്തിനുംത്യാഗത്തിനും നമ്മുടെ കുടുംബങ്ങളിൽ സ്ഥാനംകുറഞ്ഞുവരുന്നതുകൊണ്ട് പവിത്രമായ കുടുംബബന്ധങ്ങളിൽ പോലും ഉലച്ചിൽ സംഭവിക്കുന്നു. ഓരോ ദിവസവും അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ആശയ വിനിമയ സംവിധാനങ്ങളും അവ സൃഷ്ടിക്കുന്ന മായികപ്രപഞ്ചവും മൂല്യബോധം നഷ്ടപ്പെട്ട മാധ്യമസംസ്കാരവും കുട്ടികളുടെ സ്വഭാവരൂപീകരണത്തിനും വിശ്വാസരൂപീകരണത്തിനും ധാരാളം പ്രതിസന്ധികൾ ഉണ്ടാക്കുന്നവയാണ്. നമ്മുടെ കുട്ടികൾസഭാവിരോധികളും നിരീശ്വരവാദികളുമായിത്തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും സ്വാധീന ങ്ങളും നിസ്സാരമായി തള്ളിക്കളയാനാവില്ല. തിരുസഭയെയും കൂദാശകളെയും സഭാധികാരികളെയും സന്ന്യാസ-പൗരോഹിത്യ ങ്ങളെയും അവഹേളനപാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ വിശ്വാസ്യത കുറയ്ക്കാനുള്ള ആസൂത്രിത ശ്രമങ്ങളും നാം തിരിച്ചറിയണം. ഈ പശ്ചാത്തലത്തിൽ നമ്മുടെ കുട്ടികൾക്ക് ശരിയായ മൂല്യബോധവും

വിശ്വാസപരിശീലനവും നല്കാൻ സഹായിക്കുന്ന തിരുബാലസഖ്യത്തിന്റെ പ്രസക്തി വളരെ ഏറെയാണ്. കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

"കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ;കുട്ടികൾ കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ" എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽമാലാഖമാരും ഉപമധ്യസ്ഥരുമാണ്. ഇവരുടെ ആദ്ധ്യാത്മിക സംരക്ഷണത്തിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാലസഖ്യത്തിന് സാധിക്കുന്നു. നമ്മുടെ ഇടവകകളിലെ 14 വയസ്സുവരെയുള്ള എല്ലാ ബാലികാബാലന്മാരും തിരുബാലസഖ്യത്തിൽ അംഗങ്ങളായി ഉണ്ണിയേശുവിന്റെ കൂട്ടുകാരായി തീരണമെന്നതാണ് സഭയുടെ ആഗ്രഹം. ഇടവകയിൽ ആഴ്ചയിൽ ഒരു ദിവസം തിരുബാലസഖ്യാംഗങ്ങൾ ആനിമേറ്ററുടെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും ദൈവവചനം പഠിക്കുകയും വിശുദ്ധരെ പരിചയപ്പെടുകയുംകാരുണ്യപ്രവൃത്തികളിൽ പങ്കെടുക്കുകയും ചെയ്യുന്നത് അവരെ എന്നും ദൈവത്തോടും സഭയോടും ചേർന്നുനില്ക്കുവാൻ സഹായിക്കും.

ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന ദിനമാണിത്. നസ്രത്തിൽ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ച ബാലനായ യേശു കുട്ടികൾക്ക് പ്രചോദനവും ശക്തിയുമാകണം. തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ യേശുവിന്റെ ബാല്യത്തെ അനുസ്മരിച്ചുകൊണ്ട്നമുക്കു ചുറ്റുമുള്ള ഓരോ ബാല്യവും തിരുബാല്യങ്ങളായി മാറേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് നാം ചിന്തിക്കേണ്ടത്. ഓരോ കുഞ്ഞിലും നസ്രത്തിലെ തിരുബാലനെ കണ്ടുകൊണ്ട് പ്രവർത്തിക്കുവാൻ നമുക്കേവർക്കും കഴിയണം. അനുദിനം അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും സന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. വർഗീയതയും നിരീശരത്വവും വളരുന്ന ഈ കാലഘട്ടത്തിൽ

വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കാനും സഹവർത്തിത്വത്തിന്റെ പാതയിലൂടെ വളരാനും വളർത്താനും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രിയ കുട്ടികളേ, നിങ്ങളെ എല്ലാവരെയും ഉണ്ണിയേശുവിന് ഞാൻസമർപ്പിക്കുന്നു. യേശുവിനെപ്പോലെ നിങ്ങളും സ്വർഗസ്ഥ നായപിതാവിന് ഇഷ്ടപ്പെട്ടമക്കളായിത്തീരാൻ പ്രാർത്ഥിക്കുന്നു. പ്രാർത്ഥനാശംസകളോടെ,

**ബിഷപ്പ് വിൻസെന്റ് സാമുവൽ**

ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ്സാമുവൽ മാർ ഐറേനിയോസ്**

വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം

കൊച്ചി- 682 025

---

NB: 2019 ഫെബ്രുവരി 10-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

Ref: 3171/K-5/KCBC/OL/DS 20.01.2019

# ഇരുപത്തിയേഴാം ആഗോള രോഗീദിനം - 2019
## ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം

*"ദാനമായി നിങ്ങൾക്കുകിട്ടി; ദാനമായിത്തന്നെ കൊടുക്കുവിൻ"*

*(മത്താ 10:8)*

പ്രിയ സഹോദരീസഹോദരന്മാരേ,

"ദാനമായി നിങ്ങൾക്കുകിട്ടി, ദാനമായിത്തന്നെ കൊടുക്കുവിൻ" (മത്താ 10:8). സൗജന്യ സ്നേഹപ്രവൃത്തികളിലൂടെ തന്റെ രാജ്യം വളരുന്നതിനുവേണ്ടി അപ്പസ്തോലന്മാരെ സുവിശേഷം പ്രചരിപ്പിക്കാൻ അയച്ചപ്പോൾ യേശു പറഞ്ഞതാണ് ഈ വാക്കുകൾ.

ഇരുപത്തിയേഴാം ആഗോളരോഗീദിനം ഇൻഡ്യയിൽ കൽക്കട്ടയിൽ വച്ച് 2019 ഫെബ്രുവരി 11-ന് ആഘോഷപൂർവ്വം ആചരിക്കുകയാണ്. ഇത്തരുണത്തിൽ, സുവിശേഷവത്കരണത്തിന് ഏറ്റവും വിശ്വാസ്യതയുള്ള മാർഗം നല്ല സമരിയാക്കാരന്റേതുപോലെയുള്ള പ്രവൃത്തികളാണെന്ന് സഭ-തന്റെ മക്കൾക്കെല്ലാം, പ്രത്യേകിച്ച് രോഗികൾക്ക്, ഒരു അമ്മയെപ്പോലെ-നമ്മെ അനുസ്മരിപ്പിക്കുന്നു. രോഗീപരിചരണത്തിന് വൈദഗ്ധ്യവും വാത്സല്യവും ആവശ്യമാണ്. ഒപ്പം, സ്നേഹിക്കപ്പെടുന്ന അനുഭവം അവരിൽ ഉളവാക്കുന്ന തലോടൽ പോലുള്ള ആത്മാർത്ഥവും ലളിതവുമായ അടയാളങ്ങളും വേണം.

ജീവൻ ദൈവത്തിൽനിന്നുള്ള ദാനമാണ്. വിശുദ്ധ പൗലോസ് ചോദിക്കുന്നു: "ദാനമായി ലഭിച്ചതല്ലാതെ നിനക്ക് എന്തുണ്ട്?" (1 കോറി 4:7) മനുഷ്യജീവിതം ഒരു ദാനമായതിനാൽത്തന്നെ, അതിനെ ഒരു സ്വകീയസമ്പത്തോ സ്വകാര്യസ്വത്തോ ആയി ചുരുക്കാൻ പാടില്ല. വൈദ്യശാസ്ത്രപരവും ജൈവസാങ്കേതികവിദ്യാപരവുമായ പുരോഗതികൾ "ജീവന്റെ വൃക്ഷ"ത്തിൽ (cf. ഉത്പ 3,24) കൈവയ്ക്കാൻ നമുക്കു പ്രലോഭനമാകുന്നുണ്ടെന്ന് ഓർക്കണം.

ധൂർത്തിന്റെയും നിസ്സംഗതയുടെയും ഇന്നത്തെ സംസ്കാരത്തിൽ ഒരു വസ്തുത ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നത്തെ താൻപോരിമയ്ക്കും സാമൂഹികവിഘടനത്തിനും വെല്ലുവിളിയുയർത്താൻ പര്യാപ്തമാണ് "ദാനം" എന്ന കാറ്റഗറി. അതേസമയം, ജനതകളും സംസ്കാരങ്ങളും തമ്മിൽ നൂതനങ്ങളായ ബന്ധങ്ങളും സഹകരണമാർഗങ്ങളും പരിപോഷിപ്പിക്കാനും അതിനു കഴിയും. ദാനത്തിന്റെ

മുൻവ്യവസ്ഥയായ സംവാദം, സമൂഹത്തിൽ നിലനില്ക്കുന്ന അധികാരവിനിയോഗരീതികളെ തിരുത്താൻ കഴിവുള്ള മാനുഷിക വളർച്ചയ്ക്കും പുരോഗതിക്കുമുള്ള സാധ്യതകൾ സൃഷ്ടിക്കുന്നു. ദാനമെന്നാൽ കേവലം സമ്മാനം നല്കലല്ല. വസ്തുക്കളോ സാധനങ്ങളോ വിനിമയം ചെയ്യലല്ല അത്; മറിച്ച് സ്വയംദാനമാണ്. "ദാനം" എന്നത് സമ്മാനം കൊടുക്കലിൽനിന്നും വ്യത്യസ്തമാണ്. കാരണം, അതിൽ തന്നെത്തന്നെ നല്കലും ഒരു ബന്ധം സ്ഥാപിക്കാനുള്ള ആഗ്രഹവും ഉൾക്കൊള്ളുന്നു. ഇത് മറ്റുള്ളവരെ അംഗീകരിക്കലാണ്. അതാണല്ലോ സമൂഹത്തിന്റെ അടിസ്ഥാനം. ദാനമെന്നത് പുത്രന്റെ മനുഷ്യാവതാരത്തിലും പരിശുദ്ധാത്മവർഷത്തിലും പരമകോടിയിലെത്തുന്ന ദൈവസ്നേഹത്തിന്റെ ഒരു പ്രതിഫലനമാണ്.

നാമെല്ലാം ദരിദ്രരും ആവശ്യങ്ങളുള്ളവരും അഗതികളുമാണ്. നമ്മൾ ജനിക്കുമ്പോൾ മാതാപിതാക്കളുടെ ശുശ്രൂഷ നമുക്ക് ജീവിക്കാൻ ആവശ്യമായിരിക്കുന്നു. ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും ഏതെങ്കിലും തരത്തിൽ മറ്റുള്ളവരുടെ സഹായത്തെ നാം ആശ്രയിക്കുന്നു. മറ്റു വ്യക്തികളുടെയും സാഹചര്യങ്ങളുടെയും മുമ്പിൽ "സൃഷ്ടികൾ" എന്ന നിലയിൽ നമ്മുടെ പരിമിതികളെക്കുറിച്ച് നാം എപ്പോഴും അവബോധമുള്ളവരാണ്. ഈ സത്യത്തിന്റെ ആത്മാർത്ഥമായ അംഗീകരണം നമ്മെ വിനീതരായി സൂക്ഷിക്കും. ജീവിതത്തിലെ സത്താപരമായ ഒരു പുണ്യമെന്ന നിലയിൽ ഐക്യദാർഢ്യം അഭ്യസിക്കാൻ അതു പ്രേരിപ്പിക്കും.

വ്യക്തിപരവും സാമൂഹികവുമായ നന്മ വളർത്താൻ ഉത്തരവാദിത്വപൂർവം പ്രവർത്തിക്കുന്നതിന് അത്തരം ഒരു അംഗീകരണം നമ്മെ പ്രേരിപ്പിക്കും. നാം നമ്മെത്തന്നെ വേർപെട്ട ഒരു ലോകമായി കാണാതെ മറ്റുള്ളവരുമായുള്ള സഹോദരപരമായ ബന്ധത്തിൽ കാണണം. എങ്കിൽ മാത്രമേ പൊതു നന്മയെ ലക്ഷ്യം വയ്ക്കുന്ന ഐക്യദാർഢ്യത്തിന്റെ സാമൂഹിക അഭ്യസനം വികസിപ്പിക്കാൻ കഴിയുകയുള്ളൂ. ആവശ്യത്തിൽപ്പെട്ടവരും മറ്റുള്ളവരെ ആശ്രയിക്കുന്നവരുമായി നമ്മെത്തന്നെ കാണാൻ നാം ഭയപ്പെടരുത്. സ്വപ്രയത്നംകൊണ്ടുതന്നെ വ്യക്തിപരമായി നമ്മുടെ പരിമിതികളെ അതിജീവിക്കാൻ നമുക്കു കഴിയില്ലല്ലോ. അതിനാൽ ആ പരിമിതികളെ അംഗീകരിക്കാൻ നാം ഭയപ്പെടരുത്. ദൈവം തന്നെ യേശുക്രിസ്തുവിൽ വിനയപൂർവ്വം നമ്മിലേക്ക് ഇറങ്ങി വന്നു (cf. ഫിലി 2:8). ഇന്നും അങ്ങനെ ചെയ്യുന്നുണ്ട്. നമ്മുടെ ദാരിദ്ര്യത്തിൽ അവിടന്ന് നമ്മെ സഹായിക്കാൻ വരുകയും നമ്മുടെ ഭാവനയ്ക്ക് അതീതമായ ദാനങ്ങൾ നമുക്കു നല്കുകയും ചെയ്യുന്നു.

ഇൻഡ്യയിൽവച്ചുള്ള ആഘോഷത്തിന്റെ വെളിച്ചത്തിൽ സന്തോഷത്തോടും വിസ്മയത്തോടുംകൂടി കൽക്കട്ടയിലെ മദർ തെരേസയെ ഓർമ്മിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പരസ്നേഹത്തിന്റെ മാതൃകയായ അവർ ദരിദ്രരോടും രോഗികളോടും ദൈവത്തിനുള്ള സ്നേഹം ദൃശ്യമാക്കി. അവരെ വിശുദ്ധരുടെ പദവിയിലേക്ക് ഉയർത്തിയപ്പോൾ ഞാൻ ഇങ്ങനെ പറഞ്ഞിരുന്നു: "മദർ തെരേസ ജീവിതത്തിന്റെ എല്ലാ വശങ്ങളിലും ദൈവിക കരുണയുടെ ഉദാരയായ വിതരണക്കാരിയായിരുന്നു. മനുഷ്യജീവനെ-ഗർഭസ്ഥശിശുക്കളുടെയും പരിത്യക്തരുടെയും ജീവനെ-സ്വീകരിച്ച് സംരക്ഷിക്കുന്നതിനുവേണ്ടി മദർതെരേസ എല്ലാവർക്കും സ്വയം സംലഭ്യയാക്കി. തെരുവീഥിയിൽ മരിക്കാൻവേണ്ടി ഉപേക്ഷിക്കപ്പെട്ടവരുടെ മുമ്പിൽ അവരിലുള്ള ദൈവമഹത്ത്വം കണ്ടുകൊണ്ട് അവൾ തലകുനിച്ചു. തങ്ങൾ സൃഷ്ടിച്ച ദാരിദ്ര്യമെന്ന കുറ്റകൃത്യത്തിന്റെ-അതെ, കുറ്റകൃത്യംതന്നെ!-പാപഭാരം തിരിച്ചറിയുംവിധം ഈ ലോകത്തിലെ അധികാരകേന്ദ്രങ്ങൾക്കു മുമ്പിൽ അവൾ തന്റെ സ്വരം കേൾപ്പിച്ചു. മദർ തെരേസയുടെ അധ്വാനത്തെ മധുരമുള്ളതാക്കിയ 'ഉപ്പ്' കാരുണ്യമായിരുന്നു. ദാരിദ്ര്യംകൊണ്ടും സഹനം കൊണ്ടും കരഞ്ഞു കണ്ണുനീർ വറ്റിയവർക്ക് അന്ധകാരത്തിൽ തെളിഞ്ഞ 'പ്രകാശം' അതായിരുന്നു. നഗരത്തിന്റെയും അസ്തിത്വത്തിന്റെയും അരികുകളിൽ അവൾ നിർവഹിച്ച ദൗത്യം, ദരിദ്രരിൽ ദരിദ്രരായവരോട് ദൈവത്തിനുള്ള അടുപ്പത്തിന്റെ ശക്തമായ സാക്ഷ്യമാണ് നമുക്ക് ഇന്നു നല്കുന്നത്" (Homily 4 Sept. 2016).

ഓരോ മനുഷ്യനോടും ഭാഷാപരമോ സംസ്കാരപരമോ വംശപരമോ മതപരമോ ആയ വ്യത്യാസം ഇല്ലാത്തതും സ്വാർത്ഥതയില്ലാത്തതുമായ സ്നേഹമായിരിക്കണം നമ്മുടെ പ്രവർത്തനത്തിന്റെ ഏകമാനദണ്ഡമെന്നു മനസ്സിലാക്കുവാൻ വിശുദ്ധ മദർ തെരേസാ നമ്മെ സഹായിക്കുന്നു. മനസ്സിലാക്കപ്പെടലും വാത്സല്യപൂർവകമായ സ്നേഹവും ആവശ്യമായിരിക്കുന്ന എല്ലാവർക്കും-പ്രത്യേകിച്ച് സഹിക്കുന്നവർക്ക്-സന്തോഷത്തിന്റെയും പ്രത്യാശയുടെയും ചക്രവാളങ്ങൾ തുടർന്നുകൊണ്ട് മദർ തെരേസയുടെ മാതൃക നമ്മെ ഇപ്പോഴും നയിച്ചുകൊണ്ടിരിക്കുന്നു.

ആരോഗ്യ ശുശ്രൂഷയിൽ ഏറെ പ്രാധാന്യമുള്ള സന്നദ്ധസേവകരുടെ പ്രവർത്തനത്തെ പ്രചോദിപ്പിക്കുന്നതും നിലനിർത്തുന്നതും ഉദാരതയാണ്. അവർ നല്ല സമരിയാക്കാരന്റെ ആദ്ധ്യാത്മികത വാചാലമാകുംവിധം സ്വന്തമാക്കിയിരുന്നു. രോഗികളെ സഹായിക്കുന്ന സന്നദ്ധ സംഘടനകളോടും രക്തം, ടിഷ്യുകൾ, അവയവങ്ങൾ എന്നിവയുടെ ദാനം ഏർപ്പെടുത്തുന്നവരോടും ഞാൻ കൃതജ്ഞത രേഖപ്പെടുത്തു

ന്നു. അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. നിങ്ങളുടെ സാന്നിധ്യത്തിലൂടെ പ്രകടമാകുന്ന സഭയുടെ കരുതലിന്റെയും പരിഗണനയുടെയും ഒരു പ്രത്യേകമേഖ ഇതാണ്-രോഗികളുടെ, പ്രത്യേകിച്ച് സവിശേഷ പരിചരണം ആവശ്യമുള്ളവരുടെ അവകാശങ്ങൾക്കായി വാദിക്കുക. രോഗങ്ങളെ തടയുന്നതിനുവേണ്ടിയുള്ള അറിവും പ്രോത്സാഹനവും നല്കുവാൻ വേണ്ടി നടത്തുന്ന വിവിധ പരിശ്രമങ്ങളെക്കൂടി ഞാൻ ഇവിടെ സൂചിപ്പിക്കുന്നു. ആശുപത്രികളിലും വീടുകളിലും നിങ്ങൾ ചെയ്യുന്ന സന്നദ്ധസേവനം ഏറ്റവും പ്രധാനപ്പെട്ടതാണ്. അതിൽ ആരോഗ്യശുശ്രൂഷയും ആദ്ധ്യാത്മിക പിൻതുണയും അടങ്ങിയിട്ടുണ്ട്. രോഗികളും ഒറ്റപ്പെട്ടവരും വൃദ്ധരും മാനസികമോ ശാരീരികമോ ആയ ദുർബലതയുള്ളവരും ഈ സേവനത്തിൽ നിന്ന് ഉപകാരം നേടുന്നുണ്ട്. മതാഭിമുഖ്യമില്ലാത്ത ഒരു ലോകത്ത് സഭയുടെ സാന്നിധ്യത്തിന്റെ അടയാളമായി തുടരുവാൻ ഞാൻ നിങ്ങളെ നിർബന്ധിക്കുന്നു. ഒരു വോളന്റിയർ നല്ല സുഹൃത്താണ്. വ്യക്തിപരമായ ചിന്തകളും വികാരങ്ങളും അയാളുമായി പങ്കുവയ്ക്കാം. വോളന്റിയർമാർ ക്ഷമാപൂർവം ശ്രവിക്കുന്നു. അങ്ങനെ അവർ രോഗികളെ നിഷ്ക്രിയരായ സ്വീകർത്താക്കൾ എന്ന നിലയിൽ നിന്ന് സജീവ പങ്കാളികളാക്കുന്നു. ആ ബന്ധം പ്രത്യാശ നല്കുന്നു; കൂടുതൽ ചികിത്സയ്ക്ക് പ്രചോദനം നല്കുന്നു. ഉദാരമതിയാകാനുള്ള അഗാധമായ ആഗ്രഹത്തിൽനിന്ന് ഉദ്ഭൂതമാകുന്ന മൂല്യങ്ങളും സ്വഭാവങ്ങളും ജീവിതശൈലികളുമാണ് സന്നദ്ധസേവനം പകർന്നുനല്കുന്നത്. ആരോഗ്യസംരക്ഷണം കൂടുതൽ മാനുഷികമാക്കാനുള്ള ഒരു മാർഗം കൂടിയാണിത്.

കത്തോലിക്കാ ആരോഗ്യസംരക്ഷണ കേന്ദ്രങ്ങളെ-വികസിത പ്രദേശങ്ങളിലായാലും ദാരിദ്ര്യമുള്ള പ്രദേശങ്ങളിലായാലും-ഉദാരതയുടെ ചൈതന്യമാണ് സവിശേഷമാംവിധം പ്രചോദിപ്പിക്കേണ്ടത്. കാരണം അവ തങ്ങളുടെ പ്രവൃത്തികൾ ചെയ്യുന്നത് സുവിശേഷത്തിന്റെ വെളിച്ചത്തിലാണ്. എങ്ങനെയും ലാഭമുണ്ടാക്കുക, തിരിച്ചുകിട്ടാൻവേണ്ടി കൊടുക്കുക, ജനങ്ങളെ പരിഗണിക്കാതെ ചൂഷണം ചെയ്യുക എന്നിങ്ങനെയുള്ള മനോഭാവങ്ങളോടുള്ള പ്രത്യുത്തരമായി കത്തോലിക്കാസ്ഥാപനങ്ങൾ ആത്മദാനത്തിന്റെയും ഔദാര്യത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും മാതൃക നല്കാൻ വിളിക്കപ്പെട്ടിരിക്കുന്നു.

ഉദാരതയുടെയും ദാനത്തിന്റെയും സംസ്കാരത്തെ വളർത്താൻ എല്ലാതലങ്ങളിലുമുള്ള ഓരോവ്യക്തിയെയും ഞാൻ നിർബന്ധിക്കുന്നു. ലാഭത്തിന്റെയും ധൂർത്തിന്റെയും സംസ്കാരത്തെ കീഴടക്കാൻ അത് അത്യന്താപേക്ഷിതമാണ്. കത്തോലിക്കാ ആരോഗ്യസംരക്ഷണ

കേന്ദ്രങ്ങൾ കേവലം ബിസിനസ് നടത്തുന്നതിന്റെ കെണിയിൽ വീഴരുത്. അവർ ലാഭത്തെക്കാൾ കൂടുതലായി വ്യക്തിപരമായ ശുശ്രൂഷയെ പരിഗണിക്കണം. ആരോഗ്യം ആപേക്ഷികമാണെന്നും അത് മറ്റുള്ളവരുമായുള്ള ബന്ധത്തെ ആശ്രയിച്ചിരിക്കുന്നുവെന്നും അതിന് വിശ്വാസവും സൗഹൃദവും ഐക്യദാർഢ്യവും ആവശ്യമാണെന്നും നമുക്കറിയാം. പങ്കുവയ്ക്കുമ്പോൾ മാത്രം പൂർണമായി ആസ്വദിക്കാൻ കഴിയുന്ന നിധിയാണത്. ഒരു ക്രൈസ്തവന്റെ ആരോഗ്യത്തിന്റെ ബാരോമീറ്റർ ഉദാരതാപൂർണമായ ദാനത്തിന്റെ സന്തോഷമാണ്.

ഞാൻ നിങ്ങളെ എല്ലാവരെയും 'രോഗികളുടെ ആരോഗ്യം' ആയ മറിയത്തിൽ സമർപ്പിക്കുന്നു. സംവാദത്തിന്റെ ചൈതന്യത്തിലും പരസ്പരസ്വീകരണത്തിലും നാം സ്വീകരിച്ച ദാനങ്ങൾ പങ്കുവയ്ക്കാൻ അവൾ നമ്മെ സഹായിക്കട്ടെ. പരസ്പര ആവശ്യങ്ങൾ ശ്രദ്ധിച്ച് സഹോദരീസഹോദരന്മാരായി ജീവിക്കാനും ഉദാരതയുള്ള ഹൃദയത്തിൽ നിന്നു നല്കാനും മറ്റുള്ളവർക്ക് നിസ്വാർത്ഥസേവനം ചെയ്യാനും സഹായിക്കട്ടെ. പ്രാർത്ഥനയിലുള്ള എന്റെ അടുപ്പം ഞാൻ സ്നേഹത്തോടെ ഉറപ്പുപറയുന്നു. എല്ലാവർക്കും എന്റെ അപ്പോസ്തോലികാശീർവാദം ഹൃദയപൂർവ്വം നല്കുന്നു.

വത്തിക്കാൻസിറ്റി, 25 നവംബർ, 2018

പ്രപഞ്ചരാജാവായ കർത്താവായ യേശുക്രിസ്തുവിന്റെ തിരുനാൾദിനം
ഫ്രാൻസിസ്

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം

കൊച്ചി- 682 025

---

ഈ സർക്കുലറിലെ പ്രസക്തഭാഗമായ 2019 ഫെബ്രുവരി 17-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ ദൈവജനത്തെ അറിയിക്കേണ്ടതാണ്.

Ref: 3169/K-5/KCBC/OL/DS 17.1.2019

# മദ്യവിരുദ്ധ ഞായർ, 2019 മാർച്ച് 10

## കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയപ്പെട്ടവരേ,

2019 മാർച്ച് മാസം 10-ാം തീയതി മദ്യവിരുദ്ധ ഞായറായി കേരള കത്തോലിക്കാ സഭ ആചരിക്കുകയാണല്ലോ. വലിയ നോമ്പിലെ രണ്ടാമത്തെ ഞായറാഴ്ചയാണ് മദ്യവിരുദ്ധ ഞായറായി ആചരിച്ചു വരുന്നത്. പ്രാർത്ഥനയ്ക്കും പരിത്യാഗപ്രവൃത്തികൾക്കും ജീവിത നവീകരണത്തിനുമായി പ്രത്യേകം മാറ്റിവച്ചിരിക്കുന്ന വലിയ നോമ്പുകാലത്ത് മദ്യവിരുദ്ധ ഞായർ ആചരിക്കുന്നത് വളരെ പ്രസക്തമാണ്. തഴക്കദോഷങ്ങളിലും ദുഃശീലങ്ങളിലും തിന്മയുടെ സാഹചര്യങ്ങളിലും നിന്ന് വഴി മാറി നടക്കുവാൻ നോമ്പുകാലം ഓരോ വിശ്വാസിയെയും പ്രത്യേകമായി ഈ കാലഘട്ടത്തിൽ ഓർമ്മിപ്പിക്കുന്നു. അതിനാൽത്തന്നെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പുകയിലയുടെയും മറ്റ് ലഹരിവസ്തുക്കളുടെയും ഉപയോഗത്തിൽനിന്ന് പൂർണമായും പിന്തിരിയുവാൻ തീരുമാനം എടുക്കാനുള്ള ഉചിതമായ കാലവുമാണിത്. കുടുംബത്തെയും സമൂഹത്തെയും വികലമാക്കുന്ന മദ്യത്തിനും ഇതര ലഹരികൾക്കുമെതിരേ ശക്തമായ ആത്മീയ പോരാട്ടവും ഭൗതികമായ ജാഗ്രതയും ഈ നോമ്പുകാലത്തിന്റെ ഭാഗമാകണം.

ആധുനിക തലമുറയെ കടന്നാക്രമിക്കുന്ന, അവരുടെ യുവത്വത്തിന്റെ ചൈതന്യത്തെ തകർത്തുകളയുന്ന ലഹരി വസ്തുക്കൾ പൂർണമായും ഉപേക്ഷിക്കാനും ലഹരിക്കെതിരേ ശക്തമായ പോരാട്ടം നടത്തുവാനും അതുവഴി ലഹരിവിരുദ്ധ സമൂഹത്തിന് രൂപം നല്കാനുമുള്ള സന്ദേശമാണ് മദ്യവിരുദ്ധ ഞായർ ആചരണത്തിലൂടെ കേരള കത്തോലിക്കാ സഭ ലക്ഷ്യംവയ്ക്കുന്നത്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും മറ്റു ലഹരിവസ്തുക്കളുടെയും ഉപയോഗം ഭീതിജനകമാംവിധം വർദ്ധിച്ചുവരുന്ന സാഹചര്യമാണുള്ളത്. ലഹരിവസ്തുക്കളുടെ അനിയന്ത്രിത ഉപയോഗം കുടുംബബന്ധങ്ങളെ തകർക്കുന്ന അനുഭവം സാധാരണമായിക്കൊണ്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ, മദ്യത്തിന്റെയും മറ്റു ലഹരി വസ്തുക്കളുടെയും ലഭ്യതയും ഉപയോഗവും കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സഭ ഏറ്റെടുക്കുന്നത് സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായാണ്. ലഹരി വിരുദ്ധ സമൂഹ രൂപീകരണത്തിലൂടെ സാമൂഹ്യനന്മ സംജാതമാകണമെന്നതാണ് കേരള കത്തോലിക്കാസഭയുടെ ആഗ്രഹം.

വിദ്യാഭ്യാസത്തിലും സംസ്ക്കാരത്തിലും സാമ്പത്തിക നിലവാരത്തിലും ആരോഗ്യപരിപാലന രംഗത്തും അദ്വിതീയമായ നേട്ടങ്ങൾ കൈവരിച്ച കേരള സമൂഹം, ലോകജനതയുടെ പ്രശംസ പിടിച്ചുപറ്റിയിട്ടുള്ളതാണ്. എന്നാൽ, മദ്യത്തോടും പുകയിലയോടും ലഹരിവസ്തുക്കളോടുമുള്ള വർദ്ധിച്ചുവരുന്ന ആസക്തി, അതിന്റെ പരിണിത ഫലമായുണ്ടായ അനാരോഗ്യ സാഹചര്യങ്ങൾ, ധാർമ്മികാധഃപതനത്തെ എടുത്തുകാണിക്കുന്ന ദൗർഭാഗ്യകരമായ സംഭവങ്ങൾ, സാമ്പത്തികതകർച്ച നേരിടുന്ന കുടുംബങ്ങൾ എന്നിവ കേരള തനിമയുടെയും ആത്മീയതയുടെയും നിറം കെടുത്തുകയും കേരളത്തിന്റെ ആദർശശുദ്ധിയും ക്രിയാത്മക ശക്തിയും ഇല്ലാതാക്കുകയും ചെയ്യുന്നുണ്ട്.

മദ്യത്തിന്റെ അനിയന്ത്രിതമായ ഉപയോഗം ഒരു വ്യക്തിയുടെ ശാരീരികാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. മദ്യം മനുഷ്യനെ ഉണർവുള്ളവനാക്കുമെന്നും അവന്റെ പ്രതീക്ഷകളെ അത് ഉണർത്തുമെന്നും ഭീരുവിനെ അത് ധൈര്യപ്പെടുത്തുമെന്നും മൂകപ്രകൃതിയെ വാചാലമാക്കുമെന്നും ന്യായീകരണം പറയുന്ന മദ്യത്തിന്റെ ഉപഭോക്താക്കൾ അതിലടങ്ങിയിരിക്കുന്ന മരണകരമായ അപകടത്തെ ബോധപൂർവം വിസ്മരിക്കുകയാണ്. മദ്യത്തിന്റെ അമിതോപയോഗത്തിലൂടെ ഒരു വ്യക്തിയുടെ രക്തത്തിൽ കലരുന്ന മദ്യം അവന്റെ ആന്തരിക അവയവങ്ങളെ നശിപ്പിക്കുകയും ക്രമേണ ജീവനെത്തന്നെ ഇല്ലാതാക്കുകയും ചെയ്യുന്നു. ഇത് തലച്ചോറിനെയും നാഡീവ്യൂഹത്തെയും മന്ദിപ്പിച്ച് മ്ലാനീഭവിപ്പിക്കുകയും സുബോധവും സൂക്ഷ്മവിവേചനവും ഇല്ലാതാക്കുകയും ചെയ്യുന്നു. മനുഷ്യശരീരത്തിലെ ജീവകങ്ങളെ നശിപ്പിക്കുകയും വൃക്കകളെ തകർക്കുകയും ഞരമ്പുകൾക്ക് കേടുവരുത്തുകയും ചെയ്യുന്ന ലഹരി പലപ്പോഴും മാരകമാകുന്നുണ്ട്.

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം ഒരു വ്യക്തിയെ ദൈവത്തിൽ നിന്ന് അകറ്റുന്നതാണ്. ദൈവം വേണ്ട, ആത്മീയത വേണ്ട എന്ന് ചിന്തിക്കുന്ന സമകാലീക ജ്ഞാനവാദത്തിന്റെ മറ്റൊരു അവസ്ഥയിലേക്ക് ഇവ മനുഷ്യനെ കൊണ്ടുചെന്നെത്തിക്കും. സ്വഭാവത്താലേ ദൈവോന്മുഖനും ആത്മീയനുമായ മനുഷ്യൻ സ്രഷ്ടാവായ ദൈവത്തിൽനിന്ന് അകലാൻ മദ്യപാനം കാരണമാകുന്നു. ലഹരിവസ്തുക്കളെ ആസക്തിയോടെ സ്വീകരിക്കുന്നവരിൽ ദൈവ ചൈതന്യത്തെ സ്വീകരിക്കാനുള്ള വിമുഖത പ്രകടമാകുന്നു. ശാരീരികമായ താത്കാലിക സന്തോഷത്തിനുവേണ്ടി ലഹരിക്കു പിറകേ പോകുന്ന യുവജനത തങ്ങളെത്തന്നെ മരണസംസ്ക്കാരത്തിലേക്ക് നയിക്കുകയാണ്. ഇക്കാരണത്താലാണ് ഈശോ ഇപ്രകാരം മുന്നറിയിപ്പ് നല്കുന്നത്: "സുഖലോലുപത, മദ്യാസക്തി, ജീവിത വ്യഗ്രത

എന്നിവയാൽ നിങ്ങളുടെ മനസ്സ് ദുർബലമാവുകയും, ആ ദിവസം ഒരു കെണി പാലെ പെട്ടന്നു നിങ്ങളുടെമേൽ വന്നു വീഴുകയും ചെയ്യാതിരിക്കുവാൻ ശ്രദ്ധിക്കുവിൻ" (ലൂക്കാ 21:34). ഈ മുന്നറിയിപ്പ് നമുക്ക് ഗൗരവമായെടുക്കാം.

"മദ്യം മനുഷ്യനെ മനുഷ്യനല്ലാതാക്കുന്നു. അവനെ അശക്തനാക്കുന്നു. സ്വയം നശിപ്പിക്കുന്നു, ബന്ധുക്കളെ നശിപ്പിക്കുന്നു. മര്യാദയും ഔചിത്യവും നഷ്ടപ്പെടുത്തുന്നു". മദ്യപാനമെന്ന വിപത്തിനെക്കുറിച്ചുള്ള മഹാത്മാഗാന്ധിയുടെ ഈ വാക്കുകൾ ഇവിടെ പ്രസക്തമാണ്. മനുഷ്യനിലെ മനുഷ്യത്വത്തെ നഷ്ടപ്പെടുത്തിക്കൊണ്ട് അവനെ വെറും മൃഗതുല്യനാക്കുന്ന ലഹരിയുടെ അടിമത്ത്വത്തിൽ നിന്ന് മനുഷ്യൻ വിമോചിതനാകേണ്ടതുണ്ട്. മുതിർന്ന തലമുറയോടും യുവതലമുറയോടുമൊപ്പം തന്നെ ബാല്യകൗമാരങ്ങളും മദ്യത്തിലേക്ക് തിരിയുന്ന അപകടകരമായ സാഹചര്യം നിലനിൽക്കുന്നുവെന്ന യാഥാർത്ഥ്യ ബോധത്തോടെ ഈ വലിയ വിപത്തിൽ നിന്ന് കേരളസമൂഹത്തെ രക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് എല്ലാവർക്കും കടമയുണ്ട്. ജനാധിപത്യ സംവിധാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന സർക്കാരിന് ഈ തലത്തിലുള്ള ഉത്തരവാദിത്തം വളരെ വലുതാണ്. സമൂഹത്തിന്റെ, പ്രത്യേകിച്ച് കുടുംബങ്ങളുടെയും, സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും സുസ്ഥിതി ഉറപ്പുവരുത്തുവാൻ സർക്കാരിന് കടമയുണ്ട്. അതിനായി, സർക്കാർ മദ്യനിരോധനം നടപ്പിലാക്കുകയും മദ്യവിരുദ്ധ ബോധവത്കരണം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതു മാത്രമാണ് പ്രതിവിധി.

മദ്യം ഉപയോഗിക്കുന്നതിൽനിന്ന് പൗരാണിക കാലം മുതൽ വിലക്ക് നിലനിന്നിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ബൈബിളിൽ കാണുന്ന മദ്യത്തിനെതിരേയുള്ള വിലക്കുകൾ മദ്യവിരുദ്ധ സംസ്കാരത്തിന്റെ ശക്തമായ പ്രതിഫലനങ്ങളാണ്. മദ്യമെന്ന ദൂഷ്യത്തിനടിമപ്പെടുന്ന ഏവനും തന്റെയും മറ്റുള്ളവരുടെയും ജീവിതത്തിന്റെ ക്രമം തെറ്റിക്കുകയും സ്വയം അധഃപതിക്കുകയും ചെയ്യുന്നു. മദ്യപൻ വിചിത്ര കാഴ്ചകൾ കാണുകയും വികടത്തം ജല്പിക്കുകയും ചെയ്യും (സുഭാ 23:33). മദ്യപിക്കുമ്പോൾ അവൻ കല്പനകൾ മറക്കുകയും കഷ്ടപ്പെടുന്നവരുടെ അവകാശങ്ങൾ അവഗണിക്കുകയും ചെയ്യും (സുഭാ 31:5). മദ്യം ദുരിതവും ദു:ഖവും കലഹങ്ങളും അകാരണമായ മുറിവുകളും ഉണ്ടാക്കുന്നു (സുഭാ 23:29). ആകർഷണീയങ്ങളായ മദ്യഷാപ്പുകളും മദ്യാസക്തിയും ദുർബലചിത്തനായ മനുഷ്യനെ മദ്യപാനമെന്ന ദൗർബല്യത്തിലേക്ക് എത്താൻ പ്രേരിപ്പിക്കുന്നതിനാൽ, മദ്യ നിരോധനവും മദ്യനിയന്ത്രണ സംവിധാനങ്ങളും മനുഷ്യനന്മയെ

ക്കരുതി രൂപപ്പെടുത്തണം. കൂട്ടുകാരുടെ പ്രേരണയിൽ മദ്യത്തിലേക്കും ലഹരിപദാർത്ഥങ്ങളിലേക്കും തിരിയുന്ന കുട്ടികളെ മാതാപിതാക്കളും അധ്യാപകരും അധികാരികളും ജാഗ്രതയോടെ പിന്തുടരണം. ലഹരിയുടെ പ്രലോഭനം ഒഴിയാബാധപോലെ പിൻതുടരുമ്പോൾ കൗൺസിലിംഗിലൂടെയും ചികിത്സകളിലൂടെയും ശരിയായ ബോധവത്കരണത്തിലൂടെയും ഭാവിയുടെ വാഗ്ദാനങ്ങളായ കുട്ടികളെ ഈ വിപത്തിൽനിന്ന് രക്ഷിക്കുവാനുള്ള നടപടികൾ ഉണ്ടാകേണ്ടതുണ്ട്.

നിർഭാഗ്യവശാൽ, മദ്യലഭ്യത കുറച്ചുകൊണ്ടുവരുന്ന നിലപാടുകളല്ല സംസ്ഥാന സർക്കാർ തുടർന്നു പോരുന്നത്. കേരളത്തിൽ മദ്യം ഗുരുതരമായ ആരോഗ്യ സാമൂഹ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു എന്നും ആയതിനാൽ മദ്യത്തിന്റെ ലഭ്യതയും ഉപഭോഗവും കുറച്ചുകൊണ്ടുവരാനുള്ള നയത്തിനായിരിക്കും സർക്കാർ മുൻഗണന നല്കുകയെന്നും മദ്യവർജ്ജനം പൊതുനയമായി സ്വീകരിക്കുമെന്നും മദ്യവർജ്ജന സന്ദേശം എല്ലാവരിലും എത്തിക്കുന്നതിന് കൂടുതൽ ശക്തമായ ഇടപെടലുകൾ സ്വീകരിക്കുമെന്നും അതിനായി സാക്ഷരതാ പ്രസ്ഥാനത്തിന്റെ മാതൃകയിൽ വിപുലമായ ജനകീയ ബോധവത്കരണത്തിന് സമിതികൾ രൂപീകരിക്കുമെന്നും മദ്യവിരുദ്ധ സമിതികളോട് ചേർന്നുനിന്ന് സർക്കാർ പ്രവർത്തിക്കുമെന്നും ഈ സർക്കാരിന്റെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ എടുത്തു പറഞ്ഞിരുന്നത് നടപ്പിലാക്കുവാൻ സർക്കാർ ആത്മാർത്ഥത കാണിക്കണം. മദ്യവർജ്ജനമാണ് സർക്കാർ നയമെന്ന് ആവർത്തിക്കുമ്പോഴും മദ്യത്തിന്റെ ലഭ്യത കുറയ്ക്കുവാൻ യാതൊരു നടപടിയും സ്വീകരിക്കാത്തത് മദ്യവർജ്ജന നയത്തെത്തന്നെ നിർവീര്യമാക്കുന്നു. പതിനായിരത്തിന് മുകളിൽ ജനസംഖ്യയുള്ള പഞ്ചായത്തുകളെ നഗരസ്വഭാവമുള്ളതായി കണക്കാക്കി മദ്യശാലകൾ തുടങ്ങുവാൻ അനുമതി നല്കിയത് പ്രകടന പത്രികയ്ക്ക് തന്നെ എതിരായ കാര്യമാണ്. പ്രതിവർഷം 10% ബെവ്കോ-കൺസ്യൂമർഫെഡ് ഔട്ട്ലറ്റുകൾ അടച്ചുപൂട്ടാനുള്ള തീരുമാനം അട്ടിമറിക്കപ്പെട്ടു എന്നു മാത്രമല്ല ബിയർ പബ്ബുകളുടെ നവീകരിച്ച സംവിധാനമായ, ബിയർ നിർമ്മിച്ച് അവിടെത്തന്നെ വില്പന നടത്തുന്ന മൈക്രോ ബ്രൂവറി യൂണിറ്റുകൾ സ്ഥാപിക്കാനും ഡിസ്റ്റലറികൾ സ്ഥാപിക്കാനും സർക്കാർ തയ്യാറായതും എതിർപ്പിനെ തുടർന്ന് തീരുമാനം മരവിപ്പിക്കേണ്ടി വന്നതും കേരളസമൂഹം മനസ്സിലാക്കിയ കാര്യങ്ങളാണ്. മദ്യത്തിന്റെ വിഷയത്തിൽ ജനങ്ങളോടുള്ള പ്രതിബദ്ധത നിറവേറ്റുന്നതിൽ പ്രതിപക്ഷത്തിന്റെ പങ്കും പരിശോധനാവിഷയമാക്കേണ്ടതാണ്. പ്രതിപക്ഷം എതിർത്തത് മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിച്ചതിനെയല്ല മറിച്ച്

ബ്രൂവറികൾക്ക് അനുമതി നല്കിയതിലെ നടപടിക്രമങ്ങളിലെ വീഴ്ച മാത്രമാണ്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ മദ്യവിമുക്ത സമൂഹത്തിനുവേണ്ടി പ്രവർത്തിക്കുവാൻ എല്ലാ രാഷ്ട്രീയ പാർട്ടികളും തയ്യാറാകേണ്ടത് അത്യാവശ്യമായി വന്നിരിക്കുകയാണ്.

ഭാഗിക മദ്യനിരോധനം പിൻവലിക്കാൻ തൊടുന്യായം പറഞ്ഞിരുന്നത് മദ്യലഭ്യത കുറഞ്ഞതുകൊണ്ട് മയക്കുമരുന്ന് ഉപയോഗം വർദ്ധിച്ചു എന്നാണ്. എന്നാൽ മദ്യത്തിന്റെ കുത്തൊഴുക്ക് അനുഭവപ്പെടുന്ന ഈ കാലഘട്ടത്തിലും മയക്കുമരുന്നിന്റെ ഉപയോഗം വ്യാപകമായി തുടരുന്നതിന്റെ കാരണം പറയാൻ ആരും തയ്യാറാവുന്നില്ല. നമ്മുടെ യുവതലമുറ മയക്കുമരുന്നിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നത് ഗുരുതരമായ സ്ഥിതിവിശേഷമാണ്. മദ്യവർജ്ജനത്തിലൂടെ മദ്യത്തിന്റെ ഉപയോഗമോ ലഭ്യതയോ കുറഞ്ഞില്ല എന്നു മാത്രമല്ല മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിക്കുകയും ചെയ്തു. ശക്തമായ നിയമസംവിധാനങ്ങളിലൂടെ ഇതിനെതിരേ നടപടി സ്വീകരിക്കണം. ഇതിനുവേണ്ടി എക്സൈസ്-പോലീസ്-ഫോറസ്റ്റ് റവന്യു സംവിധാനങ്ങളെ ഫലപ്രദമായി ഉപയോഗിക്കണം. മറിച്ചായാൽ സമൂഹത്തിന്റെയും കുടുംബത്തിന്റെയും നാശം ക്ഷണിച്ചുവരുത്തുകയായിരിക്കും ചെയ്യുക.

നവകേരളമെന്ന മുദ്രാവാക്യത്തിന് കേരളജനത നല്കിയ പിന്തുണ, തകർന്ന വീടുകളും പാലങ്ങളും പുനർനിർമ്മിക്കുന്നതിനുവേണ്ടി മാത്രമല്ല, എല്ലാ അർത്ഥത്തിലും പുതിയ കേരള സൃഷ്ടിക്കുവേണ്ടിക്കൂടിയാണ്. ചിന്തയിലും പ്രവൃത്തിയിലും പെരുമാറ്റത്തിലും അത് പ്രതിഫലിക്കണം. അഴിമതിവിരുദ്ധ കേരളം പോലെ, മാലിന്യവിമുക്ത കേരളം പോലെ, മദ്യവിമുക്ത കേരളവും നവകേരള നിർമ്മാണത്തിന്റെ ഭാഗമാകണം.

മദ്യമെന്ന മഹാവിപത്തിൽനിന്ന് രക്ഷനേടുന്നതിന് സർക്കാർ നടപടിയെ മാത്രം ആശ്രയിക്കുന്നത് പ്രശ്നപരിഹാരമാവുകയില്ല. ബോധവത്കരണ നടപടികൾ ഇടവകതലത്തിൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ശക്തിപകരാൻ കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെ യൂണിറ്റുകൾ നമ്മുടെ എല്ലാ ഇടവകകളിലും രൂപീകൃതമാകണം. കുടുംബങ്ങളിൽ മദ്യത്തിന്റെ ഉപയോഗം പൂർണമായും ഇല്ലാതാക്കാൻ ഇടവകകളും കുടുംബങ്ങളും ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. മദ്യത്തോടും ലഹരിവസ്തുക്കളോടും സന്ധിയില്ലാസമരം ചെയ്ത് കുടുംബങ്ങളെയും വ്യക്തികളെയും സംരക്ഷി

ക്കുവാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം. അങ്ങനെ മദ്യവും ലഹരിവസ്തുക്കളും ഇല്ലാത്ത ഒരു നവകേരള നിർമ്മിതിക്ക് നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം.

മിശിഹായിൽ സ്നേഹപൂർവം,


**ബിഷപ് മാർ റെമജിയൂസ് ഇഞ്ചനാനിയിൽ**

ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ

**ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ

**ബിഷപ് ക്രിസ്തുദാസ് ആർ**

വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയംപി.ഒ.സി., കൊച്ചി - 682 025


---

NB: 2019 മാർച്ച് മാസം 3-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ-മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിന്റെ സാരാംശം എല്ലാവർക്കും വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

ഓരോ ഇടവകയിലും സ്ഥാപനത്തിലും മദ്യവിരുദ്ധ ഞായർ ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം. മദ്യവിരുദ്ധ ഞായർ ദിനാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാകേന്ദ്രങ്ങളിൽ 2019ഏപ്രിൽ മാസം 30-ാം തീയതിക്ക് മുമ്പായി ഏല്പിക്കണം.

**Prot. No. 0127/2019**

# സർക്കുലർ

*സീറോമലബാർസഭയുടെമേജർആർച്ചുബിഷപ്പ് കർദിനാൾജോർജ്ആല ഞ്ചേരി തന്റെ സഹശുശ്രൂഷകരായമെത്രാപ്പോലീത്താമാർക്കും മെത്രാൻ മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാദൈവജനത്തിനും എഴുതുന്നത്.*

ഈശോയിൽഏറ്റവുംസ്നേഹമുള്ളസഹോദരീസഹോദരന്മാരേ,

സീറോമലബാർ സഭയുടെ 27-ാമത് സിനഡ് ജനുവരി 7-മുതൽ 18 വരെയുള്ള തീയതികളിൽ സഭയുടെ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ നടന്ന വിവരം നിങ്ങൾക്ക് അറിവുള്ളതാണല്ലോ. സിനഡിന്റെ വിജയത്തിനായി ഏറെ പരിത്യാഗങ്ങൾ അനുഷ്ഠിച്ച് പ്രാർത്ഥിച്ച എല്ലാവിശ്വാസികളെയും ഞാൻ നന്ദിയോടെ ഓർത്ത് ദൈവതിരുമുമ്പിൽ സമർപ്പിക്കുന്നു. സിനഡിൽ പങ്കെടുത്ത അമ്പത്തിയഞ്ച് പിതാക്കന്മാരും പരിശുദ്ധാത്മാവിന്റെ അഭിഷേക ത്തിനും ജ്ഞാനത്തിനുമായി സിനഡിനിടയിൽ ഉപവസിച്ചു പ്രാർത്ഥിച്ചു. സഭാകാര്യാലയമായ മൗണ്ട് സെന്റ് തോമസിലെ നിത്യാരാധനയിൽ ഈ ദിവസങ്ങളിൽ അഭിവന്ദ്യ പിതാക്കന്മാ രോടൊപ്പം സിനഡിന്റെ വിജയത്തിനായി മദ്ധ്യസ്ഥപ്രാർത്ഥന നടത്തിയ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

നമ്മുടെ സഭയെ സംബന്ധിക്കുന്ന ഒട്ടേറെ മേഖലകളിൽ ക്രിയാത്മ കമായ തീരുമാനങ്ങളും നടപടികളും ഈ സിനഡിലെ കൂട്ടായ ചർച്ചകളിലൂടെ രൂപപ്പെട്ടിട്ടുണ്ട്. മാറുന്ന കാലഘട്ടത്തിലെ സെമിനാരി പരിശീലനം, നമ്മുടെ കുർബാനക്രമം, അൽമായ പങ്കാളിത്തം, പ്രേഷിതാഭിമുഖ്യം, കാർഷികമേഖല, യുവജനങ്ങൾ, തുടങ്ങിയ മേഖലകളിൽ ആഴമേറിയ ചർച്ചകളും വിചിന്തനങ്ങളും സിനഡിൽ നടക്കുകയുണ്ടായി. ഇവയെ സംബന്ധിച്ചെടുത്ത കൂട്ടായ തീരുമാന ങ്ങളുടെ വിശദാംശങ്ങൾ നിങ്ങളെ ക്രമേണ അറിയിക്കുന്നതാണ്. സിനഡിന്റെ ചില സുപ്രധാന തീരുമാനങ്ങൾ നിങ്ങളെ അറിയിക്കണ മെന്ന് സിനഡുപിതാക്കന്മാർ ഏകമനസ്സോടെ അഭ്യർത്ഥിച്ചതിനാലാണ് ഈ സർക്കുലർ ഞാൻ നിങ്ങൾക്ക്എഴുതുന്നത്.

എറണാകുളം-അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിക്കുവാനും പരിഹരിക്കുവാനും പരിശുദ്ധ പിതാവ്

ഫ്രാൻസിസ് പാപ്പാ നിയോഗിച്ച അപ്പസ്തോലിക അഡ്മിനിസ്ട്രേറ്റർ ആയ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവ് പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നിലപാടുകൾക്കും നടപടികൾക്കും സിനഡ് പൂർണ പിന്തുണ അറിയിച്ചു. എറണാകുളം-അങ്കമാലി അതിരൂപത യുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ ക്കുറിച്ച് അതിരൂപതയിലെ മെത്രാന്മാരായ ഞങ്ങൾ നാലുപേരും ഈ ദിവസങ്ങളിൽ ഒരുമിച്ചിരുന്ന് വിശദമായ ചർച്ചനടത്തുകയും പ്രശ്നപരിഹാര ത്തിനുള്ള മാർഗങ്ങൾ പ്രാർത്ഥനാപൂർവം തേടുകയും ചെയ്തു. അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ നിയമിച്ച വിദഗ്ധസമിതിയുടെ റിപ്പോർട്ട് ലിക്കുന്നതോടെ വസ്തുതകളുടെ നിജസ്ഥിതി വ്യക്തമാകും. പ്രസ്തുത റിപ്പോർട്ട് റോമിലെ പൗരസ്ത്യ സഭകൾക്കുള്ള കാര്യാലയത്തിലാണ് അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ സമർപ്പി ക്കേണ്ടത്. അവിടെ നിന്ന് ലഭിക്കുന്ന നിർ ദേശങ്ങളുടെ അടിസ്ഥാന ത്തിൽ എല്ലാ പ്രശ്നങ്ങളും പൂർണമായും പരിഹരിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട പരസ്യപ്രസ്താവന കളിൽനിന്ന് എല്ലാവരും വിട്ടുനില്ക്കണമെന്നും സാമൂഹ്യസമ്പർക്ക മാധ്യമങ്ങളിലൂടെ ദുഷ്പ്രചരണങ്ങൾ നടത്തുന്നവർക്കെതിരേ ജാഗ്രത പാലിക്കണമെന്നും സിനഡ് നിർദ്ദേശിക്കുന്നു.

എറണാകുളം-അങ്കമാലി അതിരൂപതയ്ക്ക് സീറോമല ബാർസഭയി ലുള്ള ശ്രേഷ്ഠമായ പദവി സിനഡ് പ്രത്യേകം അനുസ്മരിച്ചു. അതിരൂപതയുടെ കൂട്ടായ്മയ്ക്കും പദവിക്കും ഹാനികരമായ തീരുമാനങ്ങൾ സിനഡിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന രീതിയി ലുള്ള വാർത്തകൾ ദുരുദ്ദേശപരവും അടിസ്ഥാനരഹിത വുമാണെന്ന് സിനഡ് അറിയിക്കുന്നു.

സഭയിലെ ബഹുഭൂരിപക്ഷം വൈദികരും സന്യസ്തരും തികഞ്ഞ അച്ചടക്കത്തോടെ വ്രതങ്ങൾ പാലിച്ച് ജീവിക്കുന്നുവെന്നതാണ് സഭയുടെ കരുത്ത്. എന്നാൽ, സമകാലിക സംഭവങ്ങളുമായി ബന്ധപ്പെട്ട് സഭയിലുണ്ടായ ചില അച്ചടക്കരാഹിത്യങ്ങൾ പരിഹരിക്കണമെന്ന് സിനഡ് വിലയിരുത്തി. ഇതിനായി സിനഡ് വ്യക്തമായ മാർഗരേഖ രൂപപ്പെടുത്തിയിട്ടുണ്ട്. വി.പൗലോസ് അപ്പസ്തോലൻ സൂചിപ്പിക്കുന്ന അരാജകത്വത്തിന്റെ അരൂപി (2തെസ 2:7) നമ്മുടെ സഭയിൽ വളരാ തിരിക്കുവാൻ സഭയൊന്നാകെ പരിശ്രമിക്കേണ്ടതുണ്ട്. സമീപകാലത്ത് ഏതാനും ചില വൈദികരും സന്യസ്തരും ഉൾപ്പെട്ട പരസ്യപ്രതി ഷേധങ്ങളും സമരങ്ങളും അച്ചടക്കത്തിന്റെ സകലസീമകളും

ലംഘിച്ചതായി സിനഡ് വിലയിരുത്തി. ചില വൈദികരും സന്യസ്തരുമെങ്കിലും സഭാവിരുദ്ധ ഗ്രൂപ്പുകളുടെ കൈകളിലെ പാവകളായോ സജീവ സഹകാരികളായോ മാറുന്നതായും സിനഡ് സംശയം രേഖപ്പെടുത്തി. സഭയിലെ അച്ചടക്കം പുനഃസ്ഥാപിക്കാൻ സിനഡ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സഭയിൽ ഗുരുതരമായ അച്ചടക്കലംഘനം നടത്തുന്ന വ്യക്തികൾക്ക് കാരണംകാണിക്കൽ നോട്ടീസ് നല്കണമെന്നും വിശദീകരണം തൃപ്തികരമല്ലെങ്കിൽ മാതൃകാപരമായ ശിക്ഷണനടപടി നിയമാനുസൃതം സ്വീകരിക്കണമെന്നും സിനഡ് ബന്ധപ്പെട്ട രൂപതാധ്യക്ഷൻമാർക്കും സന്യാസസമൂഹാധികാരികൾക്കും നിർദ്ദേശം നല്കി. അച്ചടക്കനടപടികളെ സഭാവിരുദ്ധഗ്രൂപ്പുകളുടെയും മാധ്യമങ്ങളുടെയും പിന്തുണയോടെ പ്രതിരോധിക്കാനുള്ള സമീപ കാല പ്രവണത അംഗീകരിക്കാനാവില്ല.

2. സഭയെയും സഭാദ്ധ്യക്ഷന്മാരെയും വൈദിക-സമർപ്പിത ജീവിത ത്തെയും കൂദാശകളെയും അധിക്ഷേപിക്കുകയെന്ന ലക്ഷ്യത്തോടെ അനുദിനമെന്നോണം വ്യാജ വാർത്തകൾ ചമയ്ക്കുന്ന ഓൺലൈൻ പത്രങ്ങൾ ഉൾപ്പെടെയുള്ള മാധ്യമങ്ങൾക്കെതിരെയും സഭാവിരുദ്ധമായ ചില നാമമാത്ര സംഘടനകൾക്കെതിരെയും ശക്തമായ നിയമനടപടി സ്വീകരിക്കുവാൻ സിനഡ് തീരുമാനിച്ചിട്ടുണ്ട്. സഭനിയോഗിക്കുന്ന ഔദ്യോഗിക വക്താക്കളോമീഡിയ കമ്മീഷനോ വഴിയല്ലാതെവരുന്ന സഭാസംബന്ധമായ വാർത്തകൾ സഭയുടെ ഔദ്യോഗിക നിലപാടു കളാണെന്ന് ആരും തെറ്റിദ്ധരിക്കരുത്.

3. ചാനൽചർച്ചകളിലും അഭിമുഖങ്ങളിലും വൈദികരും സന്യസ്തരും രൂപതാധ്യക്ഷന്റെയോ മേജർസുപ്പീരിയറുടെയോ അനുമതിയോടെ മാത്രമേ ഇനിമേൽ പങ്കെടുക്കാൻ പാടുള്ളൂ. സഭയുടെയും സഭാതലവന്റെയും പേരിൽ സംസാരിക്കാനും മാധ്യമങ്ങളിൽ അവരുടെ ഔദ്യോഗികവക്താക്കളാകാനും സഭാകേന്ദ്ര ത്തിൽനിന്ന് നിയോഗിക്കുന്നവരല്ലാതെ മറ്റാരെയും ചുമതലപ്പെ ടുത്തിയിട്ടില്ല എന്നവിവരം ഇത്തരുണത്തിൽ നിങ്ങളെ അറിയിക്കട്ടെ. ചാനൽചർച്ചകളിൽ സ്വന്തം നിലയിൽ പങ്കെടുക്കുന്ന വ്യക്തികളെ സഭയുടെ പ്രതിനിധികളായി തെറ്റിദ്ധരിപ്പിക്കുംവിധം വിശേഷിപ്പി ക്കുന്ന പ്രവണത പ്രതിഷേധാർഹമാണ്. മാധ്യമസംബ ന്ധമായ കാര്യങ്ങൾ ഏകീകരിച്ച് നടപ്പിലാക്കാൻ സിനഡ് ഒരുമീഡിയ കമ്മീഷനെയും നിയമിച്ചിട്ടുണ്ട്.

4. പൊതുസമരങ്ങൾക്കും വ്യവഹാരങ്ങൾക്കും ഇറങ്ങിപ്പുറപ്പെടുന്ന വൈദികരും സന്യസ്തരും ഇവയെസംബന്ധിച്ചുള്ള കാനോനിക നിയമങ്ങൾ പാലിക്കുവാൻ കടപ്പെട്ടിരിക്കുന്നു. ഇക്കാര്യത്തിൽ വരുത്തുന്ന വീഴ്ച അച്ചടക്കലംഘനമായി പരിഗണിക്കപ്പെടും. വൈദികരായോ സന്യസ്തരായോ തുടരുന്നകാലത്തോളം അവർ സഭയുടെ കാനോനികനിയമങ്ങളും അച്ചടക്കവും നിർബന്ധമായും പാലിക്കേണ്ടതാണ്.

5. സഭയിലെ ഏതെങ്കിലും ആശയത്തിന്റെപേരിലോ വ്യക്തിയുടെ പേരിലോ വിഭാഗീയത സൃഷ്ടിക്കുകയും ചേരിതിരിഞ്ഞ് ആരോപണങ്ങൾ ഉന്നയിക്കുകയും ചെയ്യുന്ന പ്രവണത മിശിഹായുടെ ശരീരമായ സഭയെ മുറിപ്പെടുത്തുന്നതാണ്. ഇത്തരം പ്രവണതകളെ ഗുരുതരമായ അച്ചടക്കലംഘനമായി കരുതി കർശനനടപടികൾ സ്വീകരിക്കാനും സിനഡ് തീരുമാനിച്ചു.

6. സഭാതനയർ കാലാകാലങ്ങളിൽ അദ്ധ്വാനിച്ചുണ്ടാക്കിയ സഭയുടെ വസ്തുവകകളും സ്ഥാപനങ്ങളും സർക്കാരിനെ ഏല്പിക്കണമെന്നു വാദിക്കുന്ന സംഘടനകളെയും സഭയിലെ സുതാര്യതയ്ക്കുവേണ്ടി എന്ന വ്യാജേന സഭാവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന സംഘടനകളെയും സിനഡ് പൂർണമായും തള്ളിക്കളയുന്നു. ഇവരുടെ പ്രവർത്തനങ്ങൾ സഭയിൽ വിഭാഗീയത വളർത്തുന്നതും സഭാഗാത്രത്തിൽ ആഴമായ മുറിവേല്പിക്കുന്നതുമായതിനാൽ ഇത്തരം സംഘടനകളുമായി സഭാവിശ്വാസികൾ യാതൊരുവിധത്തിലും സഹകരിക്കരുതെന്നും സിനഡ് ആഹ്വാനം ചെയ്യുന്നു. വ്യക്തിപരമായ കാരണങ്ങളാലോ തെറ്റിദ്ധരിപ്പിക്കപ്പെട്ടോ ചുരുക്കം ചിലവ്യക്തികൾ സ്വന്തം നിലയിൽ രൂപികരിക്കുന്ന സംഘടനകൾക്കും പ്രസ്ഥാനങ്ങൾക്കും സഭയുടെ ഔദ്യോഗികസംഘടനയും പ്രസ്ഥാനവുമാണെന്നു തോന്നിപ്പിക്കുന്ന പേരുകൾ നല്കി പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് സഭാവിരുദ്ധ പ്രവർത്തനം നടത്തുന്ന വ്യക്തികളെ സഭാമക്കൾ തിരിച്ചറിയുകയും അവരുടെ പ്രവർത്തനങ്ങൾക്കെതിരേ ജാഗ്രത പുലർത്തുകയുംവേണം.

തിരുസ്സഭ ഈശോമിശിഹായുടെ ശരീരമാകയാൽ സഭയുടെ കൂട്ടായ്മക്കുവേണ്ടി പരിശ്രമിക്കാൻ നമുക്കെല്ലാവർക്കും കടമയുണ്ടെന്ന് ഓർമിക്കണം. സഭയിലെ ഐക്യത്തിനായി നിങ്ങൾ എല്ലാവരും തുടർന്നും പ്രാർത്ഥിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. സഭയുടെ കെട്ടുറപ്പിന് അത്യന്താപേക്ഷിതമായ അച്ചടക്കം നിലനിറുത്താൻ

സിനഡ് കൈക്കൊണ്ട ഈ തീരുമാനങ്ങൾ എല്ലാ സഭാവിശ്വാസികളും തുറന്ന മനസ്സോടെ സ്വീകരിച്ച് നടപ്പിലാക്കണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു. കൂട്ടായ്മയുടെ അരൂപിയായ പരിശുദ്ധാത്മാവ് നമ്മെ നേർവഴിക്ക് നയിക്കട്ടെ. തിരുസഭയുടെ അമ്മയായ പരിശുദ്ധ കന്യാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർത്തോമാശ്ലീഹാ യുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാദ്ധ്യസ്ഥ്യം നമ്മെ സഹായിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,



കർദിനാൾ ജോർജ് ആലഞ്ചേരി
സീറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2019-ാ മാണ്ട് ജനുവരിമാസം 18 -ാം തീയതി നൽകപ്പെട്ടത്.




## 1. ബഹു. വൈദികരുടെ സ്ഥലംമാറ്റവും നിയമനവും (02-02-2019)

റവ. ഫാ. ജോർജ് കിഴുതറ അജപാലനം - ഫരീദാബാദ് രൂപത
,, ,, ജോസ് മുണ്ടയ്ക്കൽ വികാരി - ഏറ്റുപാറ

### അസിസ്റ്റന്റ് വികാരിമാർ

റവ. ഫാ. ആഞ്ഞിലിക്കൽ ജോ വിത്സൻ OSFS - പേരാവൂർ (2)
,, എടൂക്കുന്നേൽ ഏലിയാസ് - ഇരിട്ടി
,, എഴുപറയിൽ ജോസഫ് - വിശ്രമം
,, കടുക്കക്കുന്നേൽ ജോസഫ് CMI - പെരുമ്പുന്ന
,, കളപ്പുരയ്ക്കൽ വർഗീസ് - പാണത്തൂർ
,, കല്ലറയ്ക്കൽ ജോസഫ് O.Prem - പടുപ്പ്
,, കാഞ്ഞിരക്കുളം മത്തായി (മാണ്ഡ്യ) - എടൂർ (2)
,, കാരക്കാട്ട് കുര്യാക്കോസ് - മണിക്കടവ്
,, കാരുവേലിൽ ജോസ് MSFS - ഭീമനടി
,, കൊട്ടാരത്തിൽ ജോസഫ് - പേരാവൂർ
,, കുന്നത്ത് മാത്യു (മാണ്ഡ്യ) - തോമാപുരം (2)
,, കുന്നേൽ മാത്യു - ഉദയഗിരി
,, കുറിയേടത്ത് ജെറോം OFM (Conv.) - വിളക്കന്നൂർ
,, കുരൂർ വർഗീസ് CMI - പുലിക്കുരുമ്പ
,, കുഴുപ്പാത്തടത്തിൽ മാത്യു CSJBP - മണിക്കടവ് (2)
,, മണിയംകുളത്ത് എമ്മാനുവേൽ OSFS - മണ്ടളം
,, മേനപ്പാട്ടുപടിക്കൽ തോമസ് - കുന്നോത്ത്
,, മൂലയിൽ സെബാസ്റ്റ്യൻ MCBS - കിളിയന്തറ
,, മുക്കുഴി മാത്യു - പുളിങ്ങോം
,, മുഞ്ഞനാട്ട് ആന്റണി OCD - അങ്ങാടിക്കടവ്
,, മുട്ടുമണ്ണിൽ ഫിലിപ്പ് - വെള്ളാട്
,, ഓരത്തേൽ ജോസഫ് - പനത്തടി
,, പന്തലാനിക്കൽ തോമസ് - കരിക്കോട്ടക്കരി
,, പാറയടിയിൽ ജോർജ് CST - കൊളക്കാട്
,, പ്ലാവുനിൽക്കുംപറമ്പിൽ കുര്യാക്കോസ് - തളിപ്പറമ്പ്
,, പുലിയുറുമ്പിൽ ജോൺസൺ - എടൂർ
,, പുത്തൻവീട്ടിൽ മാത്യു (മാണ്ഡ്യ) - ആലക്കോട് (2)
,, തെക്കേടത്ത് സെബാസ്റ്റ്യൻ - കണിച്ചാർ

„ വടക്കേൽ സെബാസ്റ്റ്യൻ CMI - കടുമേനി
„ വയലിക്കോടത്ത് റോയി ഔസേപ്പ് (മാണ്ഡ്യ) - ചെമ്പന്തൊട്ടി (2)
„ വയലിൽ തോമസ് O.Prem - കാസർഗോഡ്

## 2. പുതിയ ഡയറക്ടറി

ഈ വർഷം പുതിയ അതിരൂപതാ ഡയറക്ടറി പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്നു. അതിനുള്ള ഡാറ്റാ സമാഹരിക്കുന്നതിനുള്ള ഫോം ഫെബ്രുവരി മാസത്തിൽ എല്ലാ ഇടവകകളിലേക്കും അയച്ചുതരുന്നതാണ്. അതിരൂപതാ ഡയറക്ടറിയിൽ പ്രസിദ്ധീകരിക്കുന്ന വിവരങ്ങളാണ് ഇടവകകളെക്കുറിച്ച് അതിരൂപതാതലത്തിലും സഭാതലത്തിലും ആഗോള കത്തോലിക്കാ സഭയുടെ തലത്തിലും ഔദ്യോഗികരേഖകളായി മാറുന്നത്. അതുകൊണ്ട് കുടുംബങ്ങളുടെ എണ്ണം, ഇടവകാംഗങ്ങളുടെ എണ്ണം തുടങ്ങിയവ ഏറ്റവും കൃത്യമായി സമാഹരിക്കുവാൻ ബഹു. വികാരിയച്ചന്മാർ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പാരീഷ് കൗൺസിൽ അംഗങ്ങളുടെയും കുടുംബകൂട്ടായ്മ ഭാരവാഹികളുടെയും സഹായത്തോടെ കൃത്യമായ കണക്കുകൾ സമാഹരിക്കണം. 2016 ലെ ഡയറക്ടറിയിലെ കണക്കുകൾ ജനനം, മരണം, വിവാഹം, ഇടവകമാറ്റം തുടങ്ങിയ കാരണങ്ങൾവഴി തീർച്ചയായും വ്യത്യാസപ്പെട്ടിട്ടുണ്ടാകും. അതുകൊണ്ട് പുതിയ കണക്കെടുപ്പ് നടത്തിത്തന്നെ ഫോം പൂരിപ്പിച്ച് നല്കണമെന്ന് അപേക്ഷിക്കുന്നു. മാർച്ച് 15 നു മുമ്പ് പൂരിപ്പിച്ച ഫോമുകൾ കൂരിയായിൽ എത്തിക്കണം.

## 3. പ്രെസ്ബിറ്ററൽ കൗൺസിൽ സമ്മേളനം

തലശ്ശേരി അതിരൂപതാ പ്രെസ്ബിറ്ററൽ കൗൺസിലിന്റെ (വൈദികസമിതി) ഒരു യോഗം 2019 ഫെബ്രുവരി 25-ാം തീയതി തിങ്കളാഴ്ച രാവിലെ 10 മണിക്ക് തലശ്ശേരി സന്ദേശഭവനിൽ വച്ച് ചേരുന്നതാണ്. എല്ലാ വൈദിക സമിതി അംഗങ്ങളും ഈ യോഗത്തിൽ സംബന്ധിക്കണമെന്ന് താത്പര്യപ്പെടുന്നു.

## 4. തിരുബാലസഖ്യ ഞായർ

ഈ വർഷം ഫെബ്രുവരി 10നാണ് തിരുബാലസഖ്യദിനം ആചരിക്കുന്നത്. ഉചിതമായ പരിപാടികളോടെ ആ ദിനം ആചരിക്കുവാൻ ശ്രദ്ധിക്കുമല്ലോ. അന്നേദിവസം വി. കുർബ്ബാന മധ്യേ എടുക്കുന്ന സ്തോത്രക്കാഴ്ച തിരുബാലസഖ്യ പ്രവർത്തനങ്ങളെ സഹായിക്കുവാനായി അതിരൂപതാകേന്ദ്രത്തിൽ എല്പിക്കേണ്ടതാണ്.

## 5. നന്ദിയും സ്വാഗതവും

തലശ്ശേരി അതിരൂപതയിൽ കൊളക്കാട്, പുളിങ്ങോം ഇടവകകളിൽ അസി. വികാരിയായി ഒരുവർഷം സേവനം ചെയ്തശേഷം മാതൃസന്ന്യാസ സമൂഹത്തിലേക്ക് തിരികെപോകുന്ന ഫാ. ജോസഫ് കിഴക്കേഭാഗം എം.സി.ബി.എസ്., കിളിയന്തറ അസി. വികാരിയായിരുന്ന ഫാ. ജോജി പെരുമ്പള്ളിക്കുന്നേൽ സി.എം.ഐ., വിളക്കന്നൂർ, മണിക്കടവ് പള്ളികളിൽ അസി. വികാരി

യായിരുന്ന ഫാ. ബിനു പുതുശ്ശേരി ഒപ്രേം എന്നിവർക്ക് തലശ്ശേരി അതിരൂപതയുടെ നന്ദിയും ഭാവുകങ്ങളും അറിയിക്കുന്നു.

തലശ്ശേരി അതിരൂപതയിൽ അസി. വികാരിമാരായി സേവനം ചെയ്യുന്നതിനായി വിവിധ സന്യാസസമൂഹങ്ങളിൽനിന്നും മാണ്ഡ്യരൂപതയിൽനിന്നും എത്തിയിരിക്കുന്ന ബഹു. വൈദികർക്ക് ഹൃദ്യമായ സ്വാഗതം.

## 6. സുപ്പീരിയേഴ്സ് സമ്മേളനം

തലശ്ശേരി അതിരൂപതയിലുള്ള സന്യാസി-സന്യാസിനീ സമൂഹങ്ങളിലെ സുപ്പീരിയേഴ്സിന്റെ ഒരു സമ്മേളനം 2019 മാർച്ച് 5-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിമുതൽ ഉച്ചക്ക് 1 മണിവരെ തലശ്ശേരി സന്ദേശഭവനിൽ വച്ച് ചേരുന്നതാണ്. ഈ യോഗത്തിൽ പങ്കെടുക്കേണ്ടവർ- തലശ്ശേരി അതിരൂപതയിൽ ഉള്ള സുപ്പീരിയർ ജനറൽമാർ, പ്രൊവിൻഷ്യൽ സുപ്പീരിയർമാർ, റീജണൽ സുപ്പീരിയർമാർ എന്നിവരും അവരുടെ ഒരു കൗൺസിലറും, ഈ അതിരൂപതയിൽ പ്രൊവിൻസോ, റീജണോ ഇല്ലാത്ത സന്യാസസമൂഹങ്ങളിൽനിന്നും ഒരു പ്രതിനിധി വീതവും. വിശദവിവരങ്ങൾ കത്തുമുഖേന അറിയിക്കുന്നതാണ്.

## 7. ആദരാഞ്ജലി

**1. ഫാ. ജോസഫ് കാളക്കുഴിൽ (84):** അവിഭക്ത തലശ്ശേരി രൂപതയിലെ വൈദികനായിരുന്ന ഫാ. ജോസഫ് കാളക്കുഴിയിൽ 2018 ഡിസംബർ 29 ന് നിര്യാതനായി. മേരിക്കുന്ന് ഗുഡ് ഷെപ്പേർഡ് പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു ജോസഫച്ചൻ. കോതമംഗലം രൂപതയിലെ വാഴക്കുളം ഇടവകയിൽ 1934 ഡിസംബർ 8 ന് ജനിച്ച അദ്ദേഹം 1967 ഡിസംബർ 19 ന് തിരുപ്പട്ടം സ്വീകരിച്ചു. മാനന്തവാടി രൂപതയിലെ പയ്യമ്പള്ളി ഇടവകയിൽ അസി. വികാരിയായും കണിയാംപറ്റ, പലാൻകര, തലശ്ശേരി അതിരൂപതയിലെ പുളിങ്ങോം, തടിക്കടവ്, പുറവയൽ, പൊന്മല, താമരശ്ശേരി രൂപതയിലെ നെന്മേനി, മഞ്ഞുവയൽ, നൂറാംതോട്, പൂഴിത്തോട്, പയ്യനാട്, കൽക്കുണ്ട്, വലിയകൊല്ലി, പൂതംപാറ എന്നീ ഇടവകകളിൽ വികാരിയായും സേവനം ചെയ്തിട്ടുണ്ട്. ഈരൂട് സെന്റ് ജോസഫ്സ് ദൈവാലയത്തിൽ വച്ച് നടന്ന മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് താമരശ്ശേരി രൂപതാധ്യക്ഷൻ മാർ റെമീജിയൂസ് ഇഞ്ചനാനി, തലശ്ശേരി അതിരൂപതയുടെ ആർച്ച് ബിഷപ് എമിരറ്റസ് മാർ ജോർജ് വലിയമറ്റം എന്നിവർ നേതൃത്വം നല്കി.



**1. ശ്രീമതി റോസമ്മ കോയിപ്പുറത്ത് (72):** ബഹു. ജോസഫ് കോയിപ്പുറം അച്ചന്റെ വത്സലമാതാവ് ശ്രീമതി റോസമ്മ കോയിപ്പുറത്ത് 2019 ജനുവരി 11-ന് നിര്യാതയായി. മൃതസംസ്കാരകർമ്മങ്ങൾ ജനുവരി 14-തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് എണ്ണപ്പാറ ഹോളിക്രോസ് ദൈവാലയത്തിൽ മോൺ. അലക്സ് താരാമംഗലം അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയ മാതാവിന്റെ നിര്യാണത്തിൽ ദുഃഖിതനായ ജിബി അച്ചനും കുടുംബാംഗങ്ങൾക്കും അനുശോചനം അറിയിക്കുകയും പരേതക്ക് നിത്യശാന്തി ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## 8. സ്നേഹസ്മൃതി

| | | |
|---|---|---|
| 1. | റവ. ഫാ. ജോസഫ് മഞ്ചുവള്ളിൽ | - 01-02-2016 |
| 2. | റവ. ഫാ. തോമസ് മറ്റപ്പള്ളിൽ | - 10-02-1987 |
| 3. | റവ. ഫാ. പോൾ കളപ്പുര | - 11-02-1998 |
| 4. | റവ. ഫാ. കുര്യൻ പാണ്ട്യാമ്മാക്കൽ | - 17-02-1973 |
| 5. | റവ. ഫാ. മാത്യു മണ്ണൂരാംപറമ്പിൽ | - 20-02-1983 |
| 6. | റവ. ഫാ. പോൾ വെട്ടിക്കനാക്കുടി | - 22-02-1960 |
| 7. | റവ. ഫാ. മാത്യു മുതിരചിന്തിയിൽ | - 24-02-2011 |
| 8. | റവ. ഫാ. മാത്യു മണ്ണുക്കുശുമ്പിൽ | - 25-02-1981 |
| 9. | റവ. ഫാ. ദൊസിത്തേവൂസ് ആനിത്തോട്ടം സിഎംഐ | - 25-02-1989 |
| 10. | റവ. ഫാ. ജോസഫ് പുത്തൻപുര | - 27-02-1998 |

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

## വൈദികർക്കായുള്ള ധ്യാനം

മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ 2019 ഫെബ്രുവരി 18 മുതൽ 22 വരെ വൈദികർക്കുവേണ്ടിയുള്ള ധ്യാനം നടക്കുന്നു. ധ്യാനത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഫെബ്രുവരി 10-ന് മുമ്പ് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ് ഫീസ് 800/-രൂപ

ഫോൺ: 9846148158

## പുതിയ പുസ്തകം

### കുടിയേറ്റത്തിന്റെ കാണാപ്പുറങ്ങൾ

**രചയിതാവ് : ഡോ. സെബാസ്റ്റ്യൻ ഐക്കര**

കരിക്കോട്ടക്കരിയിൽ പ്രവർത്തിക്കുന്ന ബിഷപ്പ് വള്ളോപ്പിള്ളി ഫൗണ്ടേഷൻ വിതരണം ചെയ്യുന്ന ഈ പുസ്തകം തലശ്ശേരി സന്ദേശഭവൻ ബുക്സ്റ്റോളിലും ലഭ്യമാണ്. പുസ്തകം ലഭിക്കാൻ 9400744565, 974488122, 9447415193 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

# സെമിനാരി വാർത്തകൾ

## 1. സെമിനാരിക്കാരുടെ അവധിക്കാല സേവനങ്ങൾ

വിവിധ മേജർ സെമിനാരികളിൽ നമ്മുടെ അതിരൂപതയ്ക്കുവേണ്ടി പഠിക്കുന്ന വൈദിക വിദ്യാർത്ഥികളുടെ അവധി മാർച്ച് മാസത്തിൽ തുടങ്ങുകയാണല്ലോ. കുട്ടികൾക്ക് ധ്യാനങ്ങൾ, ക്ലാസ്സുകൾ, സെമിനാറുകൾ, ക്യാമ്പുകൾ, ആത്മസ്ഥിതി തയ്യാറാക്കൽ etc. ഇവയെല്ലാം ചെയ്യുവാൻ നമ്മുടെ വൈദിക വിദ്യാർത്ഥികൾ അവധിക്കാലത്ത് സജ്ജരാണ്. ഇത്തരത്തിലുള്ള ശുശ്രൂഷകൾ ആവശ്യമുള്ള ഇടവകകൾ മുൻകൂട്ടി അറിയിക്കണമെന്നഭ്യർത്ഥിക്കുന്നു.

**2. ദൈവവിളി ക്യാമ്പുകൾ:** ദൈവവിളിയെ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഈ വർഷവും ദൈവവിളി ക്യാമ്പുകൾ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി നടത്തുന്നു. നമ്മുടെ സെമിനാരിയിലും മറ്റ് സെമിനാരികളിലും കോൺവെന്റുകളിലും ചേരുവാൻ ആഗ്രഹിക്കുന്ന എല്ലാ കുട്ടികളും നിർബന്ധമായും അതിരൂപതാ ദൈവവിളി ക്യാമ്പുകളിൽ സംബന്ധിക്കണം. നാല് സെന്ററുകളിലായി ആൺകുട്ടികൾക്കും ഒരു സെന്ററിൽ പെൺകുട്ടികൾക്കുമായി ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നു. ക്യാമ്പുകളിൽ കുട്ടികളെ പറഞ്ഞയയ്ക്കുവാൻ ബഹു.വികാരിയച്ചൻമാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## 3. ദൈവവിളി ക്യാമ്പുകളുടെ തീയതികളും സെന്ററുകളും

### a.റീജണൽ വൊക്കേഷൻ ക്യാമ്പുകൾ: ഏപ്രിൽ 7,8,9,10

| സ്ഥലങ്ങൾ: ആൺകുട്ടികൾക്ക് | പെൺകുട്ടികൾക്ക് |
|---|---|
| 1. പടന്നക്കാട് 2. പൈസക്കരി<br>3. കുന്നോത്ത് 4. തോമാപുരം | 1. മദർ ഹോം |

### b. സെലക്ഷൻ ക്യാമ്പ്: ഏപ്രിൽ 11-14

തലശ്ശേരി മൈനർ സെമിനാരിയിൽ ചേരുന്ന കുട്ടികൾക്കായുള്ള സെലക്ഷൻ ക്യാമ്പ് ഏപ്രിൽ 11,12,13,14 തീയതികളിൽ നമ്മുടെ മൈനർ സെമിനാരിയിൽ വച്ച് നടത്തുന്നു.

**പ്രത്യേക ശ്രദ്ധയ്ക്ക്:** നമ്മുടെ അതിരൂപതയ്ക്കുവേണ്ടി വൈദികനാകാൻ താല്പര്യമുള്ള അനുയോജ്യരായ കുട്ടികളെ കണ്ടെത്തി അവരുടെ പേരുവിവരങ്ങൾ വൊക്കേഷൻ പ്രൊമോട്ടറച്ചനെ അറിയിക്കണമെന്ന ബഹു. വൈദികരോട് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വയലുങ്കൽ**
വൊക്കേഷൻ പ്രൊമോട്ടർ 8547128523

**ഫാ. ജോർജ് കരോട്ട്**
റെക്ടർ 8304871142

# വിശ്വാസപരിശീലനം

> "ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).

## 1. പ്രതിഭാ സംഗമം

കാക്കനാട് മൗണ്ട് സെന്റ് തോമസിൽവച്ച് ഡിസംബർ 27-29 തീയതികളിൽ നടന്ന സീറോമലബാർ പ്രതിഭാ സംഗമത്തിൽ തലശ്ശേരി അതിരൂപതയിൽനിന്നും തദ്ദേവൂസ് വടക്കേടത്ത് (ആനറ), ജെയ്ജിത്ത് മാധവപ്പള്ളിൽ (ഉദയപുരം), എബിൻ മാറുകാട്ടുകുന്നേൽ (ചെട്ടിയാംപറമ്പ്), അന്ന കുന്നപ്പള്ളി (കിളിയന്തറ), ആൻമരിയ പള്ളുരുത്തിൽ (പുറവയൽ), എയ്ഞ്ചലീന ഓലിക്കപ്പള്ളത്ത് (കരുവൻചാൽ) എന്നീ കുട്ടികൾ പങ്കെടുത്തു. സംഗമത്തിൽ പങ്കെടുത്ത എല്ലാ പ്രതിഭകൾക്കും അഭിനന്ദനങ്ങൾ.

## 2. അഭിനന്ദനങ്ങൾ...

കാക്കനാട് മൗണ്ട് സെന്റ് തോമസിൽവച്ചു നടന്ന പ്രതിഭാസംഗമത്തിൽ കിളിയന്തറ ഇടവകാംഗമായ അന്ന (മിഥില) കുന്നപ്പള്ളി സംസ്ഥാന പ്രതിഭയായി തിരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാന തലത്തിൽ 10 കുട്ടികളാണ് പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ടത്. മിഥിലയ്ക്ക് വിശ്വാസപരിശീലന കുടുംബത്തിന്റെ സ്നേഹോഷ്മളമായ അഭിനന്ദനങ്ങൾ.

## 3. ഡിപ്ലോമ പരീക്ഷ - നന്ദി

ജനുവരി 26 ശനിയാഴ്ച നടന്ന ഡിപ്ലോമാ പരീക്ഷ വിജയകരമായി നടത്താൻ സഹായിച്ച എല്ലാ ബഹു. വികാരിയച്ചന്മാർക്കും, പ്രധാനാദ്ധ്യാപകർക്കും, സൂപ്പർവൈസർമാർക്കും ഹൃദയപൂർവ്വം നന്ദി.

## 4. അതിരൂപതാ മതബോധന കമ്മിറ്റി

2018-19 അധ്യയനവർഷത്തെ അതിരൂപതാ മതബോധന കമ്മിറ്റി അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ അധ്യക്ഷതയിൽ 2019 മാർച്ച് 1-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണിവരെ സന്ദേശഭവനിൽ വച്ച് ചേരുന്നു. ഓരോ സന്യാസസമൂഹത്തിന്റെയും പ്രൊവിൻഷ്യലും ബഹു. ഫൊറോന വികാരിയച്ചന്മാരും മേഖലാ പ്രസിഡന്റുമാരും മറ്റ് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരുമാണ് സംബന്ധിക്കേണ്ടത്.

## 5. ഫൊറോനാ പ്രസിഡന്റ് - സെക്രട്ടറിമാരുടെ സമ്മേളനം

ബഹു. ഫൊറോനാ പ്രസിഡന്റുമാരും സെക്രട്ടറിമാരും അതിരൂപതാ വിശ്വാസ പരിശീലന പ്രവർത്തനങ്ങൾക്ക് നല്കിക്കൊണ്ടിരിക്കുന്ന എല്ലാ

സേവനങ്ങളും നന്ദിയോടെ അനുസ്മരിക്കുന്നു. ഈ അദ്ധ്യയനവർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും അടുത്തവർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് പ്ലാൻ ചെയ്യാനുമായി ഫെബ്രുവരി 9ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് തളിപ്പറമ്പിൽ വച്ച് ഒരു മീറ്റിംഗ് നടത്തപ്പെടുന്നു. എല്ലാ ബഹു. ഫൊറോനാ പ്രസിഡന്റുമാരും സെക്രട്ടറിമാരും മീറ്റിംഗിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

## 6. അതിരൂപതാ സന്ദർശകരുടെ സമ്മേളനം

അതിരൂപതാ സൺഡേസ്കൂൾ സന്ദർശകരുടെ സമ്മേളനം മാർച്ച് 16ന് ശനിയാഴ്ച്ച രാവിലെ 10.30 മുതൽ 12.30 വരെ സന്ദേശഭവനിൽവച്ച് നടത്തപ്പെടുന്നു. ബന്ധപ്പെട്ടവർ റിപ്പോർട്ടുകൾ തയ്യാറാക്കികൊണ്ടുവരുമല്ലോ.

## 7. വിശ്വാസോത്സവം മാർച്ച് 31 – ഏപ്രിൽ 4

വിശ്വാസോത്സവം മാർച്ച് 31 മുതൽ ഏപ്രിൽ 4 വരെയാണ്. വിശ്വാസോത്സവ വർക്ക്ബുക്കിന്റെ ഓർഡർ ഫോം ഇനിയും തരാത്തവർ എത്രയും പെട്ടെന്ന് പൂരിപ്പിച്ച് ഓഫീസിലേക്ക് അയക്കേണ്ടതാണ്. വർക്കുബുക്കുകളുടെ വില മാർച്ച് മാസത്തെ ബുള്ളറ്റിനിൽ അറിയിക്കുന്നതായിരിക്കും.

## 8. വിശ്വാസോത്സവ ആൽബം

ഈ വർഷവും കുട്ടികൾ ഇടവകാതലത്തിൽ വിശ്വാസോത്സവ ആൽബം തയ്യാറാക്കേണ്ടതാണ്. അധ്യാപകർ കുട്ടികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നല്കി അവരെ ഒരുക്കുമല്ലോ. കൂടുതൽ വിവരങ്ങൾ മാർച്ച് മാസത്തിലെ ബുള്ളറ്റിനിൽ കൊടുക്കുന്നതായിരിക്കും.

**വിഷയം : പ്രളയകാലത്തെ സഭയുടെ പ്രവർത്തനങ്ങൾ**

## 9. വാർഷികപരീക്ഷ I-XI

അതിരൂപതാ മതബോധനകമ്മിറ്റിയുടെ തീരുമാനപ്രകാരം 1 മുതൽ 11 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ വാർഷിക പരീക്ഷ വിശ്വാസോത്സവത്തിനുശേഷം **ഏപ്രിൽ 7 ഞായറാഴ്ച്ച** ആയിരിക്കും.

## 10. സെമിനാർ (ആസ്പെക്ട്)

ജനുവരി 20, 27 തീയതികളിൽ '**സഭയും സുവിശേഷവത്കരണവും**' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തപ്പെട്ട സെമിനാറിൽ പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും, ക്ലാസുകൾ നയിച്ചവർക്കും, വിശ്വാസപരിശീലകരെ പറഞ്ഞയച്ച എല്ലാ ബഹു. വികാരിയച്ചന്മാർക്കും നന്ദി.

ജനുവരി 20, 27 തീയതികളിൽ നടന്ന സെമിനാറിൽ പങ്കെടുക്കാൻ സാധിക്കാതിരുന്ന എല്ലാവർക്കുമായി റീജണൽ തലത്തിൽ ഒരിക്കൽക്കൂടി ക്ലാസുകൾ സംഘടിപ്പിക്കുന്നു. എല്ലാവരും പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

| | | |
|---|---|---|
| ജനുവരി 3 | ഇരിട്ടി | 2-5 pm |
| ജനുവരി 3 | ആലക്കോട് | 2-5 pm |
| ജനുവരി 3 | പടന്നക്കാട് | 2-5 pm |

| | | |
|---|---|---|
| ജനുവരി 3 | തളിപ്പറമ്പ് | 2-5 pm |
| ജനുവരി 3 | മേരിഗിരി | 2-5 pm |

## 11. ആസ്പെക്ട് പരീക്ഷ

വിശ്വാസപരിശീലകർ പഠിക്കുന്ന 'സഭയും സുവിശേഷവൽകരണവും' എന്ന പുസ്തകത്തിന്റെ പരീക്ഷ **മാർച്ച് 24 ഞായറാഴ്ച്ച** ഉച്ചകഴിഞ്ഞ് 2.30-4.30 വരെയായിരിക്കും. 60 വയസിനു താഴെ പ്രായമുള്ള അദ്ധ്യാപകരെല്ലാവരും പരീക്ഷയാണ് എഴുതേണ്ടത്.

### മോഡൽ ചോദ്യങ്ങൾ

1. പ്രേഷിതദൗത്യത്തിന്റെ സുവിശേഷപശ്ചാത്തലം ചുരുക്കി വിവരിക്കുക? (പേജ് 12-19)
2. തോമാശ്ലീഹായുടെ ഭാരതപ്രേഷിതത്വത്തെക്കുറിച്ചുള്ള സഭാപിതാക്കന്മാരുടെ സാക്ഷ്യം വിശദമാക്കുക? (പേജ് 29-31)
3. തോമാശ്ലീഹായുടെ ഭാരതപ്രേഷിതത്വത്തെ സംബന്ധിച്ചുള്ള എതിർവാദങ്ങളും അതിന്റെ സത്യാവസ്ഥയും ചുരുക്കി പ്രതിപാദിക്കുക? (പേജ് 37-45)
4. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പൗരാണികഭരണസംവിധാനങ്ങളെപ്പറ്റി വിവരിക്കുക? (പേജ് 51-55)
5. മാർത്തോമ്മാ ക്രിസ്ത്യാനികളെ കൂനൻ കുരിശുസത്യത്തിലേക്കു നയിച്ചതിന്റെ കാരണങ്ങൾ എന്തെല്ലാമായിരുന്നു? (പേജ് 65-69)
6. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പ്രേഷിത തീക്ഷ്ണതയ്ക്കുള്ള കാരണങ്ങൾ ഏതെല്ലാമാണ്? വിശദമാക്കുക. (പേജ് 83-85)
7. കേരളത്തിനു വെളിയിലുള്ള സീറോമലബാർ രൂപതകളെക്കുറിച്ച് ചുരുക്കി വിവരിക്കുക? (പേജ് 88-96)
8. സീറോമലബാർ മിഷൻ രീതികൾ എപ്രകാരമാണെന്ന് വ്യക്തമാക്കുക? (പേജ് 102-104)
9. ഭാരതസഭയുടെ സാംസ്കാരിക രംഗത്തെ സംഭാവനകളെപ്പറ്റി വിവരിക്കുക? (പേജ് 106-112)
10. ഭാരതകത്തോലിക്കാസഭ വിദ്യാഭ്യാസരംഗത്ത് നല്കിയ സംഭാവനകൾ എന്തെല്ലാം? (പേജ് 119-122)
11. തമിഴ്നാട്ടിലെ പ്രേഷിതപ്രവർത്തനങ്ങളുടെ സവിശേഷതകൾ എന്തെല്ലാമാണ്? (പേജ് 127-129)
12. സീറോമലബാർ സഭ പ്രേഷിതപ്രവർത്തന മേഖലയിൽ നേരിടുന്ന വെല്ലുവിളികൾ ഏതെല്ലാമാണ്. വിശദമാക്കുക? (പേജ് 163-165)
13. സീറോമലബാർ സഭയുടെ ആരാധനക്രമത്തിന്റെ പ്രേഷിതാഭിമുഖ്യം വിശദമാക്കുക? (പേജ് 172-174)
14. പ്രേഷിതപരിശീലനത്തെയും പ്രേഷിതാദ്ധ്യാത്മികതയെയും സംബന്ധിച്ച് സീറോമലബാർ സഭയുടെ മാർഗ്ഗരേഖ എന്താണ് പറഞ്ഞിരിക്കുന്നത്? (പേജ് 175-179)

15. സീറോമലബാർ സഭയുടെ പ്രേഷിതപ്രവർത്തനമാർഗ്ഗരേഖയിലെ പ്രേഷിതദർശനങ്ങളെപ്പറ്റി വിവരിക്കുക? (പേജ് 179-183)
16. നവസുവിശേഷവത്ക്കരണമേഖലയിൽ സമകാലിക ലോകം നേരിടുന്ന വെല്ലുവിളികൾ ഏതെല്ലാമാണെന്നാണ് ഫ്രാൻസീസ് മാർപാപ്പ ചൂണ്ടികാട്ടുന്നത്? (പേജ് 192-197)
17. അജപാലകന്റെ പ്രസംഗിക്കാനുള്ള ഒരുക്കം എപ്രകാരമായിരിക്കണമെന്നാണ് ഫ്രാൻസീസ് മാർപാപ്പ പറയുന്നത്? (പേജ് 208-210)
18. ദരിദ്രരെ സമൂഹത്തിൽ ഉൾച്ചേർക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഫ്രാൻസീസ് മാർപാപ്പയുടെ കാഴ്ചപ്പാട് എന്താണ്? (പേജ് 213-216)
19. മറിയമാണ് സുവിശേഷവത്കരണത്തിന്റെ മാതാവ്. വിശദമാക്കുക? (പേജ് 222-224).

**നിർദ്ദേശങ്ങൾ**

1. പരീക്ഷയുടെ മാതൃക താഴെപ്പറയുംവിധമായിരിക്കും.
   a) പത്തു ചോദ്യങ്ങൾക്ക് ബ്രായ്ക്കറ്റിൽ നിന്നും ശരി ഉത്തരം തെരഞ്ഞെടുത്തെഴുതുക. (10x2=20)
   b) ഒന്നരപേജിൽ കവിയാതെ ഉത്തരമെഴുതേണ്ട നാല് ചോദ്യങ്ങൾ. (4x10=40)
   c) മൂന്നു പേജിൽ കവിയാതെ ഉത്തരമെഴുതേണ്ട 2 ചോദ്യങ്ങൾ. (2x20=40)
2. പരീക്ഷയ്ക്ക് Choice ഉണ്ടായിരിക്കുന്നതാണ്.
3. ടെക്സ്റ്റ് ബുക്കിൽ നിന്നുള്ള അൻപത് one word ചോദ്യങ്ങൾ വെബ് സൈറ്റിൽ ഫെബ്രുവരി 9 ശനിയാഴ്ച്ച പ്രസിദ്ധീകരിക്കുന്നതാണ്. അതിൽ നിന്നും 7 ചോദ്യങ്ങൾ പരീക്ഷയ്ക്ക് ഉണ്ടായിരിക്കും. ബാക്കിയുള്ള 3 ചോദ്യങ്ങൾ ടെക്സ്റ്റ് ബുക്കിൽ നിന്നും ചോദിക്കുന്നതാണ്.

## 12. ആസ്പെക്ട് - പ്രബന്ധം

60 വയസിൽ താഴെ പ്രായമുള്ളവർ എല്ലാവരും പരീക്ഷയാണ് എഴുതേണ്ടത്. മതിയായ കാരണങ്ങളാൽ അസൗകര്യമുള്ളവർക്ക് താഴെ കൊടുത്തിരിക്കുന്ന വിഷയത്തെ ആസ്പദമാക്കി പ്രബന്ധം എഴുതാവുന്നതാണ്. പ്രബന്ധം 15 പേജിൽ കുറയരുത്.

**വിഷയം: ഭാരതസഭയും സുവിശേഷവത്കരണവും**

## 13. സഭാവിജ്ഞാനീയ ക്വിസ്

അധ്യാപകർക്കു പഠിക്കാനുള്ള 'സഭയും സുവിശേഷവത്കരണവും' എന്ന പുസ്തകത്തെ ആസ്പദമാക്കിയുള്ള സഭാവിജ്ഞാനീയ ക്വിസ് **ഏപ്രിൽ 13ന്** തളിപ്പറമ്പ് ഇടവകയിൽവച്ച് രാവിലെ 10 മണിക്ക് നടത്തുന്നു. പങ്കെടുക്കുന്നവർ മാർച്ച് 17 നുള്ളിൽ ഓഫീസിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## 14. അവധിക്കാല വേദപാഠം ഏപ്രിൽ 26-29

സൺഡേസ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കുമാത്രമുള്ള അവധിക്കാല വിശ്വാസപരിശീലന ക്ലാസുകൾ ഏപ്രിൽ 26ന് രാവിലെ 9.30 മുതൽ 29-ാം തീയതി ഉച്ചക്ക് 1 മണിവരെ സന്ദേശ ഭവനിൽ വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ നിർബന്ധ മായും വിശ്വാസോത്സവത്തിൽ പങ്കെടുക്കേണ്ടതാണ്. കൂടാതെ ബഹു. വികാരിയച്ചന്റെ കത്ത്, പാഠപുസ്തകം, ബൈബിൾ, കുർബാന പുസ്തകം, പ്രോഗ്രസ് കാർഡ്, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടു വരേണ്ടതാണ്. 12-ാം ക്ലാസിലെ കുട്ടികൾ അസൈൻമെന്റ് എഴുതികൊണ്ടു വരേണ്ടതാണ്. ക്യാമ്പ് ഫീസ് 1000 രൂപയായിരിക്കും.

## 15. ഹെഡ്മാസ്റ്റേഴ്സ് റീജണൽ കൂട്ടായ്മ

2018-19 വർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരു ത്തുന്നതിനും വരുന്ന അധ്യയനവർഷത്തെക്കുറിച്ച് പ്ലാൻ ചെയ്യുന്നതിനുമായി മാർച്ച് മാസത്തിൽ ഹെഡ്മാസ്റ്റർമാരുടെ റീജണൽ കൂട്ടായ്മ നടത്തുവാൻ ആഗ്രഹിക്കുകയാണ്. എല്ലാ ഹെഡ്മാസ്റ്റർമാരും കൂട്ടായ്മയിൽ പങ്കെടുക്കു വാൻ ശ്രദ്ധിക്കുമല്ലോ. പ്രസ്തുത മീറ്റിംഗിൽ ഓഫീസിൽ അടയ്ക്കാനുള്ള വിവിധ തുകകൾ അടച്ച് സഹകരിക്കേണ്ടതാണ് (സ്റ്റുഡന്റ് ഫണ്ട്, ചോദ്യ പേപ്പർ, ഗിരിദീപം, വിശ്വാസോത്സവം, ആസ്പെക്ട് ടെക്സ്റ്റ് ബുക്ക്....).

| സ്ഥലം | തീയതി | സമയം | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|---|---|
| കാഞ്ഞങ്ങാട് | മാർച്ച് 2 ശനി | 09.00 am | കാഞ്ഞങ്ങാട്, പനത്തടി |
| തോമാപുരം | മാർച്ച് 2 ശനി | 02.30 pm | വെള്ളരിക്കുണ്ട്, തോമാപുരം, ചെറുപുഴ |
| ആലക്കോട് | മാർച്ച് 3 ഞായർ | 02.30 pm | ആലക്കോട്, മേരിഗിരി, തളിപ്പറമ്പ്, വായാട്ടുപറമ്പ് |
| ചെമ്പേരി | മാർച്ച് 4 തിങ്കൾ | 09.00 am | ചെമ്പേരി, ചെമ്പന്തൊട്ടി, പൈസക്കരി |
| ഇരിട്ടി | മാർച്ച് 4 തിങ്കൾ | 02.30 pm | നെല്ലിക്കാംപൊയിൽ, എടൂർ, കുന്നോത്ത്, പേരാവൂർ |

## 16. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2018-2019 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വില യിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം ആഗസ്റ്റ് മാസത്തിൽ ആരംഭിച്ചു. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതുകൂട്ടായ്മയിലും

സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതുമാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടേയും സാന്നിധ്യം ഉണ്ടായിരിക്കണം.** അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്. ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## 17. റവ. ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പ്

XII-ാം ക്ലാസ് കഴിഞ്ഞ കുട്ടികൾക്ക് ഉപരിപഠനാർത്ഥം ഏർപ്പെടുത്തിയിരിക്കുന്ന ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പിനുള്ള അപേക്ഷ ഏപ്രിൽ 10ന് മുമ്പ് ഓഫീസിൽ എത്തിക്കേണ്ടതാണ്. ഒരു ഇടവകയിൽനിന്ന് പരമാവധി രണ്ട് അപേക്ഷകളേ സ്വീകരിക്കുകയുള്ളൂ. ആദ്യം ലഭിക്കുന്ന ഇരുപത് അപേക്ഷകളാണ് പരിഗണിക്കുന്നത്.

## 18. ജൂബിലി

മതാധ്യാപനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരുടെയും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപകരുടെയും പേരും വീട്ടുപേരും ഫോട്ടോയും ഫോൺ നമ്പറും ഏപ്രിൽ 10ന് മുമ്പ് ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 19. ഹാജറിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേ സ്കൂളിൽവന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് വിശ്വാസപരിശീലന കേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ പേര് വിവരങ്ങൾ ഫോട്ടോ സഹിതം ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 10ന് മുമ്പായി ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്.

## 20. ഹാജറിന് വിശിഷ്ട സമ്മാനം അധ്യാപകർക്കും

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ തുടർച്ചയായി സൺഡേ സ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകർക്കും വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി അധ്യാപകരുടെ പേര് വിവരങ്ങൾ ഫോട്ടോ സഹിതം ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 10ന് മുമ്പായി ഓഫീസിൽ എത്തിക്കുമല്ലോ.

## 21. വിജയവീഥി - ഉപരിപഠന വഴികാട്ടി

സാൻജോസ് അക്കാഡമിയുടെ കരിയർ ഗൈഡൻസ്, വിവിധ എൻട്രൻസ് പരീക്ഷകൾ, നല്ല വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയെപ്പറ്റി വിശദമായി പ്രതിപാദിക്കുന്ന 'വിജയവീഥി - ഉപരിപഠന വഴികാട്ടി' എന്ന പുസ്തകം തയ്യാറായിട്ടുണ്ട്. എസ്.എസ്.എൽ.സി., പ്ലസ്ടു പഠനശേഷം സ്വീകരിക്കേണ്ട

പഠനസാധ്യതകൾ പരിചയപ്പെടുത്തുന്ന നല്ല പുസ്തകമാണിത്. X, XI, XII ക്ലാസ്സുകളിലെ കുട്ടികൾക്ക് ഇത് ഏറെ പ്രയോജനപ്രദമാണ്. നമ്മുടെ വിശ്വാസപരിശീലന ക്ലാസ്സുകളിലെ കുട്ടികൾ ഈ പുസ്തകം വാങ്ങി വായിക്കുവാൻ പ്രോത്സാഹിപ്പിക്കുമല്ലോ. പുസ്തകത്തിന്റെ വില 100 രൂപയാണ്. സൺഡേസ്കൂൾ കുട്ടികൾക്ക് പുസ്തകം 70 രൂപയ്ക്ക് ലഭ്യമാക്കുന്നതാണ്. ആവശ്യമുള്ള കോപ്പികളുടെ എണ്ണം ബഹു. ഹെഡ്മാസ്റ്റർമാർ ഓഫീസിൽ അറിയിക്കുമല്ലോ.

## 22. ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രമായ 'ഗിരിദീപം' എല്ലാ പ്രധാനാധ്യാപകർക്കും അയയ്ക്കുന്നുണ്ട്. അഡ്രസ്സ് മാറ്റേണ്ടവരും ഗിരിദീപം ലഭിക്കാത്തവരും ഓഫീസിൽ അറിയിക്കേണ്ടതാണ്. **എല്ലാ മാസത്തെയും ആദ്യത്തെ ഞായറാഴ്ചത്തെ സ്റ്റാഫ് മീറ്റിംഗിൽ** വിശ്വാസ പരിശീലനത്തെ സംബന്ധിച്ച് ഗിരിദീപത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ പ്രധാനാധ്യാപകൻ സ്റ്റാഫംഗങ്ങളെ അറിയിക്കുകയും ചർച്ചചെയ്യുകയും ചെയ്യേണ്ടതാണ്.

## 23. WhatsApp Group

തലശ്ശേരി അതിരൂപതയിലെ ഫൊറോന പ്രസിഡന്റുമാർക്കും, ഫൊറോനകളിലെ പ്രധാനാധ്യാപകർക്കും വാട്സ്ആപ്പ് ഗ്രൂപ്പുകൾ ആരംഭിച്ചിട്ടുണ്ട്. ആരുടെയെങ്കിലും പേരുകൾ വിട്ടുപോയിട്ടുണ്ടെങ്കിൽ അറിയിക്കണേ. ഇടവകയിൽ നിങ്ങൾ ചെയ്യുന്ന വിശ്വാസപരിശീലനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമേ ഈ ഗ്രൂപ്പിൽ പങ്കുവയ്ക്കാവൂ.

## 24. ദിയാകോണിയ കർമ്മ പദ്ധതി

ഫെബ്രുവരിമാസം **യുവജന** മാസമായി നാം ആചരിക്കുകയാണ്. സൺഡേസ്കൂൾ തലത്തിൽ ചെയ്യേണ്ട കർമ്മപദ്ധതികൾ:

1. യുവജന ശുശ്രൂഷാരംഗത്ത് ഇടവകയിൽ നേതൃത്വം നല്കുന്നവരെ അംഗീകരിക്കുക, ആദരിക്കുക.
2. യുവജന റാലി, സംഗമം എന്നിവയിൽ പങ്കാളികളാവുക.
3. യുവജനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക.

## 25. സ്മാർട്ട് കാറ്റക്കിസം വെബ് പോർട്ടൽ

വിശ്വാസപരിശീലന ക്ലാസുകളും പാഠ്യപദ്ധതിയും വിദ്യാർത്ഥികൾക്കും അധ്യാപകർക്കും കൂടുതൽ ആകർഷകവും ഫലപ്രദവുമാക്കുന്നതിനായി സ്മാർട്ട് കാറ്റക്കിസം പദ്ധതിയും വെബ് പോർട്ടലും സീറോ മലബാർ വിശ്വാസപരിശീലന കമ്മീഷൻ ആരംഭിച്ചിരിക്കുന്നു. ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിലെ പാഠഭാഗങ്ങൾ, പഠനസഹായികൾ, പവർ പോയിന്റ് പ്രസന്റേഷൻ, അനുബന്ധ പ്രവർത്തനങ്ങൾ etc. എന്നിവയുടെ ഡിജിറ്റൽ പതിപ്പുകൾ ഇനി www.smsmartcatechism.org എന്ന വെബ് പോർട്ടലിലൂടെ ലഭിക്കും. വിശദവിവരങ്ങൾ ഡിസംബർ മാസത്തെ ഗിരിദീപത്തിൽ ലഭ്യമാണ്.

## 26. വിവിധ കുടിശികകൾ

2018-2019 വർഷത്തെ കുട്ടികളുടെ ഫണ്ട്, ചോദ്യപേപ്പർ തുക, ഗിരിദീപം വരിസംഖ്യ എന്നിവ അടയ്ക്കാത്തവർ ഫെബ്രുവരി 20ന് മുമ്പായി അടച്ചു സഹകരിക്കുമല്ലോ. ഓഫീസിൽ അടയ്ക്കുവാനുള്ള തുകകൾ ബാങ്കുവഴി ട്രാൻസ്ഫർ ചെയ്യാൻ സാധിക്കും. അപ്രകാരം ചെയ്യുന്നവർ പണം അടച്ച തിനുശേഷം ഓഫീസിൽ വിളിച്ച് അറിയിക്കേണ്ടതാണ്. രസീത് അയച്ചുതരുന്നതാണ് (ഫോൺ: 0490 2344430). താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുകകൾ അയക്കേണ്ടത്.

A/c Holder : Department of Catechesis
A/c No : 0078053000073503, IFSC : SIBL 0000078
Bank : South Indian Bank, Thalassery

## 27. ആദരാഞ്ജലികൾ

ജനുവരി 2-ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട **പൈസക്കരി സൺഡേ സ്കൂൾ അധ്യാപകനായിരുന്ന ശ്രീ. ആന്റണി കുടക്കച്ചിറ** സാറിന്റെ കുടുംബാംഗങ്ങൾക്ക് വിശ്വാസ പരിശീലനകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. കഴിഞ്ഞ 33 വർഷക്കാലം വിശ്വാസപരിശീലകൻ എന്ന നിലയിൽ ചെയ്ത എല്ലാ ശുശ്രൂഷകളെയും നന്ദിയോടെ അനുസ്മരിക്കുന്നു. സാറിന്റെ ആത്മാവിന്റെ നിത്യശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം.

കാഞ്ഞങ്ങാട് ഫൊറോനാ പ്രസിഡന്റായ ശ്രീ. സണ്ണി കാട്ടുതറ സാറിന്റെ അമ്മ ശ്രീമതി ഏലിക്കുട്ടി വർഗ്ഗീസ് ജനുവരി 14ന് നിര്യാതയായി. സാറിനും കുടുംബാഗങ്ങൾക്കും വിശ്വാസപരിശീലന കുടുംബാംഗങ്ങളുടെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

## 28. ഡയറക്ടറച്ചൻമാരുടെ സന്ദർശനം

ഡയറക്ടറച്ചൻ പുന്നക്കുന്ന്, തടിക്കടവ്, ശ്രീകണ്ഠാപുരം, കൊട്ടൂർവയൽ, മണ്ടപം എന്നീ ഇടവകകളിലും അസി. ഡയറക്ടറച്ചൻ എടൂർ, തളിപ്പറമ്പ്, ബെഡൂർ, പുളിങ്ങോം എന്നീ ഇടവകകളിലും വി. കുർബ്ബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സുകളെടുക്കുകയും ചെയ്തു.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അസി. ഡയറക്ടർ

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ, 9447952958

# ബൈബിൾ അപ്പൊസ്റ്റോലേറ്റ് & ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. ലോഗോസ് ക്വിസ് 2018

ലോഗോസ് ക്വിസ് പരീക്ഷയുടെ സമ്മാനങ്ങൾ ഓരോ ഇടവകയിലും വിതരണം ചെയ്ത് കാണുമെന്ന് വിശ്വസിക്കുന്നു. ഓരോ വിഭാഗത്തിലും സമ്മാനം ലഭിച്ചവർക്കുള്ള സമ്മാനത്തുക അവരുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തു കഴിഞ്ഞു. ലഭിച്ച സർട്ടിഫിക്കറ്റുകളും സമ്മാനപുസ്തകങ്ങളും ഇടവകയിൽത്തന്നെ വിതരണം ചെയ്യുമല്ലോ.

## 2. ലോഗോസ് ബൈബിൾ ക്വിസ്: യുവജനങ്ങൾക്ക്

യുവജന വർഷത്തോടനുബന്ധിച്ച് അതിരൂപതാ തലത്തിൽ നടത്തിയ ലോഗോസ് യുവജന ബൈബിൾ ക്വിസ് ജനുവരി 5-ാം തിയ്യതി തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തപ്പെട്ടു. രൂപതാ ബൈബിൾ അപ്പൊസ്റ്റൊലേറ്റും അതിരൂപതാ കെ.സി.വൈ.എമ്മും സംയുക്തമായി സംഘടിപ്പിച്ച മത്സരത്തിന് ഫാ. സോണി വടശ്ശേരിയിൽ, ഫാ. ഫിലിപ്പ് കവിയിൽ, ഫാ. ജോൺ നൂറംമാക്കൽ, സി. ബിൻസി എസ്. എച്ച്, സി. സെലിൻ എസ്.എച്ച് എന്നിവർ നേതൃത്വം നൽകി.

### വിജയികൾ

1. പൈസക്കരി ഫൊറോന - ഡോണ ഷാജു ചേന്നാട്ട്
   അൻലിയ ലൗസൻ മുതിരക്കാല
2. വായാട്ടുപറമ്പ് ഫൊറോന - ബ്രിജിത്ത് കുരുവമ്മാക്കൽ
   എലിസബത്ത് പുത്തൻപുരക്കൽ
3. ആലക്കോട് ഫൊറോന - സാന്ദ്രാ ചാക്കോ രാമനാട്ട്
   അലീന ജിജോ മാപ്രകാവിൽ

## 3. ദൈവശാസ്ത്ര ഗവേഷണ വിദ്യാർത്ഥികൾക്കായുള്ള ഏകദിന സെമിനാർ

ദൈവശാസ്ത്രത്തിൽ ഗവേഷണം നടത്തുന്ന എല്ലാ വിദ്യാർത്ഥികൾക്കുമായി ഫെബ്രുവരി 16-ാം തിയ്യതി ശനിയാഴ്ച തലശ്ശേരിയിൽവച്ച് ഏകദിന സെമിനാർ നടത്തപ്പെടുന്നു. രാവിലെ 9.30 മുതൽ വൈകുന്നേരം 4.30 വരെയാണ് സെമിനാർ സമയം.

**4. ദൈവശാസ്ത്ര കോൺടാക്റ്റ് ക്ലാസ്സുകൾ**

ഈ മാസം നടക്കുന്ന ദൈവശാസ്ത്ര കോൺടാക്റ്റ് ക്ലാസ്സുകളുടെ സമയക്രമം ചുവടെ ചേർക്കുന്നു.

| തീയതി | സ്ഥലം | സമയം |
|---|---|---|
| ഫെബ്രു 3 | Aluva SD | 2.30-5.30 |
| ഫെബ്രു 9 | Bathany Convent, Bathery | 9.30-4.30 |
| ഫെബ്രു 9 | Nadavayal | 9.30-4.30 |
| ഫെബ്രു 12 | Kulathuvayal MSMI | 9.30-4.30 |
| ഫെബ്രു 16 | Venniyoor | 9.30-4.30 |
| ഫെബ്രു 22 | Dhoni | 9.30-4.30 |
| ഫെബ്രു 23 | Palakkad CMC | 9.30-4.30 |
| ഫെബ്രു 23 | Pala CMC | 9.30-4.30 |
| ഫെബ്രു 23 | Pala Chethimattom | 9.30-4.30 |

**5. ല്യൂമെൻ എക്ലേസിയ പരീക്ഷാ തിയ്യതികൾ**

ല്യൂമെൻ എക്ലേസിയ തിയോളജി പരീക്ഷ അതാത് സെന്ററുകളിൽവച്ച് നടത്തപ്പെടുന്നു

ഫെബ്രുവരി 3 : പ്രവാചകന്മാരുടെ പാതയിൽ
ഫെബ്രുവരി 24 : സാർവ്വത്രിക ലേഖനങ്ങൾ

സ്നേഹപൂർവ്വം,

**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചാ, സിസ്റ്റേഴ്സ്, കുഞ്ഞുമിഷനറിമാരെ,

പുതുവർഷപുലരിയിൽ തീക്ഷ്ണതയുടെ തീജ്വാല നമ്മെ കർമ്മോത്സുകരാക്കുമ്പോൾ ത്യാഗത്തിന്റെ സുന്ദരഭാവങ്ങളെ പുൽകി, നന്മയുടെ, സ്നേഹത്തിന്റെ, സേവനത്തിന്റെ വിത്തുകൾ വിതറി നമ്മുടെ പ്രവർത്തന മണ്ഡലങ്ങളിൽ നൂറുമേനി ഫലം വിളയിക്കുവാൻ കൊച്ചുകൂട്ടുകാർക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു... ആശംസിക്കുന്നു...

| | | |
|---|---|---|
| **അനുസ്മരിക്കുന്ന തിരുനാൾ:** | | വാ. റാണി മരിയയുടെ തിരുനാൾ |
| ,, **വിശുദ്ധ** | : | വി. ബ്രിജിറ്റ് |
| **പ്രാർത്ഥനാനിയോഗം** | : | യുവജനശുശ്രൂഷ നേതൃത്വത്തിന് വേണ്ടി |
| **വചനഭേരി** | : | പ്രഭാഷകൻ 35-38 അധ്യായങ്ങൾ മനഃപാഠമാക്കുക |
| **സുകൃതം** | : | 71 കരുണയുടെ ജപമാല |
| **ദിയാക്കോണിയ** | : | യുവത്വം ദൈവദാനം |

## ശാഖകൾ ശ്രദ്ധിക്കാൻ

10 ഞായർ : തിരുബാലസഖ്യദിനം

25 തിങ്കൾ : വാ. റാണി മരിയയുടെ തിരുനാൾ

## മേഖലകൾ ശ്രദ്ധിക്കാൻ

എക്സിക്യൂട്ടീവ്, അഗതിമന്ദിരസന്ദർശനം, യുവപ്രതിഭാപുരസ്ക്കാരം അപേക്ഷ അതിരൂപതയിൽ എത്തിക്കുക.

## എയ്ഞ്ചൽസ് മീറ്റ്

ഈ വർഷം ആദ്യകുർബാന സ്വീകരിക്കുന്ന കുട്ടികളെ മേഖലാതലത്തിൽ ഒരുമിച്ചുകൂട്ടി അഭിനന്ദിക്കുകയും ചെറുപുഷ്പമിഷൻലീഗ് സംഘടനയിലേക്കുള്ള ഔദ്യോഗിക പ്രവേശനം നൽകുകയും ചെയ്യുന്നതിനായി എല്ലാ മേഖലകളിലും എയ്ഞ്ചൽസ് മീറ്റ് നടത്തുവാൻ ബഹു. മേഖലാ ഡയറക്ടർ അച്ചന്മാർ ശ്രദ്ധിക്കുമല്ലോ. മെയ് ആദ്യ ആഴ്ചകളിൽ അഭിവന്ദ്യപിതാക്കന്മാരുടെ സൗകര്യത്തിനനുസരിച്ച് തീയതികൾ സെക്രട്ടറി അച്ചനെ വിളിച്ച് അതാത് മേഖലാ ഡയറക്ടർമാർ ഉറപ്പുവരുത്തുക.

## എം.റ്റി.സി. ക്യാമ്പ്

മേഖലകളിൽ ഇനിയും എം.റ്റി.സി. ക്യാമ്പ് നടത്താത്തവർ ഈ മാസം തന്നെ ക്യാമ്പ് നടത്തി അതിരൂപതാ ക്യാമ്പിലേയ്ക്കുള്ള 3 ആൺകുട്ടികളുടെയും 3 പെൺകുട്ടികളുടെയും പേര്, ഇടവക, ഫോൺ നമ്പർ എന്നിവ ഫെബ്രുവരി 28-ാം തീയതിക്കുള്ളിൽ അതിരൂപതാ ഓഫീസിൽ തരേണ്ടതാണ്. മേഖലകളിൽ ക്യാമ്പ് നടത്താതെ തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളെ അതിരൂപതാക്യാമ്പിൽ പങ്കെടുപ്പിക്കുന്നതല്ല. അതിരൂപതാ ക്യാമ്പ് താബോർ ശാഖയിൽവെച്ച് ഏപ്രിൽ 23ന് വൈകുന്നേരം ആരംഭിച്ച് 26ന് രാവിലെ സമാപിക്കുന്നതായിരിക്കും എന്ന കാര്യം ഓർമ്മിപ്പിക്കട്ടെ.

## യുവപ്രതിഭാ പുരസ്ക്കാരം

2018 ജൂൺ 1 മുതൽ ഡിസംബർ 31 വരെ ചെയ്ത പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി ഓരോ ശാഖയും ഒരു യുവപ്രതിഭയെ കണ്ടെത്തുക. മേഖലയിൽനിന്നും ഒന്നാംസ്ഥാനം ലഭിക്കുന്ന യുവപ്രതിഭയുടെ പ്രേഷിതപ്രവർത്തന ഡയറി ഫെബ്രുവരി 25ന് അതിരൂപതയിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## വചനഭേരി മെഗാ ക്വിസ്

സംസ്ഥാന സമിതി ഒരുക്കുന്ന വചനഭേരി മെഗാക്വിസ് 2019 മെയ് 12 ന് ഞായറാഴ്ച രാവിലെ 9.30ന് ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടത്തപ്പെടുന്നു എന്നകാര്യം ഓർമ്മിപ്പിക്കട്ടെ. ഏപ്രിൽമാസത്തിൽ അതിരൂപതാതലം വചനഭേരി മെഗാക്വിസ് നടത്തപ്പെടുന്നതാണ്. മാർച്ച് മാസത്തിൽ മേഖലകളിൽ മത്സരം നടത്തി ഏപ്രിൽ 1ന് മുമ്പ് ഒന്നാംസ്ഥാനം കിട്ടുന്ന ടീമിന്റെ പേരുകൾ അതിരൂപതയിൽ അറിയിക്കുമല്ലോ. വചനഭേരി മെഗാക്വിസ് നിബന്ധനകൾ

1. 10-15/ 16-25 പ്രായ പരിധിയിൽ രണ്ടുപേരടങ്ങുന്ന രണ്ട് ടീം വീതം ആൺപെൺ വ്യത്യാസമില്ലാതെ പങ്കെടുക്കാവുന്നതാണ്.
2. 8 റൗണ്ടുകളിലായി എഴുത്ത്, ഓഡിയോ വിഷ്വൽസ് രീതികളായിരിക്കും മത്സരം നടക്കുന്നത്.
3. അംഗത്വകാർഡ് മത്സരാർത്ഥികൾക്ക് നിർബന്ധമായിരിക്കും.
4. പ്രഭാഷകന്റെ 51 അധ്യായങ്ങളടങ്ങുന്ന വചനഭാഗമായിരിക്കും മത്സരവിഷയം.

## സംസ്ഥാനതല വാർഷിക ക്യാമ്പ്

സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ മെയ് 10,11,12 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽ വച്ച് മേഖലാഭാരവാഹികൾക്ക് നേതൃത്വ പരിശീലന ക്യാമ്പ് നടത്തപ്പെടുന്നു. 10 പേർക്കാണ് ഒരു രൂപതയിൽനിന്ന് പങ്കെടുക്കാൻ അവസരം ഉണ്ടായിരിക്കുക. മേഖലകളിൽനിന്നും ഭാരവാഹികളെ പങ്കെ

ടുപ്പിക്കുവാൻ ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 10 പേർക്കായിരിക്കും പങ്കെടുക്കുവാൻ അവസരം ഉണ്ടായിരിക്കുന്നത്.

## ദിയാക്കോണിയ

ഈ മാസം ശാഖാതലത്തിൽ ചെയ്യേണ്ടവ

1. യുവജന ശുശ്രൂഷാരംഗത്ത് ഇടവകയിൽ നേതൃത്വം നൽകുന്നവരെ ആദരിക്കുക.
2. യുവജന റാലി, സംഗമം എന്നിവയിൽ പങ്കാളികളാകുക.

## ബഹു. വൈസ് ഡയറക്ടർമാരുടെ ശ്രദ്ധയ്ക്ക്

- ❖ സംഘടനാപരമായ കുടിശ്ശികകൾ ഇനിയും അടയ്ക്കാനുള്ളവർ എത്രയുംവേഗം അടച്ച് തീർത്ത് സഹകരിക്കുമല്ലോ.
- ❖ അദിലാബാദ് മിഷൻ സഹായം നല്കാത്ത ശാഖകൾ ഈ മാസംത്തന്നെ നൽകുവാൻ ശ്രദ്ധിക്കുമല്ലോ.
- ❖ വിശ്വാസോത്സവത്തോടനുബന്ധിച്ച് 2019-20 വർഷത്തേയ്ക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തി ലിസ്റ്റ് ഓഫീസിൽ എത്തിക്കുമല്ലോ. (കൂടുതൽ വിവരങ്ങൾ കത്തിലൂടെ അറിയിക്കുന്നതായിരിക്കും)

## ഉണ്ണീശോയ്ക്കൊരു കട്ടിൽ-ഒരായിരം നന്ദിയോടെ...

അദിലാബാദിലെ കുഞ്ഞുകൂട്ടുകാർക്ക് കട്ടിൽ വാങ്ങാൻ ഹൃദയപൂർവ്വം സഹകരിച്ചുകൊണ്ടിരിക്കുന്ന എല്ലാ ശാഖകളോടും സുമനസ്സുകൾക്കും ഒരായിരം നന്ദി. വത്സല കുഞ്ഞുങ്ങളിലൂടെ ഇക്കാര്യത്തെ അതിരൂപതയിൽ അറിയിച്ച അഭിവന്ദ്യ ഞറളക്കാട്ട് പിതാവിന് ഒത്തിരി സ്നേഹത്തോടെ നന്ദി അറിയിക്കുന്നു. കൂടാതെ പത്ത് കട്ടിലുകൾ വീതം നൽകിയ കുട്ടാപറമ്പ്, വിളക്കന്നൂർ, ശാഖകൾക്കും ഒപ്പം മണിക്കടവ്, ചെടിക്കുളം, ഫാമിലി അപ്പസ്റ്റോലേറ്റ്, അമ്മംകുളം, ചെമ്പന്തൊട്ടി, പൂളക്കുറ്റി, കുളിനീർ, മാങ്ങോട്, നടുവിൽ കൊളക്കാട്, എന്നീ ശാഖകൾക്കും അതിരൂപതാകുടുംബത്തിന്റെ നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു... ബാക്കി ശാഖകളിൽനിന്നുള്ള തുക എത്രയുംവേഗം ഓഫീസിൽ എത്തിക്കുമല്ലോ.

## മേഖലാ സന്ദർശനങ്ങൾ

ഫെബ്രുവരി മാസത്തിൽ അതിരൂപതാടീം എല്ലാ മേഖലകളും സന്ദർശിക്കുന്നതായിരിക്കും എന്ന് ഓർമ്മിപ്പിക്കുന്നു. മേഖലകളിൽ വരുന്ന തീയതികൾ അറിയിക്കുന്നതായിരിക്കും. മേഖലകളിൽ എല്ലാ റെക്കോഡുകളും കൃത്യമായി എഴുതി വയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## പ്രേഷിതവാരം

അതിരൂപതാതലം പ്രേഷിതവാരം 6-ാം തീയതി ഞായറാഴ്ച ചെമ്പന്തൊട്ടി ശാഖയിൽ നടത്തി. ചെമ്പന്തൊട്ടി ഫൊറോനവികാരി ഫാ. ജോസഫ് മാണിക്കത്താഴെ നിലവിളക്ക് തെളിച്ച് പ്രേഷിതവാരം ഉദ്ഘാടനം ചെയ്തു.

പ്രേഷിതവാര പ്രവർത്തനങ്ങൾ നടത്താൻ നേതൃത്വം നല്കിയ എല്ലാ വികാരിയച്ചന്മാർക്കും സിസ്റ്റേഴ്സിനും മിഷനറിമാർക്കും നന്ദി അറിയിക്കുന്നു.

## ഉണർവ്: എം.ടി.സി. ക്യാമ്പ്

ഡിസംബർ 28, 29 തീയതികളിൽ കരുണാപുരം ഹെറാൾഡ്സ് ഓഫ് ഗുഡ്ന്യൂസ് സെമിനാരിയിൽ വച്ച് 2016-17,2017-18 വർഷങ്ങളിൽ അതിരൂപതാതലത്തിൽ സംഗമം നടത്തി. അതിരൂപതാ പ്രസിഡന്റ് ശ്രീ. ബേബി പ്ലാശ്ശേരിയുടെ അധ്യക്ഷതയിൽ ചേർന്ന മീറ്റിംഗ് വായാട്ടുപറമ്പ് ഫൊറോന വികാരി ഫാ. കുര്യാക്കോസ് കളരിക്കൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ, ഫാ. ജോൺസൺ, എന്നിവർ ആശംസകളർപ്പിച്ചു. വായാട്ടുപറമ്പ് മേഖലാ ഡയറക്ടർ ഫാ. ജോൺപോൾ പൂവത്താനിക്കൽ സ്വാഗതവും, അതിരൂപതാ ജനറൽ ഓർഗനൈസർ ശ്രീ ബിജു മണ്ണനാൽ നന്ദിയും അറിയിച്ചു. 30 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. ക്യാമ്പിന് വേണ്ട സഹായം ചെയ്തുതന്ന സെമിനാരി റെക്ടറച്ചനും സ്റ്റാഫ് അംഗങ്ങൾക്കും സിസ്റ്റേഴ്സിനും ചെറുപുഷ്പമിഷൻലീഗ് വായാട്ടുപറമ്പ മേഖല -കരുണാപുരം ശാഖാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ പ്രത്യേകം നന്ദി.

## ബൈബിൾ ഞായർ

ഡിസംബർ 30-ാം തീയതി ബൈബിൾ ഞായർ അതിരൂപതാതല ആഘോഷം കൊട്ടോടി ഇടവകയിൽ വെച്ച് നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ ആഘോഷമായ ദിവ്യബലിയർപ്പിച്ച് കുട്ടികൾക്ക് സന്ദേശം നൽകി. അതോടൊപ്പം ബൈബിൾ പ്രതിഷ്ഠയും, നടത്തി.

## ക്രിസ്കാർഡ് മത്സരവിജയികൾ

I മരിയ എഴുപറയിൽ (ചാവറഗിരി)
II ആൻമേരി കൈതപ്പറമ്പിൽ (ഒറ്റത്തൈ)
III ആൻമരിയ മാത്യു ശാസ്താംപടവിൽ (ബാലേശുഗിരി)

## ക്ലിക്ക് ഷോട്ട് വിജയികൾ

I കുട്ടാപറമ്പ് ശാഖ
II പേരാവൂർ ശാഖ
III നെല്ലിക്കാംപൊയിൽ & കണിച്ചാർ ശാഖ

## പൂമ്പാറ്റ വിജയികൾ

I പേരാവൂർ ശാഖ
II കുട്ടാപറമ്പ് ശാഖ
III ചെമ്പേരി & കണിച്ചാർ ശാഖ

പ്രോത്സാഹന സമ്മാനത്തിനർഹരായവർ-ഏറ്റുപാറ, പൈസക്കരി, മണിക്കടവ്, കുളിനീർ, ചീമേനി

## മിഷൻപച്ചക്കറിത്തോട്ടം വിജയികൾ

മിഷൻലീഗിന്റെ നേതൃത്വത്തിൽ ശാഖകളിൽ നടത്തിയ മിഷൻപച്ചക്കറിത്തോട്ടം മത്സരത്തിൽ വിജയികളായവർ.

I തയ്യേനി ശാഖ
II ബളാൽ ശാഖ
III രാജമുടി ശാഖ

| | | |
|---|---|---|
| ഗോൾഡൻ സ്റ്റാറിന് അർഹരായവർ | : | ചാവറഗിരി, ചൂരപ്പടവ്, ഉദയഗിരി, ചെടിക്കുളം, ഏറ്റുപാറ, ചെമ്പേരി, കണിച്ചാർ |
| സിൽവർ സ്റ്റാറിന് അർഹരായവർ | : | ദീപഗിരി, മാവുംചാൽ |
| പ്രോത്സാഹനസമ്മാനങ്ങൾ | : | കുട്ടാപറമ്പ്, അരിവിളഞ്ഞപോയിൽ, ആലക്കോട്, വിളക്കന്നൂർ, പൈസക്കരി, വെമ്പുവ, പയ്യാവൂർ, തോമാപുരം, ആയന്നൂർ, വിളമന |

## ദി ലീഡർ (നേതൃത്വപരിശീലന ശില്പശാല)

2018 മെയ് 8-11 വരെ തലശ്ശേരി സന്ദേശഭവനിലും മെയ് 15-18 വരെ പടന്നക്കാട് പാസ്റ്ററൽ സെന്ററിലും വെച്ച് അതിരൂപതയിലെ മതബോധന വിദ്യാർത്ഥികളെയും ചെറുപുഷ്പമിഷൻലീഗ് പ്രവർത്തകരെയുമാണ് ഇതിലേക്ക് പ്രതീക്ഷിക്കുന്നത്. ആറാം ക്ലാസ്സ് മുതൽ പത്താംക്ലാസ്സ് വരെ പഠിക്കുന്ന ആദ്യം പേരു നല്കുന്ന 80 കുട്ടികൾക്കായി സാൻജോസ് അക്കാഡമിയും ചെറുപുഷ്പ മിഷൻലീഗും ചേർന്ന് നേതൃത്വ പരിശീലന ശില്പശാല നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 900 രൂപ. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ താഴെക്കൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടുവാൻ ശ്രദ്ധിക്കുമല്ലോ.

സാൻജോസ് അക്കാഡമി ഫോൺ : 9496850441, 8281750777
മിഷൻലീഗ് ഓഫീസ് ഫോൺ : 8281255847, 9496900845

## ക്രിസ്റ്റീൻ ധ്യാനം

5 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി മിഷൻലീഗിന്റെയും ക്രിസ്റ്റിൻ ടീമിന്റെയും സഹകരണത്തോടെ അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേലിന്റെ നേതൃത്വത്തിൽ ഏപ്രിൽ 8-12 വരെയും, മെയ് 20-24 വരെയും പരിയാരം മദർഹോമിൽ വച്ച് ക്രിസ്റ്റീൻ ധ്യാനം നടത്തപ്പെടുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അതിരൂപതാ മിഷൻലീഗ് ഓഫീസുമായി ബന്ധപ്പെടുമല്ലോ.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരേ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഫെബ്രുവരി 10-ാം തീയതി ഞായറാഴ്ച തിരുബാലസഖ്യദിനമായി നാം ആചരിക്കുകയാണല്ലോ. ഇന്നത്തെ കുഞ്ഞുങ്ങളാണ് നാളെയുടെ വാഗ്ദാനങ്ങൾ. നമ്മുടെ കുഞ്ഞുമക്കളെ വിശുദ്ധിയിലും ദൈവഭക്തിയിലും വളർത്തിക്കൊണ്ടുവരുവാൻ നമുക്കൊരുമിച്ച് പരിശ്രമിക്കാം ഉണ്ണീശോയുടെ എല്ലാ പ്രിയകൂട്ടുകാർക്കും തിരുബാലസഖ്യദിനത്തിന്റെ ആശംസകൾ...

## 'നിങ്ങൾക്കറിയാമോ'? ഫെബ്രുവരി മാസത്തെ വിജയികൾ

| | | | |
|---|---|---|---|
| I | അൽഫോൻസ് പുതുവാക്കര | - | വെള്ളാട് |
| II | ആൽവിൻ സാജു | - | കുട്ടാപറമ്പ് |
| III | സോണി പാലക്കുടിയിൽ | - | അൽഫോൻസാഗിരി |

## 'നിറം കൊടുക്കാമോ' വിജയികൾ

| | | | |
|---|---|---|---|
| I | അൽഫോൻസ ചെട്ടിയാകുന്നേൽ | - | വിമലശ്ശേരി |
| II | എഡ്വിൻ | - | മാവുഞ്ചാൽ |
| III | ആൽബിൻ വിനോദ് | - | വിമലശ്ശേരി |

## തിരുബാലസഖ്യദിനം

ഫെബ്രുവരി 10-ാം തീയതി ഞായറാഴ്ച തിരുബാലസഖ്യദിനം ശാഖകളിൽ സമുചിതമായി ആഘോഷിക്കുമല്ലോ. ജൂബിലി വർഷത്തോടനുബന്ധിച്ച് സംഘടനയെക്കുറിച്ച് കുട്ടികൾക്ക് അറിവ് ലഭിക്കത്തക്കവിധം മീറ്റിംഗുകളും കലാപരിപാടികളും റാലിയും മറ്റുംസംഘടിപ്പിച്ച് ഈ ദിനത്തിന്റെ പ്രാധാന്യം കുട്ടികൾക്ക് ബോധ്യപ്പെടുത്തികൊടുക്കുമല്ലോ. അതിരൂപതാതലം തിരുബാലസഖ്യദിനം ഒറ്റത്തൈശാഖയിൽ വെച്ച് നടത്തപ്പെടുന്നു.

## ക്രിസ്കാർഡ് മത്സരവിജയികൾ

| | | | |
|---|---|---|---|
| I | സെബാസ്റ്റ്യൻ മൈലാടൂർ | - | പാണത്തൂർ |
| II | അഡോൺ കൈച്ചിറമറ്റത്തിൽ | - | കോട്ടൂർവയൽ |
| III | മാത്യു തുരുത്തേൽ | - | ആലക്കോട് |

**ഫാ. ജോർജ് നരിപ്പാറ പൗരോഹിത്യ സുവർണ്ണജൂബിലി എൻഡോവ്മെന്റ് ജേതാക്കൾ**

തിരുബാലസഖ്യം അതിരൂപതാകലോത്സവത്തിൽ പ്രസംഗമത്സരത്തിൽ ഒന്നാംസ്ഥാനം പൗരോഹിത്യ സുവർണ്ണജൂബിലി എൻഡോവ്മെന്റിന് മാമ്പോയിൽ ശാഖയിലെ ജോർജ് മുളയന്നൂർ, ഉദയഗിരി ശാഖയിലെ ദിയ എലിസബത്ത് കുളത്തിനാൽ എന്നിവർ അർഹരായി.

**അതിരൂപതാ കലോത്സവ വിജയികൾ**

തിരുബാലസഖ്യം അതിരൂപതാ കലോത്സവം എയ്ഞ്ചൽസ് ഫെസ്റ്റ് 2019 ജനുവരി 12-ാം തീയതി ചെമ്പേരി നിർമ്മല ഹയർസെക്കന്ററി സ്കൂളിൽ വച്ച് നടന്നു. രാവിലെ 9.45ന് ചെമ്പേരി ഫൊറോന വികാരി ഫാ. ജോർജ് കാഞ്ഞിരക്കാട്ട് കലോത്സവം ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ശ്രീ ബേബി പ്ലാശ്ശേരി അധ്യക്ഷനായിരുന്ന കലോത്സവത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ മുഖ്യപ്രഭാഷണം നടത്തി.

അതിരൂപതാകലോത്സവത്തിൽ ആലക്കോട്, നെല്ലിക്കാംപൊയിൽ, കുന്നോത്ത് മേഖലകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. കൂടാതെ ലഘു നാടകമത്സരത്തിൽ മികച്ച അഭിനേതാവായി ഒറ്റത്തൈയിലെ എബിൻ ജോമി വട്ടക്കുഴിയെയും, മികച്ച അഭിനേത്രിയായി പടുപ്പ് ശാഖയിലെ എയ്ഞ്ചല ബാബു വടക്കേത്തടത്തിലിനെയും തെരഞ്ഞെടുത്തു. 16 ഫൊറോനകളിൽനിന്നുമായി 510 കലാപ്രതിഭകൾ പങ്കെടുത്തു. മത്സരത്തിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും കുട്ടികളെ പഠിപ്പിച്ചൊരുക്കിയ വൈസ്ഡയറക്ടേഴ്സിനും പ്രത്യേകം നന്ദി... അതോടൊപ്പം കലോത്സവത്തിനുവേണ്ട സഹായങ്ങൾ ചെയ്തുതന്ന ചെമ്പേരി മേഖലയിലെയും ശാഖയിലെയും ഡയറകടറച്ചന്മാർക്കും ടീം അംഗങ്ങൾക്കും അതിരൂപതാകുടുംബത്തിന്റെ നന്ദി.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

## യുവജനങ്ങൾ ക്രിസ്തുവിനോടൊപ്പം
## തിരുസഭയോടൊപ്പം സമൂഹത്തോടൊപ്പം

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,

### തീരം 2k19

2019 ഫെബ്രുവരി 15,16,17 തീയതികളിലായി തലശ്ശേരിയിൽവച്ച് തീരം 2 k19 ത്രിദിന ക്യാമ്പ് നടത്തപ്പെടുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് അവസരം ഉണ്ടായിരിക്കുക. രജിസ്ട്രേഷൻ ഫീസ് 250 രൂപ. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക.

### ക്രിസ്തുമസ് ആഘോഷം

തലശ്ശേരി അതിരൂപതാ കെ.സി.വൈ എമ്മിന്റെ നേതൃത്വത്തിൽ തലശ്ശേരി എസ് ഡി സിസ്റ്റേഴ്സ് നടത്തുന്ന സമരിറ്റൻ ഭവനത്തിൽ വച്ച് ക്രിസ്തുമസ് ആഘോഷം നടത്തി. ശ്രീ. നിധിൻ നെടുംകണ്ടത്തിലിന്റെ നേതൃത്വത്തിൽ പുൽക്കുട് നിർമ്മിച്ചു. തുടർന്ന് വിവിധ കലാപരിപാടികളോടെ യുവജനങ്ങളും, സന്ദേശഭവൻ സ്റ്റാഫ് അംഗങ്ങളും, അന്തേവാസികളും ചേർന്ന് ക്രിസ്മസ് സന്ധ്യ മനോഹരമാക്കി. അതിരൂപത ഡയറക്ടർ ഫാ. സോണി വടശ്ശേരിയുടെ നേതൃത്വത്തിൽ നടത്തിയ പ്രോഗ്രാമിൽ അഗതിമന്ദിരത്തിലെ ഏറ്റവും പ്രായം കൂടിയ ദാമോദരനും, അന്നമ്മയും ചേർന്ന് കേക്ക് മുറിച്ച് സന്തോഷം പങ്കുവച്ചു. അതിരൂപത മതബോധന ഡയറക്ടർ റവ. ഫാ സിജു വെണ്ണായിപ്പള്ളിൽ ക്രിസ്തുമസ് സന്ദേശം നൽകി. പ്രിയപ്പെട്ട അന്തേവാസികൾക്കൊപ്പം ക്രിസ്തുമസ് സന്ദേശം പങ്കുവയ്ക്കാനെത്തിയ എല്ലാ സുമനസുകൾക്കും തലശ്ശേരി അതിരൂപതയുടെ നന്ദി.

### ബത്‌ലഹേം യങ്ങ് മീറ്റ്

തലശ്ശേരി അതിരൂപത കെ സി വൈ എം, എസ് എം വൈ എം ന്റെ ആഭിമുഖ്യത്തിൽ നമ്മുടെ ഇടവകയിലെ യുവജനങ്ങളെ ഒരുമിച്ചുകൂട്ടുക എന്ന ലക്ഷ്യത്തോടെ ക്രിസ്തുമസ് അവധികാലത്ത് നടത്തിക്കൊണ്ടിരിക്കുന്ന ബത്‌ലഹേം യങ്ങ് മീറ്റ് ഡിസംബർ 24,26 തീയതികളിലായിനടത്തി യുവജനകൂട്ടായ്മ വളർത്തിയ എല്ലാ ഇടവകകൾക്കും തലശ്ശേരി അതിരൂപതയുടെ നന്ദി.

### കാസർഗോഡ് റീജിയണൽ യൂത്ത് സംഗമം (KRYM)

ഡിസംബർ 26-ാം തിയതി 2.30 ന് കാസർഗോഡ് റീജിയണൽ യൂത്ത് സംഗമം റാലിയോടെ ആരംഭിച്ചു. നാലു ഫൊറോനകളിൽ നിന്നുമായി

അനേകം യുവജനങ്ങൾ റാലിയിൽ പങ്കുചേർന്നു. റാലിയെ തുടർന്നു നടന്ന പൊതുസമ്മേളനം തലശ്ശേരി അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. കെ സി ബി സി യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ജോസഫ് മാർ തോമസ് പിതാവ്, വികാരി ജനറാൾ മോൺ. ജോർജ് എളൂക്കുന്നേൽ, ഐ സി വൈ എം ഡയറക്ടർ റവ. ഫാ ദീപക്, അതിരൂപത ഡയറക്ടർ ഫാ. സോണി വടശ്ശേരിൽ എന്നിവർ വിശിഷ്ട അതിഥികളായിരുന്നു. നാലു ഫൊറോനകളുടെയും ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, പ്രസിഡന്റുമാർ എന്നിവർ നേതൃത്വം നൽകി. വിവിധ ഫൊറോനകളിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു. കാസർഗോഡ് റീജിയണ് പ്രത്യേകം അഭിനന്ദനങ്ങൾ.

## ARMY നെല്ലിക്കാംപൊയിൽ

തലശ്ശേരി അതിരൂപത യുവജന കൺവെൻഷൻ ആർമി ഡിസംബർ 30 ന് നെല്ലിക്കാംപൊയിൽ സെന്റ് സെബാസ്റ്റ്യൻ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. വിവിധ ഇടവകകളിൽ നിന്നുമായി 800 യുവജനങ്ങൾ പങ്കെടുത്തു. 9.30 ന് നെല്ലിക്കാംപൊയിൽ ഫൊറോന ഡയറക്ടർ റവ. ഫാ. പ്രിൻസ് ആനാനിക്കലിന്റെ കാർമ്മികത്വത്തിൽ വിശുദ്ധ ബലിയോടെ കൺവെൻഷൻ ആരംഭിച്ചു. ഫൊറോന വികാരി റവ. ഫാ ജോസഫ് ആനിത്താനം ഉദ്ഘാടനം ചെയ്തു. അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവ് യുവജനങ്ങളോട് സംവദിച്ചു. അതിരൂപത ഡയറക്ടർ ഫാ. സോണി വടശ്ശേരിൽ ആശംസകളർപ്പിച്ച് സംസാരിച്ചു. റവ. ഫാ.ഡയസ് തുരുത്തിപ്പള്ളി കൺവെൻഷന് നേതൃത്വം നൽകി. കാഞ്ഞിരക്കൊല്ലി കെ സി വൈ എം യൂണിറ്റ് ടീം ഗാനങ്ങൾ ആലപിച്ചു. 4 മണിക്ക് ആരാധനയോടെ കൺവെൻഷൻ സമാപിച്ചു. കൺവെൻഷന്റെ വിജയത്തിനായി പ്രവർത്തിച്ച ഫൊറോന വികാരി ബഹു. ജോസഫ് ആനിത്താനം അച്ചനും ഡയറക്ടർ ബഹു. പ്രിൻസ് അച്ചനും ഫൊറോന പ്രസിഡന്റ് ശ്രീ. എബിൻ കുമ്പുക്കലിന്റെ നേതൃത്വത്തിലുള്ള ഫൊറോന സമിതിക്കും ആനിമേറ്റർ സി. ടീന സി എം സിക്കും റെജി കോലക്കുന്നേലിനും, നെല്ലിക്കാംപൊയ്യിൽ ഇടവകാ ഭാരവാഹികൾക്കും, പങ്കെടുത്ത എല്ലാ ഡയറക്ടേഴ്സിനും ആനിമേറ്റേഴ്സിനും യുവജന സുഹൃത്തുക്കൾക്കും ബഹു. ഡയസ് തുരുത്തിപ്പള്ളി അച്ചനും മ്യൂസിക് ടീം അംഗങ്ങൾക്കും തലശ്ശേരി അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

## ARMY സമാപനം പേരാവൂർ

കെ സി വൈ എം, എസ് എം വൈ എം തലശ്ശേരി അതിരൂപത യുവജന വർഷത്തോടനുബന്ധിച്ച് സെപ്റ്റംബർ 9 ന് ചെമ്പേരി ഫൊറോനയിൽ ആരംഭിച്ച യുവജന കൺവെൻഷൻ ആർമി ഡിസംബർ 30ന് പേരാവൂർ ഫൊറോനയിൽ സമാപിച്ചു. കണിച്ചാർ സെന്റ് ജോർജ് ദൈവാലയത്തിൽ

വച്ചു നടന്ന കൺവെൻഷൻ തലശ്ശേരി അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. റാലിയോടെ ആരംഭിച്ച ആർമിയിൽ വിവിധ ഇടവകകളിൽ നിന്നുമായി 500 ഓളം യുവജനങ്ങൾ പങ്കെടുത്തു. തുടർന്ന് തലശ്ശേരി അതിരൂപതയുടെ ഡയറക്ടർ ഫാ. സോണി വടശ്ശേരിയുടെ മുഖ്യ കാർമ്മികത്വത്തിൽ വി. ബലിയർപ്പിച്ചു. ഡിവൈൻ ചാനൽ ഡയറക്ടർ റവ. ഫാ മാത്യു തടത്തിലും റവ. ഫാ മനോജ് ഒറ്റപ്ലാക്കലും കൺവെൻഷന് നേതൃത്വം നൽകി. ഫൊറോന വികാരി റവ. ഫാ തോമസ് കൊച്ചുകരോട്ട് മേഖല ഡയറക്ടർ റവ. ഫാ സന്തോഷ് നെടുങ്ങാട്ട്, ഫൊറോന പ്രസിഡന്റ് ശ്രീ. ജിബിറ്റിന്റെ നേതൃത്വത്തിലുള്ള സമിതി അംഗങ്ങൾ എന്നിവർ ആർമിക്ക് നേതൃത്വം നൽകി. പേരാവൂർ ഫൊറോന ആർമിയുടെ വിജയത്തിനായി പ്രവർത്തിച്ച ഫൊറോന വികാരി ബഹു. തോമസ് കൊച്ചുകരോട്ടച്ചനും ഡയറക്ടർ ബഹു. സന്തോഷ് നെടുങ്ങാട്ടിലച്ചനും കണിച്ചാർ ഇടവക വികാരി ബഹു. ജോർജ് തെക്കുംചേരി അച്ചനും ജിബിന്റെ നേതൃത്വത്തിലുള്ള സമിതി അംഗങ്ങൾക്കും ആനിമേറ്റർ സി. നോയലിനും കണിച്ചാർ യൂണിറ്റ് ഭാരവാഹികൾക്കും വിവിധ ഇടവകകളിൽ നിന്നും വന്ന ഡയറക്ടേഴ്സിനും ആനിമേറ്റേഴ്സിനും പങ്കെടുത്ത എല്ലാ യുവജന സുഹൃത്തുക്കൾക്കും തലശ്ശേരി അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

## റൂബി ജൂബിലി സമാപനം

കെ സി വൈ എം റൂബി ജൂബിലി സമാപനം ഡിസംബർ 29,30 തിയതികളിലായി തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽ വച്ച് നടത്തപ്പെട്ടു. തലശ്ശേരി അതിരൂപത പ്രസിഡന്റ് ശ്രീ. ജിതിൻ മുടപ്പാലയിൽ, ഡപ്യൂട്ടി പ്രസിഡന്റ് ശ്രീ. അഖിൽ, ട്രഷർ ശ്രീ. കിരൺ വടക്കേൽ, കൗൺസിലർ ശ്രീ. സിജോ അമ്പാട്ട് എന്നിവർ പങ്കെടുത്തു.

## യുവജന വർഷ ലോഗോസ് ക്വിസ്

യുവജന വർഷാചരണത്തോടനുബന്ധിച്ച് കെ സി വൈ എം, എസ് എം വൈ എം തലശ്ശേരി അതിരൂപതയുടെയും, അതിരൂപത ബൈബിൾ അപ്പസ്റ്റോലേറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ ബൈബിൾ ലോഗോസ് ക്വിസ് ജനുവരി 5 ന് സന്ദേശഭവനിൽ വച്ച് നടത്തപ്പെട്ടു. വിവിധ ഫൊറോനകളിൽ നിന്നുമായി 16 പേർ പങ്കെടുത്ത ക്വിസിൽ വിജയികളായവർ

ഒന്നാം സമ്മാനം : പൈസക്കരി ഫൊറോന–കുമാരി ഡോണ ഷാജു ചേന്നാട്ട്, കുമാരി അൻലിയ ലൗസൻ മുതിരക്കാല

രണ്ടാം സമ്മാനം : വായാട്ടുപറമ്പ് ഫൊറോന–കുമാരി ബ്രിജീത്ത് കുരുവമ്മാക്കൽ, എലിസബത്ത് പുത്തൻപുരക്കൽ

മൂന്നാം സമ്മാനം : ആലക്കോട് ഫൊറോന–കുമാരി സാന്ദ്രാ ചാക്കോ രാമ നാട്ട്, കുമാരി അലീന ജിജോ മാപ്രകാവിൽ

മത്സരത്തിന് അതിരൂപത ബൈബിൾ അപ്പസ്റ്റോലേറ്റ് ഡയറക്ടർ റവ. ഡോ. ഫിലിപ്പ് കവിയിൽ, കെ സി വൈ എം ഡയറക്ടർ ഫാ സോണി വട ശ്ശേരിൽ, ഡോ. സിസ്റ്റർ ബിൻസി വട്ടപ്പാറ എസ് എച്ച്, പൊന്ന്യം ജോൺ പോൾ ഫോർമേഷൻ സെന്റർ ഡയറക്ടർ റവ. ഫാ ജോമിഷ് നൂറമ്മാക്കൽ എന്നിവർ നേതൃത്വം നൽകി. കെ സി വൈ എം അതിരൂപത പ്രസിഡന്റ് ശ്രീ ജിതിന്റെ നേതൃത്വത്തിലുള്ള ഭാരവാഹികളുടെ സാന്നിദ്ധ്യത്തിൽ റവ. ഡോ. ഫിലിപ്പ് കവിയിൽ സമ്മാനദാനം നിർവ്വഹിച്ചു. വിജയികളായ എല്ലാവർക്കും, വിവിധ ഫൊറോനകളിൽ നിന്നും മത്സരത്തിൽ പങ്കെടുത്ത വർക്കും തലശ്ശേരി അതിരൂപതയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

## സംസ്ഥാന വാർഷിക സെനറ്റ്

41–ാമത് സംസ്ഥാന വാർഷിക സെനറ്റ് തൃശ്ശൂർ അതിരൂപതയുടെ ആതി ഥേയത്വത്തിൽ തൃശ്ശൂർ ഫാമിലി അപ്പസ്തൊലേറ്റ് സെന്ററിൽ വച്ച് 2019 ജനു വരി 18,19,20 തിയതികളിലായി നടത്തപ്പെട്ടു. തൃശ്ശൂർ അതിരൂപത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. 28 രൂപതകൾ പങ്കെ ടുത്തു. തലശ്ശേരി അതിരൂപതയിൽ നിന്നും ഡയറക്ടർ ഫാ. സോണി വടശ്ശേ രിൽ, പ്രസിഡന്റ് ശ്രീ. ജിതിൻ മുടപ്പാലയിൽ മറ്റ് സെനറ്റ് അംഗങ്ങളും പങ്കെ ടുത്ത് അതിരൂപത റിപ്പോർട്ട് അവതരിപ്പിച്ച് പാസാക്കി. സെനറ്റിൽ വച്ച് 2019 വർഷത്തെ ഭാരവാഹികളെ തെരഞ്ഞെടുത്തു. സംസ്ഥാന പ്രസിഡന്റായി കോട്ടയം അതിരൂപതയിലെ ശ്രീ. സിറിയക് ചാഴികാടനും, ജനറൽ സെക്ര ട്ടറി മൂവാറ്റുപുഴ രൂപതയിലെ ശ്രീ. ബിജോ പി ബാബുവും തിരഞ്ഞെടുക്ക പ്പെട്ടു. വൈസ് പ്രസിഡന്റുമാരായി ജോസ് റാൽഫ് വാരാപ്പുഴ അതിരൂപത, ഡെലിൻ ഡേവിഡ് കൊല്ലം രൂപത എന്നിവരും സെക്രട്ടറിമാരായി സന്തോഷ് രാജ് തിരുവനന്തപുരം അതിരൂപത, തേജസ് മാത്യു താമരശ്ശേരി രൂപത, റോസ് മോൾ ജോസ് പാലക്കാട് രൂപത, കെ സ് ടീന തിരുവല്ല അതിരൂപത എന്നിവ രെയും തെരഞ്ഞെടുത്തു. സിറിയക് ചാഴികാടന്റെ നേതൃത്വത്തിലുള്ള സംസ്ഥാന സമിതിക്ക് തലശ്ശേരി അതിരൂപതയുടെ അഭിനന്ദനങ്ങൾ.

## അഭിനന്ദനങ്ങൾ

കെ സി വൈ എം പ്രസ്ഥാനത്തിന്റെ സംസ്ഥാന ഡയറക്ടറായി നിയ മിതനായിരിക്കുന്ന റവ. ഫാ. സ്റ്റീഫൻ തോമസ് ചാലക്കരയ്ക്ക് തലശ്ശേരി അതിരൂപതയുടെ അഭിനന്ദനങ്ങളും പ്രർത്ഥനാശംസകളും.

## ഹൃദയപൂർവ്വം നന്ദി

6 വർഷക്കാലം കെ സി വൈ എം യുവജന പ്രസ്ഥാനത്തെ നെഞ്ചോടു ചേർത്ത് സ്നേഹിച്ചു വളർത്തി, ശക്തരായ നേതൃത്വ നിരകളെ സഭയ്ക്കായി

വാർത്തെടുത്ത്, എല്ലാവർക്കും എല്ലാമായി ഹൃദയത്തിൽ സ്ഥാനം പിടിച്ച്, സംസ്ഥാന ഡയറക്ടർ സ്ഥാനത്തുനിന്ന് വിരമിച്ച റവ. ഡോ. മാത്യു തിരുവാലിലച്ചന് തലശ്ശേരി അതിരൂപതയുടെ നന്ദിയുടെ നറുമലരുകൾ.

## വിവാഹാശംസകൾ

കെ സി വൈ എം, എസ് എം വൈ എം തലശ്ശേരി അതിരൂപയുടെ 2018-19 വർഷത്തിലെ ജന. സെക്രട്ടറി ശ്രീ. കിരൺ അർത്തശ്ശേരിക്കും വധു ജിസ്നിക്കും തലശ്ശേരി കെ സി വൈ എം അതിരൂപത കുടുംബത്തിന്റെ വിവാഹാശംസകളും, പ്രാർത്ഥനകളും നേരുന്നു.

## ആദരാഞ്ജലികൾ

തലശ്ശേരി അതിരൂപതാ കെ സി വൈ എം, എസ് എം വൈ എം ന്റെ സെക്രട്ടറി ശ്രീ. ജറാൾഡ് ജേക്കബ് കാഞ്ഞിരത്തിങ്കലിന്റെ പിതാവ് ജേക്കബ് കാഞ്ഞിരത്തിങ്കലിന്റെ നിര്യാണത്തിൽ അതിരൂപത ഡയറക്ടർ ഫാ. സോണി വടശ്ശേരിയും സമിതി അംഗങ്ങളും സംസ്കാര ശുശ്രൂഷയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു. ദുഃഖാർത്തരായ കുടുംബാംഗങ്ങൾക്ക് തലശ്ശേരി അതിരൂപതയുടെ ആദരാഞ്ജലികൾ.

സ്നേഹപൂർവ്വം,

**ഫാ. സോണി സ്ക്കറിയ വടശ്ശേരിൽ**
യുവജനപ്രേഷിതത്വം, ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

പ്രിയമുള്ള വൈദികരെ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ,

ഇരുണ്ട വഴിയിലൂടെ നടന്നുപോകുന്ന ഒരുവന് കൈവശമുള്ള വെളിച്ചം ആത്മവിശ്വാസം നൽകുന്നു. ഞാൻ ലോകത്തിന്റെ പ്രകാശമാവുന്നു എന്ന രുളി ചെയ്ത യേശുനാഥന്റെ വാക്കുകൾ നമുക്ക് പ്രചോദനമാവട്ടെ. യേശു വാകുന്ന വെളിച്ചം ജീവിതത്തെ പ്രതീക്ഷയോടെ പുൽകാൻ നമ്മെ പ്രാപ്ത രാക്കുന്നു. ആരൊക്കെ അടുത്തുണ്ടെങ്കിലും ചില നേരങ്ങളിൽ ദൈവത്തിന് മാത്രം നൽകാൻ കഴിയുന്ന പ്രതീക്ഷയും പ്രത്യാശയും ചിലപ്പോഴെങ്കിലും നമ്മളിൽ ചിലരെങ്കിലും അനുഭവിച്ചിട്ടുണ്ട്. മനുഷ്യ സാധ്യമായി എല്ലാം ചെയ്തുകഴിഞ്ഞു. പിന്നെയുള്ളത് ഉന്നതങ്ങളിലേക്ക് കരമുയർത്തുക മാത്ര മാണ്. ദൈവത്തിൽ ആശ്രയിച്ച് പ്രതീക്ഷയോടെ ജീവിത്തിൽ മുന്നേറുവാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

## I. ദിയാക്കോണിയ പ്രോഗ്രാം

യുവദമ്പതികൾക്ക് വേണ്ടി മേഖലാ തലത്തിൽ ക്ലാസുകൾ സംഘടി പ്പിക്കുക. ആവശ്യപ്പെട്ടാൽ രൂപതാതല ടീം ക്ലാസുകൾ സംഘടിപ്പിക്കുന്ന താണ്. യൂണിറ്റ് തലത്തിൽ യുവദമ്പതീ കൂട്ടായ്മകൾ സ്ഥാപിക്കുക.

## II 1. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

838, 839, 840 എന്നീ എം.പി.സി കോഴ്സുകൾ ജനുവരി 8-10, 15 -17, 22-24 എന്നീ തീയ്യതികളിൽ തലശ്ശേരി സന്ദേശ ഭവൻ, പേരാവൂർ മൗണ്ട് കാർമൽ ആശ്രമം, പടന്നക്കാട് ഗുഡ്ഷെപ്പേർഡ് പാസ്റ്ററൽ സെന്റർ, എന്നീ സ്ഥലങ്ങളിൽ വച്ച് നടക്കുകയുണ്ടായി. 3 കോഴ്സുകളിലായി 177 ആൺകു ട്ടികളും, 181 പെൺകുട്ടികളും ഉൾപ്പെടെ 358 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി.

## 2) എം.പി.സി പേരന്റ്സ് മീറ്റ്

ജനുവരി 10,17,24ന് നടത്തപ്പെട്ട എം പി സി കോഴ്സുകളോടനുബന്ധിച്ച് തലശ്ശേരി സന്ദേശഭവൻ, പേരാവൂർ മൗണ്ട് കാർമൽ ആശ്രമം, പടന്നക്കാട് ഗുഡ്ഷെപ്പേർഡ് പാസ്റ്ററൽ സെന്റർ, എന്നീ സ്ഥലങ്ങളിൽ വച്ച് മാതാപിതാ ക്കൾക്ക് വേണ്ടി ക്ലാസ്സ് നടത്തുകയുണ്ടായി. 560 പേർ പങ്കെടുത്തു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ക്ലാസ്സ് നയിച്ചു.

## 3) പ്രീ മാരിറ്റൽ കൗൺസിലിംഗ്

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 834, 835, 836 എം.പി.സി കോഴ്സുകളിൽ സംബന്ധിച്ചവരിൽ നിന്നും ആവശ്യപ്പെട്ടതനു സരിച്ച് പ്രീ-മാരിറ്റൽ കൗൺസലിംഗ് നടത്തി വിവാഹത്തിനായി ഒരുക്കി.

**MPC - 2019**

| MONTH | SANDESABHAVAN | PADANNAKKAD | PERAVOOR |
|---|---|---|---|
| FEBRUARY | 5 - 7 | 26 – 28 | Nil |
| MARCH | 5 – 7 | 12 – 14 | 26 - 28 |
| APRIL | 2 – 4, 23 - 25 | Nil | 9 - 11 |
| MAY | 21 - 23 | 7 - 9 | Nil |
| JUNE | 25 - 27 | 11 - 13 | Nil |
| JULY | 9 – 11 | Nil | 23 - 25 |
| AUGUST | 6 – 8, 27 – 29 | Nil | Nil |
| SEPTEMBER | 24 – 26 | 17 – 19 | Nil |
| OCTOBER | 15 – 17 | Nil | 29 - 31 |
| NOVEMBER | 5 – 7 | 12 – 14 | 26 - 28 |
| DECEMBER | 3 – 5 | 17 – 19 | 10 – 12 |

## പ്രത്യേക ശ്രദ്ധയ്ക്ക്

**1.** കെ.സി.ബി.സി ഫാമിലി കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം എം.പി.സി യുടെ സമാപനദിനം ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കു വേണ്ടി ക്ലാസ് ഉണ്ടായിരിക്കും. കോഴ്സ് സർട്ടിഫിക്കറ്റ് മാതാപിതാക്കളുടെ കൈയ്യിലാണ് നൽകുക. **മാതാപിതാക്കൾ നിർബന്ധമായും ഈ ക്ലാസിൽ പങ്കെടുക്കേണ്ടതാണ്. മാതാപിതാക്കൾ രണ്ടുപേരും ഈ ക്ലാസിൽ സംബന്ധിക്കാൻ സാധിക്കാത്ത ഗൗരവമായ കാരണങ്ങൾ ഉണ്ടെങ്കിൽ വികാരിയച്ചന്മാരുടെ കത്തിൽ അക്കാര്യം സൂചിപ്പിക്കുകയോ വികാരിയച്ചന്മാർ നേരിൽ വിളിച്ചറിയിക്കുകയോ ചെയ്യേണ്ടതാണ്.** ഇക്കാര്യം വികാരിയച്ചന്മാർ പള്ളികളിൽ അറിയിക്കുമല്ലോ.

- കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ www.familytly.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ.എം.പി.സി യുടെ ഫീസ് 1100 രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg.Fee 600 രൂപ അടയ്ക്കേണ്ടതാണ്.
- Online Registration നടത്തുമ്പോൾ ഫീസ് ബാങ്കിൽ അടക്കുന്നവർ Bank Transfer Receipt ന്റെ Screen shot അയച്ചുതരിക/Bank Transfer Receipt സൈറ്റിൽ അപ്പ്ലോഡ് ചെയ്യുക.
- Mobile transaction നടത്തുന്നവർ Payment ന്റെ Screen shot അയച്ചു തരിക. **വാട്ട്സ് ആപ്പ് നമ്പർ : 9400206974**
- നേരിട്ട് ഓഫീസിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് രജിസ്ട്രേഷൻ സ്ലിപ്പ് നൽകുന്നതായിരിക്കും. കോഴ്സിന് പങ്കെടുക്കുവാൻ വരുമ്പോൾ രജിസ്ട്രേഷൻ നടത്തിയതിന്റെ രേഖയും ബാക്കി 500 രൂപയും കൊണ്ടുവരിക.

**Family Apostolate, Contact Number: 0490 2343414, Mob: 9400206974**

**Account Details :**
**Name : Director Family Apostolate**
**A/c No : 0078053000073775**
**IFSC Code: SIBL0000078**

## III. അനുഗ്രഹ മാര്യേജ് ബ്യൂറോ

വിവാഹവേദിയിലേക്ക് പ്രവേശിക്കുവാൻ ആഗ്രഹിക്കുന്ന യുവതീ യുവാക്കൾക്ക് അനുയോജ്യരായ ജീവിതപങ്കാളിയെ കണ്ടെത്തുവാൻ സഹായിക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി ബ്യൂറോ പ്രവർത്തിച്ചു വരുന്നു. ഇന്നിത് സീറോ മലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്ത് വളരെ വിപുലമായ രീതിയിൽ പ്രവർത്തിച്ച് വരുന്നു. താൽപര്യമുള്ളവർ താഴെ പറയുന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. www. anugrahamarry.com ഓൺലൈൻ രജിസ്ട്രേഷൻ അല്ലെങ്കിൽ ഓഫീസിൽ നേരിട്ടും രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്.

## IV. സഖറിയാസ് കൺവെൻഷൻ

60 വയസ്സിന് മുകളിൽ പ്രായമുള്ള ദമ്പതികൾക്കു വേണ്ടി ഫാമിലി അപ്പൊസ്റ്റൊലേറ്റ് മലബാർ ക്രിസ്റ്റീൻ മിനിസ്ട്രിയോട് ചേർന്ന് നടത്തുന്ന ധ്യാനം. ചെറുപുഴ ഫൊറോനയ്ക്കു വേണ്ടി സഖറിയാസ് കൺവെൻഷൻ ഫെബ്രുവരി 19,20,21 തിയ്യതികളിൽ പുളിങ്ങോം ഇടവകയിൽ വച്ച് നടത്തുന്നതാണ്. ദമ്പതികളെ കണ്ടെത്തുന്നതിനും കൺവെൻഷനിൽ പങ്കെടുപ്പിക്കുന്നതിനും മാതൃവേദി അംഗങ്ങൾ സഹകരിക്കുക.

## V മാതൃവേദി

### 1. തൂവാനീസ

കെ.എസ്.ടി യുടെ കീഴിൽ പ്രവർത്തിക്കുന്ന തൂവാനീസ (ഭാഗ്യവതി) മിനിസ്ട്രിയോട് സഹകരിച്ച് മാതൃവേദി അംഗങ്ങളും ചെയിൻ റോസറി നടത്തി സഭയുടെ നിയോഗങ്ങൾക്കായി പ്രാർത്ഥിക്കണമെന്ന് അഭിവന്ദ്യപിതാക്കന്മാർ ആഗ്രഹിക്കുന്നു. വെഞ്ചരിച്ച ജപമാലകൾ കൈമാറി തുടർച്ചയായി നടത്തുന്ന ജപമാലകൾ മാതൃവേദി അംഗങ്ങളുടെ പ്രാർത്ഥനാചൈതന്യം പോഷിപ്പിക്കുവാൻ സഹായകമാണ്. എല്ലാ കുടുംബങ്ങളും ദൈവീക പുണ്യങ്ങളിൽ ആഴപ്പെട്ടു വളരുവാൻ വേണ്ട കൃപയ്ക്കായി ഈ മാസത്തെ ജപമാലയിൽ നമുക്ക് പ്രാർത്ഥിക്കാം.

### 2. മാതൃവേദി ജനറൽ ബോഡിയോഗം

മാതൃവേദി അതിരൂപത, ജനറൽ ബോഡി യോഗം തളിപ്പറമ്പ് ദേവാലയ ഓഡിറ്റോറിയത്തിൽ വച്ച് 2018 ഡിസംബർ 29 ന് നടത്തപ്പെട്ടു. അതിരൂപത മതബോധന ഡയറക്ടർ ഫാ. ജേക്കബ് വെണ്ണായപ്പിള്ളി യോഗം ഉദ്ഘാടനം ചെയ്ത് മക്കളെ വിശ്വാസ ജീവിതത്തിലും പ്രാർത്ഥനയിലും വളർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അമ്മമാരെ ഓർമ്മിപ്പിച്ചു. അതിരൂപത പ്രസിഡന്റ് റെജി പോത്തനാമൂഴി അധ്യക്ഷത വഹിച്ചു. തുടർന്ന് മാതൃവേദി പുതുതായി ആരംഭിക്കുന്ന വാർത്താപത്രികയുടെ പ്രകാശനം നടത്തുകയും ചെയ്തു. ബിബ്ലിയ മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും പ്രോത്സാഹന

സമ്മാനം നൽകി. ഗ്ലോബൽ സെനറ്റ് മെമ്പർ ശ്രീമതി. ലൈസ സോജൻ ആശംസകളർപ്പിച്ച് സംസാരിച്ചു. മാതൃവേദി അതിരൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ സ്വാഗതം പറഞ്ഞു. സി. ജീസ് മാത്യു നന്ദിയർപ്പിച്ച് സംസാരിച്ചു.

### 3. മാതൃവേദി വാർത്താ പത്രിക പ്രകാശനം

മാതൃവേദി പുതുതായി ആരംഭിച്ച **'മാതൃദീപ്തി'** എന്ന പേരിലുള്ള വാർത്താ പത്രികയുടെ പ്രകാശനം 2018 ഡിസംബർ 29 ന് മതബോധന ഡയറക്ടർ ഫാ. ജേക്കബ് വെണ്ണായപ്പിള്ളി അതിരൂപത പ്രസിഡന്റ് റെജി പോത്തനാമൂഴിക്ക് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. അതിരൂപതയുടെയും മേഖലകളുമായി ബന്ധപ്പെട്ട അറിയിപ്പുകളും നിർദേശങ്ങളും നൽകുന്നതിനായി വർഷത്തിൽ മൂന്ന് മാസം കൂടുമ്പോൾ വാർത്താ പത്രിക പ്രസിദ്ധീകരിക്കാനാണ് തീരുമാനം. ഭാരവാഹികൾക്ക് ലഭിക്കുന്ന വാർത്താ പത്രിക മറ്റ് യൂണിറ്റ് അംഗങ്ങളുമായി പങ്ക് വച്ച് വായിക്കുവാൻ ശ്രദ്ധിക്കുക.

### 4.മേഖലാ ഡയറക്ടറേഴ്സ് മീറ്റ്

ജനുവരി 18 -ാം തീയ്യതി തളിപ്പറമ്പിൽ വച്ച് മേഖലാ ഡയറക്ടറേഴ്സ് മീറ്റ് നടത്തപ്പെട്ടു. അതിരൂപതാ ജനറൽ ബോഡിയിൽ എടുത്ത തീരുമാനങ്ങൾ ഡയറക്ടറച്ചൻമാർ ചർച്ച ചെയ്യുകയും വേണ്ട വിലയിരുത്തലുകൾ നടത്തുകയും ചെയ്തു.

### അറിയിപ്പുകൾ (അതിരൂപതാ ജനറൽബോഡി)

2019 ഫെബ്രുവരി 9 ന് തലശ്ശേരി സന്ദേശ ഭവനിൽ വച്ച് ജനറൽ ബോഡി മീറ്റിങ്ങ് നടത്തപ്പെടുന്നു. എല്ലാ മേഖല ഭാരവാഹികളും യൂണിറ്റ് ആനിമേറ്റർമാരും പങ്കെടുക്കേണ്ടതാണ്. ഈ യോഗത്തിൽ വച്ച് അതിരൂപതാ തലത്തിൽ ഏറ്റവും നല്ല പ്രവർത്തനങ്ങൾക്കുള്ള അവാർഡുകൾ നൽകുകയും 2019 വർഷത്തെ മാർഗരേഖ പ്രകാശനം നടത്തുകയും ചെയ്യുന്നതാണ്. സമയം 10.30 രജിസ്ട്രേഷൻ ഫീസ് 60 രൂപ.

- അതിരൂപതാ ബുള്ളറ്റിൻ മാതൃവേദിയെ സംബന്ധിക്കുന്ന കാര്യങ്ങൾ മേഖലാ യൂണിറ്റ് മീറ്റിങ്ങുകളിൽ വായിച്ചു ചർച്ച ചെയ്യേണ്ടതാണ്.
- പ്രൊലൈഫ് പ്രാർത്ഥന (ല വീത്ത (ജീവൻ) പ്രാർത്ഥന ) എല്ലാ വീടുകളിലും എത്തിച്ചുകൊടുക്കുകയും സ്ഥിരമായി പ്രാർത്ഥന ചൊല്ലുകയും ചെയ്യുക.

## VI പ്രോലൈഫ്

### 1. പ്രോലൈഫ് സന്ധ്യ - ചെമ്പന്തൊട്ടി.

ജനുവരി 18 ന് ചെമ്പന്തൊട്ടി ഇടവകയിൽ വച്ച് പ്രൊലൈഫ് സന്ധ്യ നടത്തപ്പെട്ടു. റവ. ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നൽകി. ശ്രീ. സെലസ്റ്റ്യൻ ജോൺ ജീവന്റെ മൂല്യത്തെക്കുറിച്ച് ഒരു മണിക്കൂർ ക്ലാസ് നൽകി.അതിന് ശേഷം നടന്ന ആരാധനയ്ക്ക് ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ നേതൃത്വം നൽകി.

### 2. ഏലീശ്വാ ധ്യാനം

മാർച്ച് 1,2,3 ദിവസങ്ങളിലായി ഏലീശ്വാ ധ്യാനം നടത്തപ്പെടുന്നു. ഗർഭിണികൾക്കും അവരുടെ ഭർത്താക്കൻമാർക്കും ഒരുമിച്ച് പ്രാർത്ഥിച്ചൊരുങ്ങി

കുഞ്ഞുങ്ങൾക്ക് ജൻമം നൽകാൻ അതിരൂപതാ ഫാമിലി അപ്പോസ്റ്റൊലേറ്റ് ഒരുക്കുന്ന 3 ദിവസത്തെ ധ്യാനമാണ് ഏലീശ്വാ ധ്യാനം. ഗർഭസ്ഥരായിട്ടുള്ള യുവതികൾക്ക് ഉണർവും കരുത്തുമേകുന്നതിനും അവരുടെ കുഞ്ഞുങ്ങളെ ദൈവമക്കളായി വളർത്തുന്നതിനുമായി 3 മാസം മുതൽ 9 മാസം വരെ പ്രായമുള്ള ഗർഭസ്ഥ ശിശുക്കളുള്ള ദമ്പതിമാർക്കായി ധ്യാനം ക്രമീകരിച്ചി രിക്കുന്നു. ഗർഭാവസ്ഥയിൽ നൽകപ്പെടുന്ന ആത്മീയ ശുശ്രൂഷ വഴി ഗർഭസ്ഥ ശിശുവിന്റെ വ്യക്തിത്വ രൂപീകരണം ഫലദായകമാക്കാൻ സഹായിക്കുന്നു.. കുഞ്ഞുങ്ങൾക്ക് അമ്മയുടെ ഗർഭപാത്രത്തിൽ വച്ച് തന്നെ ദൈവ കൃപയാൽ നിറയാനും മാതാപിതാക്കൾക്ക് പ്രാർത്ഥനാപൂർവ്വം ദൈവദാനത്തെ സ്വീക രിക്കാനും അങ്ങനെ പുതിയ തലമുറ കൃപ നിറഞ്ഞതായി മാറാനും സഹാ യകരമായ ഈ ധ്യാനം കാലഘട്ടത്തിന്റെ ഒരാവശ്യമായി കരുതി ഇതിൽ പങ്കെടുപ്പിക്കാൻ വികാരിയച്ചൻമാർ പ്രോത്സാഹിപ്പിക്കുമല്ലോ. മനശാസ്ത്ര വിദഗ്ദ്ധരും ആത്മീയ ശുശ്രൂഷകരും ചേർന്നു നടത്തുന്ന ഈ ധ്യാനം പേരാ വൂർ മൗണ്ട് കാർമൽ ആശ്രമത്തിൽ വച്ച് മാർച്ച് 1,2,3 തീയ്യതികളിൽ നടത്ത പ്പെടുന്നു. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 500 രൂപയായിരിക്കും. വെള്ളി യാഴ്ച, വൈകിട്ട് 4 മണിക്കാരംഭിക്കുന്ന ഏലീശ്വാ ധ്യാനം മൂന്നാം ദിവസം 4 മണിക്ക് അവസാനിക്കും. **പേരുകൾ നേരത്തേ തന്നെ രജിസ്റ്റർ ചെയ്യാൻ വിളിക്കേണ്ട നമ്പർ : 9400206974.**

**3. പ്രോലൈഫ് റിസോഴ്സ് ട്രെയിനിംങ് ക്യാമ്പ് - ചലനം 2019**

അതിരൂപതാ പ്രൊലൈഫ് മിനിസ്ട്രി സജീവമാക്കാനും അതിനാവശ്യ മായ പരിശീലകരെ രൂപപ്പെടുത്തുവാനും വേണ്ടി നടത്തപ്പെടുന്ന രണ്ടു ദിവ സത്തെ ട്രെയിനിങ് പരിപാടി **'ചലനം - 2019'** തലശ്ശേരി സന്ദേശ ഭവനിൽ വച്ച് മാർച്ച് 30, 31 തീയ്യതികളിൽ സംഘടിപ്പിക്കുന്നു. ഓരോ മേഖലയിൽ നിന്നും 5 പേരിൽ കുറയാതെ ആളുകളെ തിരഞ്ഞെടുത്ത് പേര് രജിസ്റ്റർ ചെയ്യാൻ മാതൃവേദിയുടെ നേതൃത്വത്തിൽ പരിശ്രമിക്കുമല്ലോ. മേഖല ഡയ റക്ടർമാർ ഇക്കാര്യം ഇടവകകളിലറിയിച്ച് താൽപര്യമുള്ള ആളുകളെ കണ്ടെ ത്താൻ ശ്രമിക്കുക. മാതൃവേദി, പാരീഷ് കൗൺസിൽ, കെ.സി.വൈ.എം. തുടങ്ങിയ പ്രവർത്തനമേഖലകളിലുള്ളവരെയും നേതൃത്വപാടവമുള്ള മറ്റു ള്ളവരെയും കണ്ടെത്തി ഇക്കാര്യം അറിയിക്കുക. പ്രൊലൈഫ് മിനിസ്ട്രി യുടെ സംസ്ഥാനതല നേതാക്കളും മറ്റ് റിസോഴ്സ് ടീം അംഗങ്ങളും ചേർന്ന് നടത്തുന്ന ഈ പരിപാടിയിൽ ബഹു. ടോം ഉഴുന്നാലിൽ അച്ചനും പങ്കെടു ക്കുന്നതാണ്.

**പ്രോഗ്രാം സ്ഥലം : സന്ദേശഭവൻ**
**ദിവസം : മാർച്ച് 30, 31**

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റൊലേറ്റ്

# കോർപ്പറേറ്റ്
# വിദ്യാഭ്യാസ ഏജൻസി

## ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്കായി സദ്ഗമയ ലേഖന മത്സരം

സന്മാർഗ്ഗപാഠാവലി പുസ്തകങ്ങളിലെ സമഗ്രവ്യക്തിത്വത്തിന്റെ പാതയിൽ, സമൂഹവിജയത്തിന്റെ പാതയിൽ എന്നീ പുസ്തകങ്ങളാണ് യഥാക്രമം പ്ലസ്‌വൺ, പ്ലസ്ടു വിദ്യാർത്ഥികൾ പഠിക്കേണ്ടത്. ഈ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്കായി ലേഖന മത്സരം നടത്തുന്നു. സ്കൂൾതല മത്സരത്തിൽ എല്ലാ വിദ്യാർത്ഥികളും പങ്കെടുക്കണം. സ്കൂൾതല മത്സരം അതത് സ്കൂളിലെ പ്രിൻസിപ്പാളിന്റെയും, അധ്യാപകരുടെയും നേതൃത്വത്തിൽ ജനുവരി 25-ാം തീയതി വെള്ളിയാഴ്ച നടത്തണം. ഫെബ്രുവരി 2-ാം തീയതി ശനിയാഴ്ച 10 മണിക്ക് കോർപ്പറേറ്റ്തല ലേഖന മത്സരം ഉണ്ടായിരിക്കും. മത്സരത്തിൽ പങ്കെടുക്കുന്നവർ താഴെ സൂചിപ്പിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

1. എടൂർ, വായാട്ടുപറമ്പ്, തോമാപുരം ഹയർസെക്കണ്ടറികളിൽ ലേഖന മത്സരത്തിന് സെന്ററുകളുണ്ടായിരിക്കും.
2. ഏതെങ്കിലും ഒരു സെന്ററിൽ മാത്രം പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രത്തോടുകൂടി മത്സരത്തിൽ പങ്കെടുക്കാം.
3. ഒരു ഹയർസെക്കണ്ടറിയിൽ നിന്ന് പ്ലസ് വൺ വിഭാഗത്തിൽ രണ്ടു വിദ്യാർത്ഥികൾക്കും പ്ലസ്ടു വിഭാഗത്തിൽ രണ്ടു വിദ്യാർത്ഥികൾക്കും പങ്കെടുക്കാം.
4. ലേഖന മത്സരസമയം രാവിലെ 10.30 മുതൽ 12.00 PM വരെ. പുസ്തകങ്ങളോ റഫറൻസ് ഗ്രന്ഥങ്ങളോ ഉപയോഗിക്കാൻ പാടില്ല.
5. ലേഖനം പത്ത് പേജിൽ കവിയാൻ പാടില്ല.
6. സന്മാർഗ പുസ്തകത്തിലെ ആശയങ്ങളോടൊപ്പം വ്യക്തിപരമായി സമാഹരിച്ച ആശയങ്ങൾ, രചന ശൈലി, എന്നിവയെ അടിസ്ഥാനമാക്കിയായിരിക്കും വിജയികളെ തിരഞ്ഞെടുക്കുക.

**നിർദ്ദേശങ്ങൾ**

- ഹയർസെക്കണ്ടറി വിഭാഗത്തിലെ എല്ലാ വിദ്യാർത്ഥികളെയും സ്കൂൾതല ലേഖന മത്സരത്തിൽ പങ്കെടുപ്പിക്കണം. വിഷയം പ്രിൻസിപ്പാൾ നൽകുന്നതാണ്.
- സന്മാർഗപാഠ പരീക്ഷയ്ക്കു പകരമാണ് ഇത്തരമൊരു ലേഖനമത്സരം സംഘടിപ്പിക്കുന്നത്.

♦ സ്കൂൾതലത്തിൽ വിജയികളാകുന്നവർക്ക് സ്കൂളിന്റെ ഉത്തരവാദിത്വത്തിൽ സമ്മാനം നൽകണം.

♦ സന്മാർഗ പാഠം അടിസ്ഥാനമാക്കിയായിരിക്കും ലേഖനമത്സരം. വിഷയം മത്സരദിനത്തിൽ നൽകുന്നതാണ്.

♦ ഓരോ സ്കൂളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന രണ്ട് വിജയികളെയാണ് കോർപ്പറേറ്റ്തല മത്സരത്തിന് അയക്കേണ്ടത്.

## സംഘാടക സമിതി രൂപീകരണം

2018 ഡിസംബർ 28ന് തലശ്ശേരി സന്ദേശഭവനിൽ ചേർന്ന യോഗം കെ.സി.ബി.സി വിദ്യഭ്യാസ കമ്മീഷൻ സെക്രട്ടറി ഫാ. ജോസ് കാരിവേലിക്കൽ ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് സാലു പതാലിൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ജോഷി വടക്കൻ വിഷയാവതരണം നടത്തി. ഫാ. ജെയിംസ് ചെല്ലങ്കോട്ട്, ഫാ. മാത്യു ശാസ്താംപടവിൽ, സംസ്ഥാന ട്രഷറർ ജോസ് ആന്റണി, സജി വരമ്പുങ്കൽ, സജീവ് സി.ഡി എന്നിവർ പ്രസംഗിച്ചു.

## കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന സമ്മേളനം

കേരളത്തിലെ അധ്യാപക പ്രസ്ഥാനങ്ങളുടെ ചരിത്രത്തിൽ സുവർണ്ണ ലിപികളിൽ രേഖപ്പെടുത്തേണ്ട പ്രസ്ഥാനമാണ് കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്. എയിഡഡ് സ്കൂൾ അധ്യാപകരുടെ ആവശ്യങ്ങൾക്കു മുൻപിൽ മുൻനിര അധ്യാപക സംഘടനകൾ മടിച്ചുനിന്നപ്പോഴും അധ്യാപക, അനദ്ധ്യാപകർക്കുവേണ്ടി ഈ സംഘടന നടത്തിയ തീവ്രവും ഉജ്ജ്വലവുമായ സമരത്തിന്റെ പരിസമാപ്തി 2016 വരെയുള്ള നിയമനങ്ങളുടെ അംഗീകാരം നേടിയെടുത്തുകൊണ്ടായിരുന്നു എന്നത് പ്രസ്ഥാനത്തിന്റെ സ്വീകാര്യത വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സമരവിജയത്തിലൂടെ എയിഡഡ് സ്കൂളുകളിലെ അധ്യാപകരുടെയും അനദ്ധ്യാപകരുടെയും ദുരിതജീവിതത്തിന് അറുതിവരുത്തുവാൻ നമുക്ക് സാധിച്ചു. ഈ പ്രവർത്തനങ്ങളുടെയെല്ലാം വിജയത്തിനു പിന്നിൽ നിങ്ങളുടെയെല്ലാം നിസ്വാർത്ഥമായ സഹകരണവും അധ്വാനവുമാണ് എന്ന് അടിവരയിട്ടുപറയുവാൻ ആഗ്രഹിക്കുന്നു. വീറോടെയും വാശിയോടെയും പൊരുതുവാനുള്ള ശേഷി പോരാട്ടവഴികളിൽ നിറച്ചു തന്നത് നിങ്ങളുടെ അകമഴിഞ്ഞ പിന്തുണയാണ് എന്ന് നന്ദിയോടെ സ്മരിക്കുന്നു. ഇനിയും നമുക്ക് ഒരുപാടു കാര്യങ്ങൾ ശരിയാക്കുവാനുണ്ട്. 2016 നുശേഷമുള്ള നിയമനങ്ങൾ, പ്രതികൂലമായ കെ.ഇ.ആർ.കെ.എസ് ആർ ഭേദഗതികൾ, അനേകായിരങ്ങളെ ബാധിക്കുന്ന ബ്രോക്കൺ സർവ്വീസ് പെൻഷനു പരിഗണിക്കില്ലെന്ന കരിനിയമം, ഹയർ സെക്കണ്ടറി ലയനം, തസ്തിക നിർണ്ണയം എന്നിങ്ങനെ നിരവധി പ്രതിസന്ധികൾ സേവന മേഖലയിലും അല്ലാതെയും നമുക്കു മുൻപിലുണ്ട്. അവകാശങ്ങൾക്കുവേണ്ടി പോരാടു

ന്നതിന് സംഘശക്തി അനിവാര്യമാണ്. ഈ അവസരത്തിലാണ് കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ സംസ്ഥാന സമ്മേളനം 2019 ഫെബ്രുവരി 08,09 (വെള്ളി, ശനി) തീയ്യതികളിൽ കണ്ണൂർ സെന്റ് മൈക്കിൾസ് ഓഡിറ്റോറിയത്തിൽ വെച്ച് തലശ്ശേരി അതിരൂപതാ കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ നടക്കുന്നത്. നമ്മുടെ മണ്ണിൽ നടക്കുന്ന സംസ്ഥാന സമ്മേളനം വിജയിപ്പിക്കേണ്ടത് നമ്മുടെ കടമയാണ്. 2019 ഫെബ്രുവരി ഒൻപതാം തീയ്യതി രണ്ടാം ശനിയാഴ്ച രാവിലെ ഒൻപതു മണിക്ക് കണ്ണൂർ സ്റ്റേഡിയം കോർണറിൽ നിന്ന് ആരംഭിക്കുന്ന റാലിയിൽ നമ്മുടെ വിദ്യാഭ്യാസ ഏജൻസിയിലെ എല്ലാ അധ്യാപകരും അനദ്ധ്യാപകരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അന്നേ ദിവസം എല്ലാ പരിപാടികളും മാറ്റിവെച്ച് സമ്മേളനവിജയത്തിനായി സഹകരിക്കണം എന്ന് ഓർമിപ്പിക്കുന്നു. ജനാധിപത്യസംവിധാനത്തിൽ അധികാരികളുടെ കണ്ണുതുറക്കണമെങ്കിൽ സംഘശക്തി ബോധ്യപ്പെടേണ്ടതുണ്ട്. റാലിയുടെ ക്രമീകരണങ്ങൾ പിന്നാലെ അറിയിക്കുന്നതാണ്.

## സന്മാർഗപാഠ സ്കോളർഷിപ്പ് പരീക്ഷ

കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ സന്മാർഗ പാഠ സ്കോളർഷിപ്പ് പരീക്ഷ സംസ്ഥാന തലത്തിൽ

1) വാർഷിക പരീക്ഷയിൽ ഓരോ സ്കൂളിലെയും IV, VII, X ക്ലാസുകളിൽ 1,2,3 സ്ഥാനങ്ങളിൽ എത്തിയവർക്കാണ് സംസ്ഥാനതല പരീക്ഷയിൽ പങ്കെടുക്കുവാനുള്ള അർഹത. ഓരോ സ്കൂളും തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരും വാർഷിക പരീക്ഷയിൽ കിട്ടിയ മാർക്കും രേപ്പെടുത്തി നിശ്ചിതഫോറത്തിൽ തയ്യാറാക്കി ഒരു കോപ്പി കോർപ്പറേറ്റ് ഓഫീസിലേക്കും ഒരു കോപ്പി കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ ഓഫീസിലേക്കും അയക്കുക.
2) 2019 ജനുവരി 25-നു മുമ്പ് തിരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് കോർപ്പറേറ്റ് ഓഫീസിലേക്കും കെസിബിസി വിദ്യാഭ്യാസകമ്മീഷൻ ഓഫീസിലേക്കും അയക്കേണ്ടതാണ്.
3) സ്കോളർഷിപ്പ് പരീക്ഷ 2019 ഫെബ്രുവരി 09-ന് വിവിധ കേന്ദ്രങ്ങളിൽ വച്ചു നടത്തുന്നതാണ്. സമയം
4) എടൂർ, ചെമ്പേരി, തോമാപുരം, പേരാവൂർ എന്നീ സെന്ററുകളിലാണ് സംസ്ഥാനതല സ്കോളർഷിപ്പ് പരീക്ഷ നടത്തുന്നത്.
5) ബാക്കി ക്ലാസുകളിലെ സന്മാർഗപാഠ സ്കോളർഷിപ്പ് പരീക്ഷകളും വേദപാഠ അക്കാഡമിക്ക് സ്കോളർഷിപ്പ് പരീക്ഷകളും മറ്റൊരു ദിവസമായിരിക്കും നടത്തുന്നത്. വിശദവിവരങ്ങൾ മറ്റൊരു സർക്കുലറിലൂടെ അറിയിക്കുന്നതാണ്.
6) പ്രധാനാധ്യാപകരുടെ സാക്ഷ്യപത്രം കൊണ്ടുവരേണ്ടതാണ്.
7) പരീക്ഷയ്ക്ക് മുമ്പേ 9.30 ന് സെന്ററുകളിൽ റിപ്പോർട്ട് ചെയ്യണം.

## സ്നേഹവീട്

വായാട്ടുപറമ്പ് സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂൾ 20-ാം വർഷത്തിലേയ്ക്ക് പ്രവേശിക്കുന്നതിന്റെ സ്മരണയ്ക്കായി നിർധന കുടുംബത്തിന് വേണ്ടി നിർമ്മിച്ച സ്നേഹവീട് പൂർത്തിയായി. മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി ഭവന പദ്ധതിയുടെ ഭാഗമായാണ് ഇതു നടപ്പിലാക്കിയത്. അധ്യാപകരും, പൂർവ്വ അധ്യാപകരും വിദ്യാർത്ഥികളും, പൂർവ്വ വിദ്യാർത്ഥികളും രക്ഷിതാക്കളും ഒന്നുചേർന്ന് 71/2 ലക്ഷം രൂപ സമാഹരിച്ചാണ് ഈ സദ്സംരംഭം യാഥാർത്ഥ്യമാക്കിയത്. കേവലം രണ്ടു മാസം കൊണ്ട് പണി പൂർത്തിയാക്കിയ ഈ 700 സ്ക്വയർഫീറ്റ് വീടിന്റെ താക്കോൽ ദാനം ഇരിക്കൂർ എം.എൽ.എ ശ്രീ. കെ.സി ജോസഫ് നിർവഹിച്ചു. സ്കൂൾ മാനേജർ റവ. ഫാ. കുര്യാക്കോസ് കളരിക്കലും, പ്രിൻസിപ്പാൾ റവ. ഫാ. തോമസ് തടത്തിലും സ്നേഹവീടിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. എൻ.എസ്.എസ്, സ്കൗട്ട് ആന്റ് ഗൈഡ്, സൗഹൃദ ക്ലബ് എന്നിവയുടെ സഹകരണം പദ്ധതി വിജയകരമായി പൂർത്തിയാക്കാൻ സഹായിച്ചു. ഈ മാസം 29-ാം തീയ്യതി അഭിവന്ദ്യ മാർ ജോസഫ് പാംബ്ലാനി പിതാവിന്റെ കാർമികത്വത്തിൽ സ്നേഹവീടിന്റെ വെഞ്ചരിപ്പും ഗൃഹപ്രവേശവും നടക്കും. അന്നേ ദിവസം എൻ.എസ്.എസിന്റെ ആഭിമുഖ്യത്തിൽ പൂർത്തിയാക്കിയ രജതഭവനത്തിന്റെ താക്കോൽ ദാനവും നിർവ്വഹിക്കും.

## സർഗ വിദ്യാലയം- നിർമ്മലഗിരി എൽപി സ്കൂൾ വെള്ളരിക്കുണ്ട്

ചിറ്റാരിക്കാൽ ഉപജില്ലയിലെ എൽ.പി വിഭാഗത്തിലെ മികച്ച സർഗവിദ്യാലയമായി നിർമ്മലഗിരി എൽ.പി സ്കൂൾ തെരഞ്ഞെടുക്കപ്പെട്ടു. അക്ഷരപ്പൂമഴ എന്ന പേരിൽ സ്കൂളിൽ നടപ്പാക്കുന്ന പദ്ധതിയാണ് അംഗീകാരത്തിന് അർഹമാക്കിയത്. ആകാശവാണി-നിർമ്മലഗിരി-ക്ലാസ് റേഡിയോ പ്രോഗ്രാം, വാർത്തകൾ, കഥകൾ, വിവരണങ്ങൾ ഇവ കുട്ടികൾ തന്നെ റേഡിയോ പ്രോഗ്രാം പോലെ ക്ലാസിലേയ്ക്ക് സൗണ്ട് സിസ്റ്റത്തിലൂടെ വായിച്ചവതരിപ്പിക്കുന്നു. 1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ കുട്ടികൾ ചെറുകഥകൾ, കവിതകൾ, പത്രവാർത്തകൾ തുടങ്ങിയവ മൈക്കിലൂടെ വായിക്കുന്നു. ഒഴിവ് സമയങ്ങളിൽ പ്രത്യേകം സജ്ജമാക്കിയ വായനാമുറികളിൽ കുട്ടികൾ പുസ്തകങ്ങൾ വായിക്കുന്നു. വായനാകുറിപ്പുകൾ തയ്യാറാക്കുന്നു. വായിച്ച പുസ്തകങ്ങളെ അടിസ്ഥാനമാക്കി ലഘുനാടകങ്ങൾ, സംഭാഷണങ്ങൾ ഇവ തയ്യാറാക്കി സ്കൂൾ അസംബ്ലി, ക്ലാസ്, ബാലസഭ, സി.പി.ടി.എ തുടങ്ങിയവയിൽ അവതരിപ്പിക്കുന്നു.

## പ്രളയ ബാധിത റോഡുകളുടെ പുനർനിർമ്മാണം

കരിക്കോട്ടക്കരി-പാറക്കപ്പാറ മേഖലയിൽ ഉരുൾപ്പൊട്ടലിൽ തകർന്ന റോഡുകളുടെ പുനർ നിർമ്മാണത്തിൽ എൻ.എസ്.എസ് യൂണിറ്റുകൾ പങ്കെടുത്തു.

സേക്രട് ഹാർട്ട് എച്ച്.എസ്.എസ് അങ്ങാടിക്കടവ്, സെന്റ് മേരീസ് എച്ച്.എസ്.എസ് എടൂർ, സെന്റ് ജോസഫ് എച്ച്.എസ്.എസ് കുന്നോത്ത് തുടങ്ങിയ ഹയർ സെക്കന്ററി സ്കൂളിലെ എൻ.എസ്.എസ് യൂണിറ്റുകൾ നാട്ടുകാരുടെയും തൊഴിലുറപ്പുകാരുടെയും സഹകരണത്തോടെയാണ് പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടത്. വാർഡ് മെമ്പർ മേരി വാഴാംപ്ലാക്കൽ, എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർമ്മാരായ പി.സി സജയ്, റോബിൻ തുടങ്ങിയവർ നേതൃത്വം നൽകി.

## സെക്രട്ടേറിയേറ്റ് ധർണ്ണ – 21.01.2019

അധ്യാപക നിയമനങ്ങൾ അംഗീകരിക്കുക, ഹയർസെക്കണ്ടറി ഏകീകരണം അവസാനിപ്പിക്കുക, ബ്രോക്കൺസർവ്വീസ് പെൻഷനു പരിഗണിക്കുക. കെ.ഇ.ആർ/കെ.എസ്.ആർ ഭേദഗതികൾ പിൻവലിക്കുക എന്നീ ആവശ്യങ്ങളുന്നയിച്ച് കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് 21.01.2019 ന് നടത്തിയ തിരുവനന്തപുരം സെക്രട്ടേറിയേറ്റ് ധർണ്ണയിൽ നോൺ അപ്രൂവ്ഡ് ടീച്ചേഴ്സ് അസോസിയേഷൻ കണ്ണൂർ ജില്ലാ പ്രസിഡണ്ട് സോണി സെബാസ്റ്റ്യൻ, സെക്രട്ടറി സിജോ ഡൊമിനിക്, ട്രഷറർ ജോഷി എന്നിവർ യാത്രയുടെ സംഘാടനത്തിന് നേതൃത്വം നൽകി. കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന സെക്രട്ടറി മാത്യു ജോസഫ്, കോഴിക്കോട് മേഖലാ ട്രഷറർ ശ്രീ ബിജു കുറുമുട്ടം, തലശ്ശേരി അതിരൂപതാ ടീച്ചേഴ്സ് ഗിൽഡ് പ്രസിഡണ്ട് സജീവ് സി.ഡി, മേഖലാ കൺവീനർമാരായ സ്റ്റാനി കെ.എം, ജോർജ്ജ് ടി.ജെ എന്നിവർ റാലിക്ക് നേതൃത്വം നൽകി.

**ഫാ. മാത്യു ശാസ്താംപടവിൽ**
അസി. കോർപ്പറേറ്റ് മാനേജർ

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
കോർപ്പറേറ്റ് മാനേജർ

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

**ഫോൺ : 8281750777 , 8281730777**
E-mail: sanjoseacademytly@gmail.com, sanjoactly@gmail.com

സാൻജോസ് അക്കാഡമിയുടെ വിവിധ പരീക്ഷാപരിശീലനങ്ങളിൽ വിവിധ സ്ഥലങ്ങളിൽ സജീവമായി നടത്തപ്പെടുന്ന കാലഘട്ടമാണിത്. ഏപ്രിൽ മാസം മുതൽ ആരംഭിക്കുന്ന വിവിധ എൻട്രൻസ് പരീക്ഷകൾക്ക് വേണ്ടി തീവ്രമായ ഒരുക്കങ്ങൾ വിദ്യാർത്ഥികൾ നടത്തേണ്ട സമയമാണിത്. ഈ വർഷത്തെ വാർഷിക പരീക്ഷകൾക്കുശേഷം വിവിധ കേന്ദ്രങ്ങളിൽ വളരെ വിപുലമായ തോതിലുള്ള പരീക്ഷാ പരിശീലനങ്ങൾക്ക് വേണ്ടിയുള്ള ക്രമീകരണങ്ങൾ അക്കാഡമി ചെയ്തിട്ടുണ്ട്. എന്നാൽ ഓരോ കേന്ദ്രങ്ങളിലും നിശ്ചിത സീറ്റുകൾ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. അക്കാഡമിക്ക് സെക്യുലർ സ്വഭാവം ഉള്ളതിനാൽ ഇപ്പോൾ മുതൽ മറ്റു കുട്ടികൾ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിലും ഇടവകകളിലുമുള്ള കുട്ടികളെ ഇത്തരം പരീക്ഷകളെഴുതാൻ പ്രേരിപ്പിക്കുകയും ഇതിനുവേണ്ടിയുള്ള സാൻജോസ് അക്കാഡമിയുടെ പരിശീലനങ്ങളിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. ബഹു. വികാരിയച്ചന്മാരുടെയും പ്രധാനാദ്ധ്യാപകരുടെയും പ്രത്യേകശ്രദ്ധയും താൽപര്യവും ഇക്കാര്യത്തിൽ പ്രത്യേകം അഭ്യർത്ഥിക്കുന്നു.

## I. NEET/JEE / KEAM Crash Coaching

മെഡിക്കൽ-എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷകളുമായി ബന്ധപ്പെട്ടും, ദേശീയ-സംസ്ഥാന യൂണിവേഴ്സിറ്റികൾ, മറ്റു പ്രത്യേക സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടുമുള്ള എൻട്രൻസ് പരീക്ഷകളുടെ അപേക്ഷകൾ സമർപ്പിക്കേണ്ട സമയമാണിപ്പോൾ. ഇതുമായി ബന്ധപ്പെട്ട വിവിധ പരീക്ഷകൾക്ക് ഒരുക്കമായി ഒരുമാസക്കാലം നീണ്ടുനിൽക്കുന്ന Entrance Crash Coaching 2019 മാർച്ച് 28 മുതൽ മെയ് ആദ്യ ആഴ്ചവരെ അതിരൂപതയുടെ വിവിധ കേന്ദ്രങ്ങളിൽ വച്ച് ആരംഭിക്കപ്പെടുന്നതാണ്. പേരാവൂർ, കുന്നോത്ത്, ആലക്കോട്, വെള്ളരിക്കുണ്ട് എന്നീ കേന്ദ്രങ്ങളിലായിരിക്കും ഇത്തവണത്തെ Crash Coaching-കൾ നൽകപ്പെടുക. വിദ്യാർത്ഥികൾക്ക് ഭവനങ്ങളിൽനിന്ന് ദിനംപ്രതി കോച്ചിംങ് സെന്ററുകളിൽ എത്തിച്ചേരാവുന്ന വിധത്തിലാണ് ക്ലാസുകൾ ക്രമപ്പെടുത്തുന്നത്. ഓരോ സെന്ററുകളിലും പരമാവധി 50 കുട്ടികളെയാണ് പ്രതീക്ഷിക്കുന്നത്. അതിനാൽ തന്നെ സീറ്റുകൾ പരിമിതമായിരിക്കും. ബഹു.അച്ചൻമാർ നമ്മുടെ ഇടവകകളിലെ മിടുക്കരായ കുഞ്ഞുങ്ങളെ സെന്ററുകളിലേക്ക് പറഞ്ഞയയ്ക്കുമല്ലോ. താമസിച്ചു പഠിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് സെന്ററുകളോട് അനുബന്ധിച്ചിട്ടുള്ള സ്ഥലങ്ങളിൽ താമസസൗകര്യം ക്രമീകരിക്കാൻ സഹായിക്കുന്നതാണ്.

## II. K-TET Coaching

എൽ.പി.സ്കൂൾതലം മുതൽ ഹൈസ്ക്കൂൾതലംവരെയുള്ള അദ്ധ്യാപകരാകാനുള്ള ഗവൺമെന്റ് എൻട്രൻസ് പരീക്ഷയായ K-TET മൂന്നാം ബാച്ചിന്റെ പരിശീലനം 16.2.2018 ശനിയാഴ്ച ഇരിട്ടി സെന്റ് ജോസഫ്സ് ചർച്ച് ഓഡിറ്റോറിയം, തളിപ്പറമ്പ് സെന്റ് മേരീസ് ചർച്ച് ഓഡിറ്റോറിയം എന്നിവിടങ്ങളിൽ ആരംഭിക്കുന്നതാണ്. പുതിയ ബാച്ചിൽ പ്രവേശനം ആഗ്രഹിക്കുന്നവർക്ക് 8281750777, 8281730777 എന്നീ നമ്പറുകളിൽ വിളിച്ച് സീറ്റ് ബുക്ക് ചെയ്യാവുന്നതാണ്.

## III. Bridge +1

എൻട്രൻസ് പരീക്ഷകൾക്ക് ഒരുക്കമായി രണ്ട് വർഷം നീണ്ടുനിൽക്കുന്ന പരിശീലന ക്യാമ്പുകൾ രൂപതയുടെ 3 കേന്ദ്രങ്ങളിൽവച്ച് നടത്തപ്പെടുകയാണ്. ഒന്നാം വർഷ പ്ലസ്ടു വിദ്യാർത്ഥികൾക്ക് വേണ്ടി മെയ് ആദ്യവാരം മുതൽ ക്ലാസുകൾ ആരംഭിക്കും. കുന്നോത്ത്, ആലക്കോട്, വെള്ളരിക്കുണ്ട് എന്നിവിടങ്ങളിലാണ് കേന്ദ്രങ്ങൾ. പത്താം ക്ലാസിൽ മികച്ച വിജയം പ്രതീക്ഷിക്കുന്ന കുട്ടികൾക്ക് ഇപ്പോൾത്തന്നെ പേർ രജിസ്റ്റർ ചെയ്യാവുന്നതാണ്. കോഴ്സുകൾക്ക് രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതാണ്. വലിയ അവധിക്കാലങ്ങളിലും, പ്രധാന അവധി ദിവസങ്ങളിലും ശനിയാഴ്ച ദിവസങ്ങളിലുമാണ് ക്ലാസ്സുകൾ നടത്തപ്പെടുക.

## IV. Bridge +2

ഇക്കഴിഞ്ഞ വർഷത്തിൽ ആരംഭിച്ച എൻട്രൻസ് പരിശീലനങ്ങളുടെ തുടർച്ചയായി പ്ലസ്ടു പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്കായുള്ള എൻട്രൻസ് രണ്ടാം വർഷ പരിശീലനം കുന്നോത്ത് ഹയർസെക്കൻഡറി സ്ക്കൂളിലും തോമാപുരം ഹയർ സെക്കൻഡറി സ്ക്കൂളിലും, വെള്ളരിക്കുണ്ട് സെന്റ് ജൂഡ്സ് ഹയർസെക്കന്ററി സ്കൂളിലും വച്ച് ഏപ്രിൽ ആദ്യവാരം മുതൽ ആരംഭിക്കുന്നതാണ്. രണ്ടാം വർഷ പരിശീലനത്തിൽ പുതുതായി അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് സാൻജോസ് അക്കാഡമി ഓഫീസിൽ പേർ രജിസ്റ്റർ ചെയ്യാവുന്നതാണ്.

## V. PSC Coaching

കേന്ദ്ര- സംസ്ഥാന ഗവൺമെന്റ് മേഖലകളിൽ ജോലിയിൽ പ്രവേശിക്കുവാനുള്ള കവാടമാണല്ലോ P.S.C., U.P.S.C. പരീക്ഷകൾ. ലളിതവും എന്നാൽ നല്ല ഒരുക്കവും പരിശീലനവും ആവശ്യമായ പരീക്ഷാഘടനയാണ് ഇതിനുള്ളത്. നമ്മുടെ അതിരൂപതയിലെ വിവിധ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തി നടത്തപ്പെടുന്ന ഈ പരിശീലന പദ്ധതി കാര്യക്ഷമമായി മുന്നോട്ടുപോകുന്നു. പൈസക്കരി ദേവമാതാ കോളേജ്, ആലക്കോട് മേരിമാതാ കോളേജിലുമായി 200 ഓളം വിദ്യാർത്ഥികൾ പരിശീലനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു.

## VI. NET Exam Crash Coaching

മെയ് മാസത്തിൽ നടക്കാനിരിക്കുന്ന നെറ്റ് പരീക്ഷയുടെ ഒരുക്കമായുള്ള ക്രാഷ് കോച്ചിങ് ക്യാമ്പ് ഏപ്രിൽ മാസത്തോടെ തലശ്ശേരി സന്ദേശഭവൻ,

ഇരിട്ടി സെന്റ് ജോസഫ്സ് ഓഡിറ്റോറിയം എന്നിവിടങ്ങളിൽ വച്ച് ആരംഭിക്കുന്നതാണ്. മാനവിക വിഷയങ്ങളുടെ ജനറൽ പേപ്പറിന്റെ വിഷയങ്ങളായിരിക്കും പഠിപ്പിക്കപ്പെടുക. പി.ജി. രണ്ടാം വർഷം പഠിച്ചുകൊണ്ടിരിക്കുന്നവർക്കും പൂർത്തിയാക്കിയവർക്കും കോളേജ് അധ്യാപകരാകാനും റിസേർച്ച് ഫെലോസ് ആകാനുമുള്ള യോഗ്യതാപരീക്ഷയായ യു.ജി.സി. നെറ്റ് പരീക്ഷയ്ക്ക് വേണ്ടി ഒരുങ്ങാവുന്നതാണ്.

## VII THE LEADER

വിദ്യാർത്ഥികളുടെ വ്യക്തിത്വവികസനം ലക്ഷ്യമാക്കികൊണ്ട് നടത്തപ്പെടുന്ന ദി ലീഡർ പ്രോഗ്രാം ഈ വർഷവും സംഘടിപ്പിക്കപ്പെടുന്നുണ്ട്. നമ്മുടെ അതിരൂപതയിലെ മതബോധന വിദ്യാർത്ഥികളെയും ചെറുപുഷ്പ മിഷൻ ലീഗ് പ്രവർത്തകരെയുമാണ് ഇതിലേക്ക് പ്രതീക്ഷിക്കുന്നത്. ആറാം ക്ലാസ് മുതൽ പത്താം ക്ലാസ്സ്വരെ പഠിക്കുന്ന 80 കുട്ടികൾക്കുവേണ്ടിയാണ് ഈ ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. അതിരൂപതയുടെ പരിശീലന കേന്ദ്രങ്ങളായ സന്ദേശഭവൻ, പടന്നക്കാട് പാസ്റ്ററൽ സെന്റർ എന്നിവിടങ്ങളിലാണ് ചെറുപുഷ്പ മിഷൻ ലീഗിനോട് സഹകരിച്ചുകൊണ്ടുള്ള ഈ ക്യാമ്പുകൾ നടത്തപ്പെടുക. സന്ദേശഭവനിൽ വച്ച് മെയ് 8 മുതൽ 11 വരെയുള്ള ദിവസങ്ങളിലും പടന്നക്കാട് മെയ് 15 മുതൽ 18 വരെയുള്ള ദിവസങ്ങളിലുമാണ് ക്യാമ്പുകൾ നടത്തപ്പെടുക. രജിസ്ട്രേഷൻ ഫീസ് 900 രൂപയായിരിക്കും. ചെറുപുഷ്പ മിഷൻ ലീഗ് ഓഫീസിലോ, സാൻജോസ് അക്കാഡമി ഓഫീസിലോ പേർ രജിസ്റ്റർ ചെയ്യാവുന്നതാണ്.

## VIII സാൻജോസ് സിവിൽ സർവ്വീസ് അക്കാഡമി

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് എജ്യുക്കേഷൻ ഏജൻസിയുടെ ശ്രദ്ധേയമായ സിവിൽ സർവ്വീസ് പരിശീലന പദ്ധതി സാൻജോസ് അക്കാഡമിയുമായി സഹകരിച്ചുകൊണ്ട് തുടരാൻ ആഗ്രഹിക്കുന്നു. ഇതിന്റെ ഭാഗമായി ഈ വർഷം 8 -ാം ക്ലാസിൽ പഠിക്കുന്ന, കഴിഞ്ഞ പരീക്ഷകളിൽ മുഴുവൻ എ പ്ലസ് നേടിയ മികച്ച വിദ്യാർത്ഥികളിൽ നിന്നും പൊതുവിജ്ഞാനത്തിൽ പ്രവേശനപരീക്ഷ നടത്തി 50 വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നു. ഇവർക്ക് വേണ്ടി പ്രത്യേക പരിശീലനങ്ങൾ ഇരിട്ടി, കരുവഞ്ചാൽ എന്നിവിടങ്ങളിൽ വച്ച് നടത്തപ്പെടുന്നതായിരിക്കും. നമ്മുടെ കോർപ്പറേറ്റ് സ്ക്കൂളുകളിൽ നിന്നുള്ള കുട്ടികളെയാണ് പ്രതീക്ഷിക്കുന്നത്. വലിയ അവധിക്കാലങ്ങളിൽ ക്ലാസ്സുകൾ ആരംഭിക്കുന്നതാണ്. വിശദാംശങ്ങൾ പിന്നീട് സ്ക്കൂളുകളിൽ അറിയിക്കുന്നതാണ്.

## IX. ജോലി ഒഴിവ്

സാൻജോസ് അക്കാഡമിയുടെ വിവിധ പരിശീലനകേന്ദ്രങ്ങളിലേക്ക് കെമിസ്ട്രി, ഫിസിക്സ്, കണക്ക്, സുവോളജി, ബോട്ടണി എന്നീ വിഷയങ്ങളിൽ പി.ജി കഴിഞ്ഞ അധ്യാപകരെ ദിവസവേതനത്തിൽ നിയമിക്കുന്നതാണ്. ഈ വിഷയങ്ങളിൽ മികച്ച എൻട്രൻസ് കോച്ചിംങ് നൽകാൻ പ്രാഗല്ഭ്യമുള്ള അധ്യാപകരെയാണ് അക്കാഡമി പ്രതീക്ഷിക്കുന്നത്. നമ്മുടെ ഇട

വകകളിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾ ഉണ്ടെങ്കിൽ ബഹു.വികാരിയച്ച ന്മാർ ഈ വിവരം പള്ളികളിൽ അറിയിക്കുമല്ലോ. അതോടൊപ്പം പി.എസ്.സി കോച്ചിംങ്ങിന്റെ ഭാഗമായുള്ള വിവിധ വിഷയങ്ങളിൽ ക്ലാസുകൾ എടുക്കാൻ യോഗ്യരായ അധ്യാപകരെയും അക്കാഡമിയിലേക്ക് ഏറെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു. നമ്മുടെ കോർപ്പറേറ്റിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്ന അധ്യാപക-ഉദ്യോഗാർത്ഥികളായ സഹോദരങ്ങൾക്ക് ഈ സുവർണ്ണാവസരം പ്രയോജനപ്പെടുത്താവുന്നതാണ്.

വിവിധ സ്ഥാപനങ്ങളും കമ്പനികളും അവരുടെ വിവിധ കേന്ദ്രങ്ങളിൽ വരുന്ന ഒഴിവുകൾ സാൻജോസ് അക്കാഡമിയിൽ അറിയിക്കാറുണ്ട്. നമ്മുടെ ഇടവകകളിൽപ്പെടുന്ന അഭ്യസ്ഥവിദ്യരായ ആളുകൾക്ക് സാൻജോസ് അക്കാ ഡമിയുമായി ബന്ധപ്പെടുകയാണെങ്കിൽ ഇത്തരം ജോലി ഒഴിവുകളെ സംബ ന്ധിച്ചുള്ള അറിവുകൾ കൈമാറുന്നതാണ്.

## X. 'വിജയവീഥി : ഉപരിപഠന വഴികാട്ടി'- പുസ്തകം

സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ പത്താം ക്ലാസ്സ്, പ്ലസ് ടു പഠിക്കുന്ന കുട്ടികൾക്ക് പഠനശേഷം തെരെഞ്ഞെടുക്കാവുന്ന വിവിധ കോഴ്സുകളെസംബന്ധിച്ചും പരീക്ഷകളെസംബന്ധിച്ചും വിശദമായി പ്രതി പാദിക്കുന്ന 'വിജയവീഥി ഉപരിപഠന വഴികാട്ടി' എന്ന പുസ്തകം പ്രസിദ്ധീ കരിച്ചിട്ടുണ്ട്. ഈ പുസ്തകത്തിന്റെ പ്രകാശന കർമ്മം 7.1.2019 തിങ്കളാഴ്ച സന്ദേശഭവനിൽ വച്ച് പെരിയ ബഹു.വികാരി ജനറാൾ മോൺ. അലക്സ് താരാമംഗലം അച്ചൻ ബഹു.തോമസ് തൈത്തോട്ടത്തിലച്ചന് ആദ്യ പ്രതി നൽകി നിർവഹിച്ചു. ബഹു. പയസ് പടിഞ്ഞാറെമുറിയിലച്ചൻ ചടങ്ങിന് സ്വാഗതം ആശംസിച്ചു. ബഹു. മാത്യു ആശാരിപ്പറമ്പിലച്ചൻ പുസ്തകം പരിചയപ്പെടുത്തി. ബഹു. ജേക്കബ് വെണ്ണായപ്പിള്ളിയച്ചൻ ചടങ്ങിന് നന്ദി രേഖപ്പെടുത്തി. ഈ കാലയളവിൽ വിവിധ പരീക്ഷകൾ എഴുതി പുതിയ കോഴ്സുകൾക്കുവേണ്ടി കാത്തിരിക്കുന്നവർക്ക് ഇത് ഒരു നല്ല വഴികാട്ടിയായ പുസ്തകമായിരിക്കും. എല്ലാ ഹൈസ്കൂളുകളിലെയും ഹയർസെക്കണ്ടറി യിലെയും കുട്ടികൾക്ക് ഇത് ഉപകാരപ്രദമാവട്ടെ എന്ന് ആശംസിക്കുന്നു. പുസ്തക വില 100 രൂപ. കൂടുതൽ കോപ്പികൾ എടുക്കുന്നവർക്ക് പ്രത്യേക ഡിസ്ക്കൗണ്ട് നൽകുന്നതാണ്.

## XI സെമിനാറുകൾ - ക്ലാസ്സുകൾ

മാതാപിതാക്കൾ, പി.ടി.എ, യുവജനങ്ങൾ, കുട്ടികൾ എന്നിവർക്കുവേ ണ്ടിയുള്ള പ്രത്യേക ക്ലാസ്സുകളും സെമിനാറുകളും സാൻജോസ് അക്കാ ഡമിയുടെ നേതൃത്വത്തിൽ ഇടവകകളിലും, സ്ഥാപനങ്ങളിലും നടത്തി ക്കൊടുക്കുകയും ആവശ്യമായ റിസോഴ്സ് പേഴ്സൺസിനെ ക്രമീകരിച്ച് നല്കുന്നതുമാണ്.

1. 30.12.2018 ഞായറാഴ്ച കണിച്ചാർ, നെല്ലിക്കാംപൊയിൽ ഇടവകകളിൽ വച്ച് നടന്ന യുവജന കൂട്ടായ്മ ആർമിയിൽ ബഹു. ഡയറക്ടറച്ചൻ സംബ

സന്ധിക്കുകയും സാൻജോസ് അക്കാഡമി പ്രവർത്തനങ്ങൾ യുവജനങ്ങളോട് വിശദീകരിക്കുകയും ചെയ്തു.

2. 05.01.2019 ശനിയാഴ്ച ബഹു. ഡയക്ടറച്ചൻ ചാവറഗിരി ഇടവക സന്ദർശിക്കുകയും വിശുദ്ധ കുർബാന അർപ്പിച്ച് സാൻജോസ് അക്കാഡമി പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു.
3. 13.01.2019 ഞായറാഴ്ച കോളയാട് ഇടവകയിൽ ബഹു. പയസച്ചൻ വി. കുർബാനയർപ്പിക്കുകയും സാൻജോസ് അക്കാഡമി പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു.
4. 14.01.2019 തിങ്കളാഴ്ച തോമാപുരം ഹയർസെക്കൻഡറി സ്ക്കൂളിൽ വച്ച് കരിയർ ഗൈഡൻസ് കോഴ്സ് പ്ലസ്ടു വിദ്യാർത്ഥികൾക്ക് വേണ്ടി സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു.
5 20. 01. 2019 ഞായറാഴ്ച ബഹു. ഡയറക്ടറച്ചൻ ചെമ്പന്തൊട്ടി ഇടവകയിൽ വിശുദ്ധ കുർബാനയർപ്പിക്കുകയും സാൻജോസ് അക്കാഡമി പ്രവർത്തനങ്ങൾ ഇടവക ജനങ്ങളോട് വിശദീകരിക്കുകയും ചെയ്തു.
6. 19.1.2019 രത്നഗിരി ഇടവകയിൽ വി. കുർബാനയർപ്പിച്ച് ബഹു. പയസച്ചൻ സാൻജോസ് അക്കാഡമി പ്രവർത്തനങ്ങൾ ഇടവക ജനങ്ങളോട് വിശദീകരിച്ചു.
7. 25.01.2019 വെള്ളിയാഴ്ച ബഹു. പയസച്ചൻ പുറവയൽ ഇടവകയിൽ വി. കുർബാനയർപ്പിക്കുകയും ഇടവക വാർഷിക ആഘോഷ പരിപാടികളിൽ സംബന്ധിച്ച് സാൻജോസ് അക്കാഡമി പ്രവർത്തനങ്ങൾ വിശദീകരിച്ചു.
8. 27.01.2019 ഞായറാഴ്ച പേരാവൂർ ഇടവകയിൽ വി. കുർബാനയർപ്പിക്കുകയും ബഹു. പയസച്ചൻ സാൻജോസ് അക്കാഡമി പ്രവർത്തനങ്ങൾ ഇടവക ജനങ്ങളോട് വിശദീകരിക്കുകയും ചെയ്തു

ജനുവരി മാസത്തിൽ സാൻജോസ് അക്കാഡമി പ്രവർത്തനങ്ങളുടെ ഭാഗമായി ബഹു. ഡയറക്ടറച്ചൻ കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസിയുടെ കീഴിലുള്ള ഹൈസ്ക്കൂളുകളും, ഹയർ സെക്കണ്ടറി സ്ക്കൂളുകളും സന്ദർശിക്കുകയും വിവിധ എൻട്രൻസ് പരീക്ഷകളെ സംബന്ധിച്ചും സാൻജോസ് അക്കാഡമി പരിശീലനങ്ങളെ സംബന്ധിച്ചും വിദ്യാർത്ഥികളോട് വിശദീകരിച്ചു. ഇതിനുള്ള ക്രമീകരണങ്ങൾ ചെയ്തുതന്ന എല്ലാ പ്രധാനാധ്യാപകർക്കും അധ്യാപകർക്കും പ്രത്യേകം നന്ദിയർപ്പിക്കുന്നു.

## ഹൃദയപൂർവ്വം

സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സഹായസഹകരണങ്ങൾ നല്കിയ ഏവരെയും നന്ദിയോടെ ഓർക്കുന്നു. തുടർന്നും പ്രോത്സാഹനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട്,

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

# വിമൽജ്യോതി വാർത്തകൾ

**ചെമ്പേരി വിമൽജ്യോതിയിൽനിന്നും സ്നേഹാശംസകൾ!**

## വിമൽ ജ്യോതിയിൽ നിലവിലുള്ള കോഴ്സുകൾ :

| **B.Tech** | **Seats** |
|---|---|
| 1. Applied Electronics & Instrumentation | - 30 |
| 2. Civil Engineering | - 120 |
| 3. Computer Science & Engineering | - 120 |
| 4. Electrical & Electronics Engineering | - 60 |
| 5. Electronics & Communication Engineering | - 90 |
| 6. Mechanical Engineering | - 120 |

| **M.Tech** | |
|---|---|
| 1. Control & Instrumentation | - 24 |
| 2. Stuctural Engineering & Construction Management | - 24 |
| 3. Computer Science & Engineering | - 24 |
| 4. Power Electronics | - 24 |
| 5. Communication Engineering & Signl Processing | - 24 |
| 6. Thermal Engineering | - 24 |

**Ph.D**

**MBA**

Dual specialisation in : Marketing, Finance & HRM - 60

മുകളിൽ പറഞ്ഞിരിക്കുന്ന കോഴ്സുകളിൽ ചേരാനാഗ്രഹിക്കുന്ന കുട്ടികൾക്ക് നേരത്തെതന്നെ സീറ്റുകൾ ബുക്ക് ചെയ്യുവാൻ സൗകര്യമുണ്ട്. കൂടുതൽ വിവരങ്ങൾക്ക് കോളേജിൽ നേരിട്ട് വരികയോ താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പരിൽ വിളിക്കുകയോ ചെയ്യുക : 9447683082, 0460 2213399, 2212240.

## എൻജിനീയറിംഗ് എൻട്രൻസ് റെസിഡൻഷ്യൽ ക്രാഷ് കോഴ്സ് – രജിസ്ട്രേഷൻ ആരംഭിച്ചു

കേരളാ ഗവൺമെന്റ് നടത്തുന്ന എൻട്രൻസ് പരീക്ഷയുടെയും, പ്ലസ്ടു പരീക്ഷയിൽ ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് വിഷയങ്ങൾക്ക് കിട്ടുന്ന മാർക്കിന്റെയും അടിസ്ഥാനത്തിലാണ് മെറിറ്റ് അഡ്മിഷൻ. മുൻവർഷങ്ങളിൽ നടത്തിയിരുന്നതുപോലെ ഈ വർഷവും നമ്മുടെ കോളേജിൽവച്ച് എൻജിനീയറിംഗ് എൻട്രൻസിനായുള്ള റെസിഡൻഷ്യൽ ക്രാഷ് കോഴ്സ് നടത്തുന്നുണ്ട്. മാർച്ച് 29 മുതൽ ഏപ്രിൽ 13 വരെയാണ് ക്ലാസ്സുകൾ. ഏപ്രിൽ 22,23 തീയതികളിലാണ് എൻട്രൻസ് പരീക്ഷ നടക്കുന്നത്. വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിലെ അദ്ധ്യാപകരുടെ നേതൃത്വത്തിലാണ് കോഴ്സ് നടത്തുന്നത്. നിരവധി വർഷത്തെ പരിചയമുള്ള പ്രഗത്ഭരായ അദ്ധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു. ബഹു. വൈദികരുടേയും, ബഹു. സിസ്റ്റേഴ്സിന്റെയും മേൽനോട്ടത്തിലാണ് കോളേജിൽ എല്ലാ കുട്ടികൾക്കും താമസ സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നത്. എൻജിനീയറിംഗ്

പഠിക്കാനാഗ്രഹമുള്ള കുട്ടികളെ ഈ വിവരങ്ങൾ അറിയിക്കണമെന്ന് താല്പ ര്യപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും : 0460 2212240, 2213399

## വിമൽ ജ്യോതി സിവിൽ സർവ്വീസ് അക്കാദമിയുടെ ഉദ്ഘാടനം 2019 ഫെബ്രുവരി 1ന്

ചെമ്പേരി വിമൽ ജ്യോതി സിവിൽ സർവ്വീസ് അക്കാദമിയുടെ ഔപചാ രികമായ ഉദ്ഘാടനം 01.02.2019ന് വെള്ളിയാഴ്ച്ച 2 മണിക്ക് തലശ്ശേരി അതി രൂപതാദ്ധ്യക്ഷൻ മാർ. ജോർജ് ഞരളക്കാട്ട് പിതാവ് നിർവ്വഹിക്കുന്നു. റിട്ട. ഡി.ജി.പി. ശ്രീ.കെ.ജെ. ജോസഫ് ഐ.പി.എസ് അദ്ധ്യക്ഷപ്രസംഗം നട ത്തുന്നു. വിമൽ ജ്യോതി സ്ഥാപനങ്ങളുടെ സ്ഥാപക ചെയർമാൻ മോൺ. മാത്യു എം ചാലിൽ അനുഗ്രഹപ്രഭാഷണം നടത്തുന്നു. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലുമായി 80 ഓളം സെന്ററുകളിൽ ഓൺലൈനായി സിവിൽ സർവ്വീസ് കോച്ചിംഗ് നടത്തുന്ന എ.എൽ.എസിന്റെ എക്സിക്യൂട്ടീവ് ഡയറ ക്ടർ ശ്രീ. ജോജോ മാത്യുവാണ് മുഖ്യ പ്രഭാഷകൻ. ചെയർമാൻ റവ. ഡോ. തോമസ് മേൽവെട്ടത്ത് സ്വാഗതവും, പ്രിൻസിപ്പാൾ ഡോ. ബെന്നി ജോസഫ് വിഷയാവതരണവും നടത്തുന്നു. പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ജോസഫ് ഐസക്, ചെമ്പേരി ഫൊറോന വികാരി റവ.ഡോ.ജോർജ് കാഞ്ഞിരക്കാട്ട്, നിർമ്മലഗിരി കോളേജ് പ്രിൻസിപ്പാൾ ഡോ. ഔസേപ്പച്ചൻ കെ.വി., വിമൽ ജ്യോതി എം.ബി.എ കോളേജ് പ്രിൻസിപ്പാൾ ഡോ. തോമസ് മൈക്കിൾ, തലശ്ശേരി സാൻജോസ് അക്കാഡമി ഡയറക്ടർ ഫാ. പയസ് പടിഞ്ഞാറെ മുറിയിൽ, അഡ്മിനിസ്ട്രേറ്റർ റവ ഫാ. ജിനു വടക്കേമുളഞ്ഞനാൽ, ബർസാർ റവ. ഫാ. ജോർജ് ആശാരികുന്നേൽ, പഞ്ചായത്ത് മെമ്പർ ശ്രീമതി. പൗളിൻ തോമസ്, കോർഡിനേറ്റർ ശ്രീ. സ്റ്റാൻലി കുര്യൻ എന്നിവർ ചടങ്ങിൽ സംസാ രിക്കുന്നു.

## പ്ലേസ്മെന്റ് വാർത്തകൾ

1. പ്രമുഖ ബഹുരാഷ്ട്ര ഐ.റ്റി കമ്പനിയായ Cognizant Technology Services ന്റെ ക്യാമ്പസ് റിക്രൂട്ട്മെന്റ് ടെസ്റ്റ് 24.01.2019ന് വിമൽ ജ്യോതിയിൽ നടന്നു.
2. കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന "Poornam Infovision" സംഘ ടിപ്പിക്കുന്ന Pool Campus Recruitment 29.01.19ന് വിമൽ ജ്യോതിയിലെ 30 കുട്ടികൾ പങ്കെടുക്കുന്നു.
3. ഫെബ്രുവരി 5,6 തീയതികളിൽ മൾട്ടിനാഷണൽ കമ്പനിയായ Amazon സംഘടിപ്പിക്കുന്ന Pool Campus Recruitment ൽ വിമൽ ജ്യോതിയിൽ നിന്ന് 50 ഓളം കുട്ടികൾ പങ്കെടുത്തു.

സ്നേഹാശംസകളോടെ,

**ഫാ. തോമസ് മേൽവെട്ടത്ത്**
ചെയർമാൻ, വിമൽജ്യോതി

# നിർമ്മലഗിരി വാർത്തകൾ

## പേട്രൺസ് ഡേ ആഘോഷം

നിർമ്മലഗിരി കോളേജ് പേട്രൺ അഭിവന്ദ്യ ഞറളക്കാട്ട് പിതാവിന് ആശംസകൾ അർപ്പിച്ചുകൊണ്ട് 22-1-2019-ന് പേട്രൺസ് ഡേ ആഘോഷം സംഘടിപ്പിച്ചു. പ്രിൻസിപ്പാൾ ഡോ.കെ.വി.ഔസേപ്പച്ചൻ, സ്റ്റാഫ് അസോസിയേഷൻ പ്രസിഡന്റ് സി.ഗ്രേസി.സി.സി. എന്നിവർ നേതൃത്വം നല്കിയ ചടങ്ങിൽ കോളേജ് സമൂഹം അഭിവന്ദ്യപിതാവിന് ആശംസകൾ നേർന്നു.

## ക്രിസ്മസ് ആഘോഷം

ക്രിസ്തുമസിനോടനുബന്ധിച്ച് അധ്യാപകരും വിദ്യാർത്ഥികളും സംയുക്തമായി നടത്തിയ ആഘോഷത്തിൽ ഡി.വൈ.എസ്.പി. പ്രിൻസ് അബ്രാഹം മുഖ്യാതിഥിയായി ക്രിസ്തുമസ് സന്ദേശം നല്കി.

## പുതുവത്സരാഘോഷം

ജനുവരി ഒന്നിന് നിർമലഗിരികോളേജ് അധ്യാപകരുടെയും അനധ്യാപകരുടെയും ആഭിമുഖ്യത്തിൽ നടത്തിയ പുതുവത്സര കൂട്ടായ്മയിൽ കോളേജ് മാനേജർ അഭിവന്ദ്യ ജോസഫ് പാംപ്ലാനിപിതാവ് മുഖ്യാതിഥി ആയിരുന്നു.

## ഫോക്‌ലോർ ദ്വിദിന സെമിനാർ

നിർമലഗിരി കോളേജ് മലയാള വിഭാഗത്തിന്റെയും ഫോസിൽ ഇൻഡ്യയുടെയും സംയുക്താഭിമുഖ്യത്തിൽ നാടോടിവിജ്ഞാനീയത്തെ സംബന്ധിച്ച് ദേശീയസെമിനാർ നടന്നു. പോണ്ടിച്ചേരി സർവകലാശാല പ്രൊഫസർ ചെല്ലപെരുമാൾ സെമിനാർ ഉത്ഘാടനം ചെയ്തു.

## എൻ.എസ്.എസ്. ക്യാമ്പ്

ഈ അധ്യയന വർഷത്തെ നാഷണൽ സർവ്വീസ് സ്കീം സപ്തദിന സഹവാസക്യാമ്പ് തയ്യേനി ലൂർദ്മാതാപള്ളിയുടെ സഹകരണത്തോടെ തയ്യേനിയിൽ വച്ചുനടത്തി. ഡിസംബർ 22 മുതൽ 27 വരെ നടന്ന ക്യാമ്പിൽ 90 കുട്ടികൾ പങ്കെടുത്തു. പ്രിൻസിപ്പാൾ ഡോ. ഔസേപ്പച്ചൻ കെ.വി., ഇടവക വികാരി ഫാ.മാത്യു ഓലിക്കൽ പ്രോഗ്രാം ഓഫീസേഴ്സായ ഇമ്മാനുവൽ ടോം, ഡോ. ദീപാ മോൾ മാത്യു എന്നിവർ നേതൃത്വം നൽകി.

## കരിയർ സെമിനാർ

കരിയർ ഗൈഡൻസ് സെല്ലിന്റെ ആഭിമുഖ്യത്തിൽ 2019 ജനുവരി 4-കോളേജ് വിദ്യാർത്ഥികൾക്കായി Higher Education Opportunities Abroad: Prospects and Challenges എന്ന വിഷയത്തെ ആധാരമാക്കി ഏകദിന ശില്പശാല സംഘടിപ്പിച്ചു.

## വാർഷിക ധ്യാനം

വിദ്യാർത്ഥികൾക്കായി ജനുവരി 14 മുതൽ 17 വരെ വാർഷിക ധ്യാനം നടത്തി. ഫാ. ജീം തോമസ് കടുത്താനം ഒ.സി.ഡി. ആയിരുന്നു ധ്യാനഗുരു.

## ശില്പശാല

വിദ്യാർത്ഥികൾക്കായി Life is a choice എന്ന വിഷയത്തിൽ അർദ്ധ ദിന ശില്പശാല സംഘടിപ്പിച്ചു. ഹോം സയൻസ് ഡിപ്പാർട്ട്മെന്റിന്റെ ആഭി മുഖ്യത്തിലായിരുന്നു ശില്പശാല.

## കെ.പി.എ.റഹീം മാസ്റ്റർ അനുസ്മരണം

നിർമലഗിരി കോളേജ് പൂർവ വിദ്യാർത്ഥിയും പ്രമുഖ ഗാന്ധിയനുമായ കെ.പി.എ.റഹിം മാസ്റ്ററിന്റെ ആക്സമിക നിര്യാണത്തിൽ അനുശോചിച്ച് നിർമലഗിരി അലുമിനി അസോസിയേഷൻ അനുസ്മരണ ചടങ്ങ് സംഘടി പ്പിച്ചു. മുൻ മന്ത്രി കെ.പി.മോഹനൻ, അസോസിയേഷൻ പ്രസിഡന്റ് മമ്പറം ദിവാകരൻ, പ്രിൻസിപ്പാൾ ഡോ. ഔസേപ്പച്ചൻ കെ.വി., ഡോ.എം.ഡി. ദേവസ്യ എന്നിവർ പ്രസംഗിച്ചു.

## അനുശോചനം

നിർമലഗിരി കോളേജ് ഇക്കണോമിക്സ് വിഭാഗം അധ്യാപകനും ആദ്യ വകുപ്പുതലവനുമായിരുന്ന എൻ.വി.വർക്കി സാറിന്റെ നിര്യാണത്തിൽ നിർമ ലഗിരി കോളേജ് അനുശോചിച്ചു.

## ആദരിച്ചു

മലേഷ്യയിൽ വച്ചുനടന്ന സ്റ്റുഡന്റ് ഒളിംമ്പിക്സ് ഇന്റർനാഷണൽ മീറ്റ് ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ സിൽവർ മെഡൽ നേടിയ അഭിനനന്ദിന്റെ കോച്ചായ മൂന്നാംവർഷ ഗണിതശാസ്ത്ര വിദ്യാർത്ഥി മോണിക്ക ഒ.യെ ആദ രിച്ചു. ചടങ്ങിൽ പ്രസിഡന്റ് ഡോ. ഔസേപ്പച്ചൻ കെ.വി., ശ്രീ. ഷിനിൽ കുര്യാക്കോസ് എന്നിവർ പങ്കെടുത്തു.

**പി.ആർ.ഒ., നിർമ്മലഗിരി കോളേജ്**

# കുടുംബ കൂട്ടായ്മ
# തലശ്ശേരി അതിരൂപത

## FAMILY RENEWAL UNITS IN THALASSERY (FRUITS)

ഡിസംബർ ഒന്നിന് ഔദ്യോഗികമായി ആരംഭംകുറിച്ച കുടുംബ കൂട്ടായ്മകൾ നമ്മുടെ അതിരൂപതയിൽ സജീവമായി വരുന്നതിൽ സന്തോഷമുണ്ട്. നവംബറിൽ ഫൊറോനതല കൺവെൻഷനുകളിൽ ഈ പുത്തൻ അജപാലന ശൈലിയുടെ ആവശ്യകതയെക്കുറിച്ചും കാലിക പ്രസക്തിയെക്കുറിച്ചും അഭിവന്ദ്യപിതാക്കന്മാർ നൽകിയ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ എല്ലാ ഇടവകകളിലും കൂട്ടായ്മകളുടെ രൂപീകരണം പൂർത്തിയായിരിക്കുന്നു. ഇടവകകളെ യൂണിറ്റുകളായി തിരിക്കുക, ഭാരവാഹികളെ കണ്ടെത്തുക എന്ന ശ്രമകരമായ ദൗത്യം കഠിനാധ്വാനത്തിലൂടെ സാധ്യമാക്കിയ ബഹുമാനപ്പെട്ട വൈദികരെ അഭിനന്ദിക്കുന്നു. തങ്ങളുടെ സമർപ്പണ ചൈതന്യത്താൽ ജനത്തിന്റെ കൂട്ടായ്മയിൽ ശുശ്രൂഷ ചെയ്യുന്ന സിസ്റ്റേഴ്സിനോടും നന്ദിപറയുന്നു. ദൈവജനം വളരെ താൽപ്പര്യത്തോടെ ഈ ആശയത്തെ നെഞ്ചിലേറ്റികഴിഞ്ഞു. സഭാജീവിതത്തിൽ പുതിയ ഉണർവ്വും പങ്കാളിത്തവും വളർന്നുവരുന്നു. ഈ കാലഘട്ടത്തിൽ തമ്പുരാൻ ഒരുക്കിതന്ന ഈ കൃപക്ക് നന്ദിപറയാം.

**കുടുംബ കൂട്ടായ്മ രൂപീകരണത്തിന്റെ രണ്ടാം ഘട്ടത്തിലേക്ക് നാം കടക്കുകയാണ്.**

പാറമേൽ പണിത ഭവനമാണ് നിലനിൽക്കുകയെന്ന് കർത്താവ് പഠിപ്പിച്ചു. മണൽപ്പുറത്ത് പണിതതൊക്കെ വൈകാതെ തകർന്നടിയും. ആവേശത്തിന്റെയും ആഘോഷത്തിന്റെയും മണൽപ്പുറത്തല്ല, ബോധ്യങ്ങളുടെയും കൃത്യമായ സംവിധാനങ്ങളുടെയും പാറപുറത്ത് കൂട്ടായ്മകളെ വളർത്തുക എന്നതാണ് ഈ രണ്ടാംഘട്ട ദൗത്യം. അതിനാൽ കുടുംബകൂട്ടായ്മകളുടെ ലക്ഷ്യങ്ങളും അതിന്റെ അടിസ്ഥാന നിയമങ്ങളും ഇതിലൂടെ സാധ്യമാകേണ്ട കർമ്മപദ്ധതികളും പഠിക്കുകയും ബോധ്യപ്പെടുകയും വേണം. കൃത്യമായ അളവിലും തൂക്കത്തിലും സംവിധാനങ്ങൾ രൂപപ്പെട്ടാൽ മാത്രമേ ഈ കൂട്ടായ്മകൾക്ക് നിലനിൽപ്പ് ഉണ്ടാവുകയുള്ളു. ചരിഞ്ഞ് പണിതാൽ കെട്ടിടങ്ങൾ തകർന്ന് വീഴുമല്ലോ. അതിനാൽ യൂണിറ്റ് ഭാരവാഹികളെ ഇടവകതലത്തിൽ വിളിച്ച് ചേർത്ത് ചർച്ചയും പഠനവും പരിശീലനവും നൽകണം. അതിലൂടെ അത്മായ നേതൃത്വ നിര വളർന്ന് വരും. അതിനാൽ എല്ലാ ഇടവകാ ഭാരവാഹികൾക്കുമായി 'പത്രോസ്' എന്ന പേരിൽ പഠന സായാഹ്നം ഒരുക്കുകയാണ്.

"നീ പത്രോസ് ആകുന്നു. ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും. നരക കവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല. (മത്തായി 16,18)

ഒരു ഫൊറോനയിൽ മൂന്ന് നാല് സ്ഥലങ്ങളിലായി യൂണിറ്റ് ഭാരവാഹികളെ വിളിച്ച് ചേർക്കുവാൻ ആഗ്രഹിക്കുന്നു. പണിയും പണവും അധികം നഷ്ടപ്പെടുത്താതെ സമീപത്ത് തന്നെ ക്രമീകരിക്കുന്നതിനാൽ മുഴുവൻ ഭാരവാഹികൾക്കും പങ്കെടുക്കാം; പങ്കെടുക്കണം തീയതികൾ വികാരിയച്ചന്മാരെ അറിയിക്കുന്നതാണ്. യൂണിറ്റ് ഭാരവാഹികളെ ഓരോരുത്തരെയും കത്ത് കൊടുത്ത് പ്രത്യേകം ക്ഷണിക്കുന്നതാണ്. കോർഡിനേറ്റർമാർ താല്പര്യത്തോടെ അത് ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. പരിശീലനം ലഭിക്കാതെ നേതൃത്വപരമായി വളരാൻ കഴിയില്ല എന്ന അടിസ്ഥാന തത്വം മനസ്സിലാക്കി ഈ 'പത്രോസ് സമ്മേളന'ങ്ങളിൽ മുഴുവൻ ഭാരവാഹികളെയും പങ്കെടുപ്പിക്കണം.

## പത്രോസ് സമ്മേളനം

യൂണിറ്റ് ഭാരവാഹികൾക്കുള്ള നേതൃത്വ പരിശീലന സമ്മേളനങ്ങൾ ഫൊറോനകളിൽ ക്രമീകരിക്കുകയാണ്.

**ഫെബ്രുവരി 5 ചൊവ്വ പൈസക്കരി ഫൊറോന**

1. സ്ഥലം-ചെറുപുഷ്പം ചർച്ച്, ചന്ദനക്കാംപാറ

സമയം - 2 pm - 4 pm
ഇടവകകൾ : ചന്ദനക്കാംപാറ, ആടാംപാറ, പാടാംകവല, ഏറ്റുപാറ

2. സ്ഥലം-ദേവമാതാ ചർച്ച്, പൈസക്കരി

സമയം - 4 pm - 6 pm
ഇടവകകൾ : പൈസക്കരി, ജോസ് മൗണ്ട്, പയ്യാവൂർ, വെമ്പുവ, ചുണ്ടപ്പറമ്പ

**ഫെബ്രുവരി 16 ശനി ചെമ്പേരി ഫൊറോന**

1. സ്ഥലം-ഫാത്തിമാ മാതാ ചർച്ച് കുടിയാന്മല

സമയം - 10 am - 12 noon
ഇടവകകൾ : കുടിയാന്മല, പൊട്ടൻപ്ലാവ്, കനകക്കുന്ന്, പൊന്മല

2. സ്ഥലം - നെല്ലിക്കുറ്റി സെന്റ് അഗസ്റ്റിൻ ചർച്ച്

സമയം - 2 pm - 4 pm
ഇടവകകൾ : നെല്ലിക്കുറ്റി, രത്നഗിരി, ദീപഗിരി, അരീക്കമല, പൂപ്പറമ്പ

3. സ്ഥലം - ചെമ്പേരി ലൂർദ്ദ്മാതാ ചർച്ച്

സമയം - 4 pm - 6 pm
ഇടവകകൾ : ചെമ്പേരി, പുലിക്കുരുമ്പ, ലിസിഗിരി അരീക്കമല, പൂപ്പറമ്പ

## ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടവർ

- യൂണിറ്റ് ഭാരവാഹികളിൽ പ്രസിഡന്റ്, സെക്രട്ടറി, കൺവീനർ, (അഞ്ചു പേർ വന്നാലും കുഴപ്പമില്ല)
- സംഘടനകളുടെ ഇടവക പ്രസിഡന്റ്
- കോർഡിനേറ്ററും സിസ്റ്റർ ആനിമേറ്ററും
- വികാരിയച്ചന്മാർ

## കോർഡിനേറ്റർമാരുടെ സമ്മേളനം

2019 ജനുവരി 2 തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവെച്ച് അതിരൂപതയിലെ മുഴുവൻ ഇടവക കോർഡിനേറ്റർമാരുടെ സമ്മേളനം വിളിച്ച് ചേർത്തു. ഭൂരിപക്ഷം പേരും സംബന്ധിച്ചു. നമ്മൾ തുടക്കം കുറിച്ച കുടുംബ കൂട്ടായ്മകളുടെ പ്രാരംഭ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും അടുത്തവർഷത്തേക്കുള്ള പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. യൂണിറ്റ് ഭാരവാഹികളെ അറിയിക്കേണ്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനായി കോർഡിനേറ്റർമാരുടെ വാട്സ്ആപ്പ് ഗ്രൂപ്പ് രൂപപ്പെടുത്തിയിട്ടുണ്ട്.

## 2019 കുടുംബകൂട്ടായ്മ

2019 മാർച്ച് 19 മുതൽ നമ്മുടെ അതിരൂപതയിൽ ഒരുവർഷം കുടുംബ കൂട്ടായ്മ വർഷമായി ആചരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അഭിവന്ദ്യപിതാവിന്റെ ഇടയലേഖനവും നിർദ്ദേശങ്ങളും ഉടനെ ഉണ്ടാവുന്നതാണ്. ഈ വർഷം ഉപകാരപ്രദമായും സജീവമായും ആചരിക്കുന്നതിനുള്ള കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ച് വരികയാണ്. മാർച്ച് മാസം മുതൽ കൃത്യമായി ഹാജർ വെച്ചും റിപ്പോർട്ട് എഴുതിയും ചർച്ചകൾ നടത്തിയും ഒന്നിച്ച് പ്രാത്ഥിച്ചും ഭക്ഷണം കഴിച്ചും കൂട്ടായ്മകൾ ഫലപ്രദമാക്കണം. മാർച്ച് മാസം മുതൽ ചർച്ചയ്ക്കുള്ള വിഷയങ്ങൾ പങ്ക് വെയ്ക്കുന്നതാണ്. പ്രാർത്ഥനാപുസ്തകം എല്ലാ ഭവനങ്ങളിലും എത്തിയാൽ മാത്രമേ പ്രാർത്ഥനകൾ സജീവമാകുകയുള്ളു. യൂണിറ്റ് ഭാരവാഹികൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

കുടുംബകൂട്ടായ്മ പ്രാർത്ഥനായോഗം മാത്രമല്ല, ഒന്നിച്ചുള്ള സംസാരവും ചർച്ചകളും ഭക്ഷണവുമായി ബന്ധങ്ങൾ സജീവമാക്കുന്ന കൂട്ടായ്മകളാണ് എന്ന അടിസ്ഥാന സന്ദേശം മനസ്സിൽ തങ്ങി നിൽക്കണം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,

**ഫാ. മാത്യു ആശാരിപറമ്പിൽ**

ഡയറക്ടർ

# എ.കെ.സി.സി.

സീറോ മലബാർ സഭയുടെ സാമുദായിക ശക്തിയായ കത്തോലിക്കാ കോൺഗ്രസ് നമ്മുടെ അതിരൂപതയിൽ സജീവമായി വളരുന്നതിൽ സന്തോഷമുണ്ട്. ഫൊറോന കൺവൻഷനുകളിലൂടെ അംഗങ്ങൾ കർമ്മോത്സുകരാകുകയും യൂണിറ്റുകൾ ശക്തിപ്പെടുകയും ചെയ്തു. മിക്കവാറും എല്ലാ ഇടവകകളിലും യൂണിറ്റുകൾ സ്ഥാപിക്കാൻ കഴിഞ്ഞു. ഭാരവാഹികളെ അഭിനന്ദിക്കുന്നു.

വിശ്വാസപ്രതിസന്ധിയുടെ ഈ കാലഘട്ടത്തിൽ സഭയോടൊത്തു നിൽക്കുവാനും സഭയ്ക്ക് വേണ്ടി നിലകൊള്ളുവാനും നാം തയ്യാറാകണം. ദൈവമക്കളുടെ വിശ്വാസജീവിതത്തിൽ വിള്ളലും നാശവും വിതക്കുവാൻ ശ്രമിക്കുന്ന തിന്മയുടെ ശക്തികളെ തിരിച്ചറിയുവാൻ സഭാമക്കൾക്ക് കഴിയണം. ദൈവനിയോഗം എന്ന് അവകാശപ്പെട്ട് വിമത സ്വരമുയർത്തുന്നവർ സഭാമാതാവിനെ സമൂഹത്തിൽ അവഹേളിക്കുകയും ദൈവരാജ്യസ്ഥാപനത്തെ തടസ്സപ്പെടുത്തുകയുമാണ് യാഥാർത്ഥത്തിൽ ചെയ്യുന്നത്. അതിനാൽ സഭാനിയമങ്ങൾ അനുസരിച്ചും സഭാനേതൃത്വത്തിന്റെ നിർദ്ദേശങ്ങൾ പാലിച്ചും ഓരോ വ്യക്തിയും വിശ്വാസത്തിലും കൂട്ടായ്മയിലും ആഴപ്പെടണം. സഭാവിരുദ്ധമായ വ്യക്തികളെയും പ്രസ്ഥാനങ്ങളെയും ആശയങ്ങളെയും തള്ളിക്കളയുവാൻ സഭാമക്കൾ തയ്യാറാകണം.

## രൂപതാ എക്സിക്യൂട്ടീവ്

ജനുവരി 24ന് തളിപ്പറമ്പിൽ ചേർന്ന രൂപതാ ഭാരവാഹികളുടെ യോഗം സംഘടനപ്രവർത്തനങ്ങൾ അവലോകനം ചെയ്തു.

1 നടത്താൻ കഴിയാതെപോയ ഫൊറോന കൺവെൻഷനുകൾ ഫെബ്രുവരിയിൽത്തന്നെ നടത്തണം.
2 ഫെബ്രുവരി 15 ന് അടുത്ത എക്സിക്യുട്ടീവ് തലശ്ശേരിയിൽ നടക്കും. അന്ന് പരസ്പരസഹായപദ്ധതിക്ക് (ചിട്ടി) തുടക്കം കുറിക്കും.
3 ഫെബ്രുവരി 22 വെള്ളിയാഴ്ച ചെറുപുഴയിൽവെച്ച് യുവകർഷകർക്കുവേണ്ടിയുള്ള 'ഹരിതം' സെമിനാർ നടത്തപ്പെടുന്നു. ഇരിട്ടിയിൽ നടന്ന ആദ്യസെമിനാർ വളരെ ഉപകാരപ്രദവും വിജയകരവുമായിരുന്നു.

ഓരോ ഇടവകയിൽനിന്നും 5 യുവകർഷകരെ സെമിനാറിൽ പങ്കെടുപ്പിക്കണം. സംസ്ഥാന നേതൃത്വത്തിൽ നിന്നാണ് ക്ലാസ്സുകൾക്ക് നേതൃത്വം കൊടുക്കുന്നത്. കർഷകർക്ക് പുതിയ കാർഷിക പദ്ധതികൾ പരിചയപ്പെടുത്തുകയും ഉയർന്ന വില ലഭ്യമാക്കുന്ന രീതികൾ മനസ്സിലാക്കികൊടുക്കുകയും ചെയ്യുന്ന ഈ ക്ലാസ്സ് വളരെ ഉപകാരപ്രദമാണ്.

## ക്രിസ്തുമസ് ദിന ഉപവാസം

തലശ്ശേരി-വളവുപാറ റോഡ് നവീകരണത്തിന്റെ ഭാഗമായി പുതുക്കിപണിത കൂട്ടുപുഴ പാലം ഉടൻ പൂർത്തിയാക്കണമെന്ന ആവശ്യമുയർത്തി

പുണ്യദിനമായ ക്രിസ്തുമസ് ദിനത്തിൽ കത്തോലിക്ക കോൺഗ്രസ് ഇരിട്ടി മേഖലയുടെ ആഭിമുഖ്യത്തിൽ ഉപവാസം നടത്തി. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്ത ഉപവാസസമരം വളരെയേറെ ജന ശ്രദ്ധയും മാധ്യമ ശ്രദ്ധയും പിടിച്ച് പറ്റി. ഉച്ചഭക്ഷണം ഒഴിവാക്കി ഉപവാസ ത്തോടെ സമരത്തിൽ പങ്കുചേർന്ന നൂറുകണക്കിന് ആളുകളെ അഭിനന്ദി ക്കുന്നു.

റോഡ് നവീകരണത്തിന്റെ ഭാഗമായി കേരളഭാഗത്ത് നിന്ന് ആരംഭിച്ച പാലം നിർമ്മാണം കർണ്ണാടക സംസ്ഥാനഭാഗത്ത് കൂട്ടിച്ചേർക്കുവാൻ കർണ്ണാടക ഫോറസ്റ്റ് ഓഫീസർ തടസ്സവാദം ഉയർത്തിയതിനലാണ് പാല നിർമ്മാണം സ്തംഭിച്ചത്. പാലംചെന്ന്ചേരുന്ന സ്ഥലം വന്യമൃഗസംരക്ഷണ പ്രദേശമായതിനാൽ യാതൊരു നിർമ്മാണ പ്രവർത്തനവും നടത്താൻ പാടില്ല എന്നാണ് കേന്ദ്രനിയമം. നിലവിലുള്ള പാലം പുതുക്കിപണിയുവാനും റോഡ് റിപ്പയർ ചെയ്യുവാനും നിയമ തടസ്സമില്ല. എന്നാൽ 50 മീറ്റർ അകന്നായാലും പുതിയ പാലം പണിയുവാൻ നിയമപരമായി അനുവാദം ആവശ്യമാണ്. രേഖാമൂലമുള്ള അനുവാദം വാങ്ങിക്കാതെ പാലം നിർമ്മാണം തുടങ്ങിയ കേരള സർക്കാരിന്റെ ഉദ്യോഗസ്ഥന്മാരുടെ അലംഭാവമാണ് പ്രശ്നങ്ങളുടെ തുടക്കം. അതിന് പുറമേ കർണ്ണാടക മടിക്കേരി ഡിവിഷൻ ഫോറസ്റ്റ് അധി കാരികളുടെ പിടിവാശിയും ചേർന്നപ്പോൾ അഴിക്കുവാൻ കടുപ്പമേറിയ കെട്ടായി മാറിയിരിക്കുന്നു. ശ്രീ. സണ്ണി ജോസഫ് MLA യും പി. കെ. ശ്രീമതി MP യും ഇക്കാര്യത്തിൽ നിവേദനങ്ങൾ നൽകുകയും MLA ഉദ്യോഗസ്ഥരു മായി പലപ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു.

ഫാദർ മാത്യു അശാരിപറമ്പിൽ ഈ വിഷയം ബാംഗ്ലൂരിൽ കുമാരസ്വാമി സർക്കാർ അധികാരികളുമായി ചർച്ച നടത്തുകയും മുഖ്യമന്ത്രി ഇടപെടാൻ നിവേദനം കൊടുക്കുകയും ചെയ്തു. മടിക്കേരി ഫോറസ്റ്റ് ഓഫീസർമാർ ശുപാർശ ചെയ്താൽ മാത്രമേ കെ.എസ്.റ്റി.പി.യുടെ (നിർമ്മാണകമ്പനി) ആവശ്യം പരിഗണിക്കുകയുള്ളൂ. മടിക്കേരിയിൽ നിന്നുള്ള DFO യുടെ ശുപാർശയോടും ബാംഗ്ലൂരിലെ ചീഫ് ഫോറസ്റ്റ് ഓഫീസറുടെ അംഗീകാര ത്തോടുംകൂടി കേന്ദ്ര-പരിതസ്ഥിതി വകുപ്പാണ് ഇക്കാര്യത്തിൽ അനുവാദം നൽകേണ്ടത്. അതിനുള്ള ഇടപെടലുകൾ കത്തോലിക്കാ കോൺഗ്രസ് നട ത്തിവരികയാണ്. ശരിയാകുമെന്നാണ് പ്രതീക്ഷ. ജനങ്ങളുടെ പ്രശ്നത്തിൽ സജീവമാകുന്ന കത്തോലിക്കാ കോൺഗ്രസിൽ അണിചേർന്ന നാടിന്റെ നന്മ യ്ക്കായി ഒത്തൊരുമിച്ച് പരിശ്രമിക്കാം.

സ്നേഹപൂർവ്വം,

**ദേവസ്യാ കൊങ്ങോല** — അതിരൂപതാ പ്രസിഡന്റ്

**ഫാ. മാത്യു ആശാരിപ്പറമ്പിൽ** — ഡയറക്ടർ

# പ്രതീക്ഷ: ലഹരിവിമോചന ചികിത്സാകേന്ദ്രം

## അവാർഡ് ദാനവും പൊതുസമ്മേളവും

ഡിസംബർ 02-ന് പ്രതീക്ഷാ സെന്ററിൽ വച്ച് 'പ്രതീക്ഷ 2018' അവാർഡ് ദാന ചടങ്ങ് നടത്തപ്പെട്ടു. രാവിലെ നടത്തപ്പെട്ട ബോധവൽക്കരണ സമ്മേളനത്തിൽ ഗോപിനാഥൻ മാസ്റ്റർ അധ്യക്ഷത വഹിച്ചു. മാനേജിംഗ് കമ്മിറ്റി അംഗം സണ്ണി പായ്ക്കാട്ട് ക്ലാസ് നയിച്ചു. സി.തെരേസ് CHF സ്വാഗതവും ജിൻസിമോൾ ബിന്ദു നന്ദിയും പറഞ്ഞു.

തുടർന്ന് നടന്ന രണ്ടാം ഘട്ടപരിപാടിയായ അവാർഡ് ദാന ചടങ്ങിന്റെ ഉദ്ഘാടനം മുൻആർച്ച് ബിഷപ്പ്മാർ ജോർജ് വലിയമറ്റം നിർവ്വഹിച്ചു. മദ്യപാനം, പുകവലി തുടങ്ങിയ ലഹരിപദാർത്ഥങ്ങളുടെ നിർമ്മാർജ്ജനത്തിനും രോഗപരിചരണത്തിനുമായി ക്യാൻസർ ചികിത്സാ മേഖലയിലും സജീവ നേതൃത്വം നൽകികൊണ്ടിരിക്കുന്ന മലബാർ ക്യാൻസർ സെന്റർ ഡയരക്ടർ ഡോ. സതീശൻ ബാലസുബ്രഹ്മണ്യത്തിന് 'പ്രതീഷാ 2018 അവാർഡ്' നൽകപ്പെട്ടു. അഭിവന്ദ്യ പിതാവ് ഹാരാർപ്പണം നടത്തി പ്രശംസാഫലം നൽകി ആദരവ് അർപ്പിച്ചു.

പ്രതീക്ഷയിൽ വച്ച് നടത്തപ്പെടുന്ന എല്ലാ മാസാദ്യ ഞായാറാഴ്ചകളിലെ എ.എ. സമ്മേളനങ്ങളിൽ മുടങ്ങാതെ പങ്കെടുക്കുന്ന ലഹരി രഹിത വ്യക്തികൾക്കും അവരുടെ കുടുംബങ്ങൾക്കും ഷീൽഡും സമ്മാനങ്ങൾക്കും അഭിവന്ദ്യപിതാവ് വിതരണം ചെയ്തു. ഡയറക്ടർ ഫാ. ജോൺസൺ അന്ത്യാകുളം, റ്റി.സി. തോമസ്, സെബാറ്റ്യൻ വയനാട്, മറ്റു മാത്യു എന്നിവർ പ്രസംഗിച്ചു.

## ഏകദിനപരിശീലനം പ്രതീക്ഷയിൽ

പ്രതീക്ഷയിലെ ടീച്ചിംഗ് സ്റ്റാഫിനുവേണ്ടി നടത്തപ്പെട്ട ഏകദിന പരിശീലന പരിപാടിയിൽ, സി. ലിയാറോസ് Re- energizing of counselling Psychology CHF, എന്ന വിഷയത്തെപ്പറ്റി(മീത്തലെ പീടിക ധർമ്മടം) ക്ലാസുകൾ എടുത്തു. ഫാ. ജോൺസൺ അന്ത്യോംകുളം, സി. തെരേസ് CHF എന്നിവർ പ്രസംഗിച്ചു.

## ക്രിസ്തുമസ് ഈവ്

പ്രതീക്ഷയിൽ വച്ച് നാട്ടുകാരുടെയും പ്രതീക്ഷാ ചികിത്സാർത്ഥികളുടെയും സ്റ്റാഫിന്റെയും കൂട്ടായ്മയിൽ ക്രിസ്തുമസ്-പുതുവർഷ ആഘോഷം നടത്തപ്പെട്ടു. കർമ്മങ്ങൾക്ക് അഭിവന്ദ്യ മാർ ജോസഫ് പാംബ്ലാനി പിതാവ് മുഖ്യാർത്ഥി ആയിരുന്നു. സമ്മേളനത്തിന് അഭിവന്ദ്യപിതാവ് സന്ദേശം നൽകി. പിണറായി ജനമൈത്രി പോലീസ് PRO കെ. ശ്രീനിവാസൻ ആശംസയർപ്പിച്ചു. കലാപരിപാടികളും സ്നേഹവിരുന്നും ഉണ്ടായിരുന്നു. ജോൺസൺ അന്ത്യാംകുളം സ്വാഗതവും സി. തെരേസ് നന്ദിയും പറഞ്ഞു.

## Pain and Paliative സംയുക്ത സംഗമം പടന്നക്കാട്

കാഞ്ഞങ്ങാട്ട് പെയിൻ ആന്റ് പാലിയേറ്റീവ് -ന്റെ നേതൃത്വത്തിൽ പടന്നക്കാട് ഗുഡ് ഷെപ്പേർഡ് പാസ്റ്ററൽ സെന്ററിൽ വച്ച് ക്യാൻസർ രോഗികൾ, കൗൺസിലർമാർ, നഴ്സസ്, സഹായികൾ കുടുംബാംഗങ്ങൾ എന്നിവർക്കായുള്ള സംയുക്ത സംഗമത്തിൽ ഡയറക്ടർ ഫാ. ജോൺസൺ

അന്ത്യാംകുളം സെമിനാർ നടത്തി. സ്നേഹസ്പർശം 2018 – എന്ന സംഗമത്തിന് ഇരുന്നോറോളം പേർ പങ്കെടുത്തു.

## സൗഹൃദകൂട്ടായ്മകളും പുതുവർഷാഘോഷവും

പിണറായി ജനമൈത്രിപോലീസിന്റെ ആഭിമുഖ്യത്തിൽ പോലീസ് സ്റ്റേഷനിൽ വച്ച് സൗഹൃദയകൂട്ടായ്മയും പുതുവൽസരാഘോഷവും നടത്തപ്പെട്ടു. ചടങ്ങിൽ ASI വിനോദ് കുമാർ അധ്യക്ഷത വഹിച്ചു. ഫാ. ജോൺസൺ അന്ത്യാംകുളം കൂട്ടായ്മ ഉദ്ഘാടനം ചെയ്തു. വിവിധ സാമൂഹ്യ, രാഷ്ട്രീയ, മത നേതൃത്വങ്ങളും പരിസരവാദികളും കൂട്ടായ്മയിൽ ഒത്തുകൂടി.

## എ. എ. മീറ്റിംഗ്

സെന്ററിൽ വച്ച് നടത്തിയ AA മീറ്റിംഗിൽ ഫാ. ഡയറക്ടർ അധ്യക്ഷത വഹിച്ചു. ബാബു പാറാൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. രഞ്ചിത്ത് പേരാവൂർ ക്ലാസ്സെടുത്തു. സി. എത്സീന SABS, സി. തെരേസ് CHF എന്നിവർ പ്രസംഗിച്ചു. പുതുവത്സരാരംഭ എ.എ. യുടെ കേക്ക് മുറിക്കൽ അനാമിക മധു നീലേശ്വരം നിർവ്വഹിച്ചു. സമ്മേളനത്തിൽ വച്ച് പുതുവർഷ വിജയികളെ വിവിധ മത്സര പരിപാടികളിലൂടെ കണ്ടെത്തി. സമ്മാനങ്ങൾ നൽകി.

## പാലിയേറ്റീവ് ദിനാചരണം

പ്രതീക്ഷാ ചികിത്സാകേന്ദ്രം, ധനലഷ്മി കോളജ് ഓഫ് നഴ്സിംഗ്, മലബാർ ക്യാൻസർ സെന്റർ, പ്രതീക്ഷാ മാനേജിംഗ് കമ്മിറ്റി എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ പാലിയേറ്റീവ് ദിനം സമുചിതമായി ആഘോഷിച്ചു. ചികിത്സാർത്ഥികളുടെ ഈശ്വാര പ്രാർത്ഥനയോടെ ആരംഭിച്ച ദിനാചരണ സമ്മേളനത്തിന്റെ ഉദ്ഘാടനം ഫാ. ജോസഫ് കദളിയിൽ നിർവഹിച്ചു. ഡയറക്ടർ ഫാ. ജോൺസൺ അന്ത്യാകുളം അധ്യക്ഷത വഹിച്ചു. ദിനാചരണ ബോധവൽക്കരണ ക്ലാസ് MCC. കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം മനശാസ്ത്രജ്ഞ ഡോ. ജിഷ എബ്രഹാം നടത്തി. വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് ക്യാൻസർ ആത്മബന്ധ രോഗങ്ങളെ അധികരിച്ച് പോസ്റ്റർ മത്സരങ്ങൾ നടത്തപ്പെട്ടു. സി. തെരേസ്, മനുമാത്യു എന്നിവർ പ്രസംഗിച്ചു. പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ സഹകരിക്കുകയും നേതൃത്വം നൽകുകയും ചെയ്യുന്ന എല്ലാവരോടുമായുള്ള ഐക്യദാർഢ്യ പ്രതിജ്ഞയും യോഗാംഗങ്ങൾ എടുത്തു.

## മാനേജിംഗ് കമ്മിറ്റി

ജനുവരി 16–ന് ചികിത്സാ സെന്ററിൽ വച്ച് മാനേജിംഗ് കമ്മിറ്റി കൂടി കണക്കുകൾ വായിച്ച് പാസാക്കുകയും പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു. പ്രതീക്ഷയുടെ എല്ലാ ഉപകാരികൾക്കും അഭ്യുദയ കാംക്ഷികൾക്കും ആദരവുകൾ അർപ്പിക്കുന്നു.

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ, പ്രതീക്ഷ

# കെ. സി. ബി. സി.
# മദ്യവിരുദ്ധ സമിതി

## മദ്യവിരുദ്ധ സമിതി & മുക്തിശ്രീ
### അതിരൂപത സ്റ്റിയറിംഗ് കമ്മിറ്റി യോഗം

അതിരൂപത മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും അതിരൂപത ഭാരവാഹികളുടെ യോഗം 2019 ജനുവരി 2ന് ചെമ്പേരി അൽഫോൻസാ ഹാളിൽവെച്ച് പ്രസിഡന്റ് ഡോ. ജോസ്‌ലറ്റ് മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ഫാ. തോമസ് തൈത്തോട്ടം സമ്മേളനം ഉദ്ഘാടനം ചെയ്തു. ശ്രീമതി മാർഗരറ്റ് മാത്യു, തങ്കച്ചൻ കൊല്ലക്കൊമ്പിൽ, ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ എന്നിവർ പ്രസംഗിച്ചു. യൂണിറ്റ് മേഖല ശാക്തീകരണത്തെക്കുറിച്ച് നടന്ന ക്രിയാത്മക ചർച്ചയിൽ ഭാരവാഹികൾ സജീവമായി പങ്കെടുത്തു. ദൈവരാജ്യസ്ഥാപനം എന്ന സഭയുടെ അടിസ്ഥാനലക്ഷ്യത്തിന് തടസ്സമായി നിൽക്കുന്ന മാരക തിന്മയായ ലഹരിയാസക്തി നിർമാർജനം ചെയ്യുന്നതിനുള്ള കർമ പരിപാടികളെക്കുറിച്ചും ലഹരിവസ്തുക്കളെ പ്രോത്സാഹിപ്പിക്കുന്ന ജനദ്രോഹപരമായ സർക്കാർ നയത്തിനെതിരെ പ്രതിഷേധപരിപാടികൾ സംഘടിപ്പിക്കുന്നതിനെ സംബന്ധിച്ചും യോഗത്തിൽ ഗൗരവമായ ചർച്ചകൾ നടന്നു. കർമ്മപരിപാടികളെ സംബന്ധിച്ച് വിശദമായ ഒരു ആക്ഷൻ പ്ലാൻ അവതരിപ്പിക്കുന്നതിന് ഡയറക്ടറച്ചനെ യോഗം ചുമതലപ്പെടുത്തി. മേഖലാ സംവിധാനം ഇനിയും രൂപപ്പെടുത്താത്ത വെള്ളരിക്കുണ്ട് ഫൊറോനായിൽ വച്ച് എത്രയും വേഗം രൂപപ്പെടുത്താൻ വേണ്ട നടപടികൾ എടുക്കണമെന്ന് യോഗാംഗങ്ങൾ എല്ലാവരും ആവശ്യപ്പെട്ടു. മേഖല കൺവെൻഷനുകളിലും യൂണിറ്റ് കൺവെൻഷനുകളിലും ക്ലാസ്സുകൾ എടുക്കുന്നതിന് താഴെപറയുന്നവരെ ഉൾപ്പെടുത്തി റിസോഴ്സ് ടീം രൂപീകരിച്ചു.

Resource Team

1. ഫാ.തോമസ് തൈത്തോട്ടം
2. ഡോ. ജോസ്‌ലറ്റ് മാത്യു
3. ശ്രീമതി മാർഗരറ്റ് മാത്യു
4. ഐ.സി. മേരി
5. തങ്കച്ചൻ കൊല്ലക്കൊമ്പിൽ
6. മേരി ആലയ്ക്കാമറ്റം
7. ജോർജ് പാലാക്കുഴി
8. ആന്റണി മേൽവെട്ടം
9. മാത്യു എം. കണ്ടത്തിൽ

11. ആന്റണി അത്താഴപ്പാടം
12. റോസിലി കാരിക്കക്കുന്നേൽ
13. ഷിനോ പാറയ്ക്കൽ
14. സി. ജിൽസ എസ്.കെ.ഡി.
15. ബഹു. ഡയറക്ടറച്ചന്മാർ + ആനിമേറ്റർ സിസ്റ്റേഴ്സ്

മദ്യവിരുദ്ധ സമിതിയുടെ അതിരൂപത വൈ. പ്രസിഡന്റുമാരായി ആന്റണി അത്താഴപ്പാടം, തോമസ് പാലത്തിനാടിയിൽ എന്നിവരെയും സെക്രട്ടറിമാരായി ജീവൻ മാമൂട്ടിൽ, റോയി ആശാരിക്കുന്നേൽ, ജോണി കൊന്നയിൽ, ഷിനോജ് ഇളംതുരുത്തി എന്നിവരെയും മുക്തിശ്രീ വൈ. പ്രസിഡന്റായി വത്സമ്മ വള്ളോപ്പിള്ളിയെയും സെക്രട്ടറിയായി ജീന വെട്ടുകാടിനെയും നോമിനേറ്റ് ചെയ്തു.

2018 ഡിസംബർ, 2019 ജനുവരി മാസങ്ങളിൽ ഓരോ മേഖലകളിലും യൂണിറ്റുകളിലും നടത്തിയ ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ബന്ധപ്പെട്ട ഭാരവാഹികൾ വിശദീകരിച്ചു. കൂപ്പൺ, രസീത് എന്നീ മാർഗ്ഗങ്ങളിലൂടെ ഫണ്ട് ശേഖരിച്ച ചെമ്പന്തൊട്ടി, പേരാവൂർ മേഖലകളെ യോഗം അഭിനന്ദിക്കുകയും മറ്റ് മേഖലകൾ ഫണ്ട് ശേഖരിച്ച മേഖലകളെ മാതൃകയാക്കണമെന്നും ആവശ്യപ്പെട്ടു.

ലഹരിമുക്ത ആന്തത്തിന്റെ രചനയും-സംഗീതവും സംവിധാനവും നിർവ്വഹിച്ച ശ്രീമതി മേരി ആലയ്ക്കാമറ്റത്തെ യോഗം അഭിനന്ദിക്കുകയും പാരിതോഷികം നൽകുകയും ചെയ്തു.

ശ്രീമതി ഷിനോ പാറയ്ക്കൽ ഉണ്ടാക്കിയ ഹോംമെയ്ഡ് കേക്കും ശ്രീമതി ഷീബ തെക്കേടത്ത് മകൾ നിമ്മിയുടെ മനസമ്മതത്തിന്റെ സന്തോഷസൂചകമായി കൊണ്ടുവന്ന കേക്കും മുറിച്ച് ക്രിസ്മസ് നവവത്സര ആഘോഷം അതിമധുരമുള്ളതാക്കി. ജന. സെക്രട്ടറി ശ്രീ. ആന്റണി മേൽവെട്ടത്തിന്റെ നന്ദി പ്രകാശനത്തോടെ യോഗം സമംഗളം സമാപിച്ചു.

2-1-19 ന് നടന്ന മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും അതിരൂപത സ്റ്റിയറിംഗ് കമ്മിററിയുടെ തീരുമാനപ്രകാരം ലഹരിവിരുദ്ധ ആക്ഷൻ പ്ലാനുകളെ സംബന്ധിച്ച് വിശദമായി ചർച്ച നടത്താൻ 18-1-19ന് സ്റ്റിയറിംഗ് കമ്മിറ്റി ഇരിട്ടി സെന്റ് ജോസഫ് ഹാളിൽവെച്ച് നടത്തി.

ഈശ്വര പ്രാർത്ഥനയോടും ലഹരിവിരുദ്ധ ആന്തത്തോടും കൂടി ആരംഭിച്ച സമ്മേളനത്തിൽ പ്രസിഡന്റ് ഡോ. ജോസ്ലറ്റ് മാത്യു അദ്ധ്യക്ഷത വഹിച്ചു. പ്രാരംഭത്തിൽത്തന്നെ ജനുവരി മാസത്തിൽ ജന്മദിനം ആഘോഷിച്ച ബ.ജോസ് മഞ്ചപ്പള്ളി അച്ചനും ഫാ. തോമസ് തൈത്തോട്ടത്തിലച്ചനും സി.എം.സി. തലശ്ശേരി പ്രൊവിൻസിന്റെ ഒരു കൗൺസിലറായി തെരഞ്ഞെടുക്കപ്പെട്ട സി.ജോസ് മരിയ സി.എം.സിക്കും സമ്മേളനം ആശംസകളും

പ്രാർത്ഥനകളും നേരുകയും കേക്കുമുറിച്ച് സന്തോഷം രേഖപ്പെടുത്തുകയും ചെയ്തു. തുടർന്ന് ഫാ. തോമസ് തൈത്തോട്ടം പ്രവർത്തനമാർഗ്ഗരേഖ ഓരോന്നായി അവതരിപ്പിക്കുകയും യോഗാംഗങ്ങൾ ചർച്ചനടത്തി അന്തിമ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1. യൂണിറ്റ്  മേഖലാ ശാക്തീകരണം - പ്രതിമാസ യോഗം, രഹസ്യ സംഭാവന, ഭവനസന്ദർശനം, മദ്യപാനികളുടെ സർവേ, മദ്യപാനികളെ ധ്യാനകേന്ദ്രത്തിലോ ചികിത്സാ കേന്ദ്രത്തിലോ എത്തിക്കുക, അഞ്ചോ പത്തോ വാർഡുകളോ, ഇടവക മുഴുവനുമോ ലഹരി മുക്തമാക്കുക.
2. ലഹരിക്കെതിരെ പരസ്യബോർഡുകൾ സ്ഥാപിക്കുക, അതിരൂപതാ ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ചിത്രപ്രദർശനം, 50 നോമ്പ് ലഹരി മുക്തമാക്കുക, ലഹരിക്കെതിരെ കുരിശിന്റെ വഴി റാലി ഇടവകയ്ക്കകത്തും ഇടവകകൾ തമ്മിലോ നടത്തുക.
3. ലഹരി വിരുദ്ധ പ്രമേയങ്ങൾ ഉൾക്കൊള്ളുന്ന സാഹിത്യ രചന കലാമത്സരങ്ങൾ അംഗങ്ങൾക്കോ പൊതു സമൂഹത്തിനോ നടത്തി സമ്മാനങ്ങൾ കൊടുക്കുക.
4. ലഹരി വിരുദ്ധ ആന്തം പഠിക്കുക, മേഖലയിൽ മത്സരം നടത്തുക. എടൂർ മേഖലയിൽ ആരംഭിച്ച് മാതൃക കാണിക്കുക.

5 കുടുംബ കൂട്ടായ്മയിൽനിന്നുള്ള പ്രതിനിധികളെ യോഗത്തിൽ സംബന്ധിപ്പിക്കുക. രസീത്, കൂപ്പൺ, ചിട്ടി തുടങ്ങിയ മാർഗങ്ങളിലൂടെ ഫണ്ട് സ്വരൂപിക്കുക. ഇടവകയിലെ പരിപാടികളിൽ സംഘടനാംഗങ്ങൾ സജീവമായി പങ്കെടുക്കുക.

യൂണിറ്റിന്റെ സാന്നിധ്യം അറിയിക്കുക.

**6. മേഖലാ സംവിധാനം**

- മേഖലാ സംവിധാനം ശക്തമാക്കുക. യൂണിറ്റുകൾക്ക് നേതൃത്വം കൊടുക്കുക. യൂണിറ്റ് സന്ദർശിച്ച് ക്ലാസുകൾ കൊടുക്കുക.
- യൂണിറ്റ് ഭാരവാഹികളെ പേരുചൊല്ലി വിളിക്കാൻ സാധിക്കുക. മേഖലാ ഭാരവാഹികൾ പരസ്പരം അറിയുക. ബ. വികാരിയച്ചന്മാരുമായി നല്ല ബന്ധം പുലർത്തുക.
- മേഖലാ കൺവെൻഷൻ നടത്തുക. പരിപാടി ആസൂത്രണം ചെയ്ത് യൂണിറ്റുകൾക്ക് കൊടുക്കുക.
- റീജിയന്റെ നേതൃത്വത്തിൽ നടത്തുന്ന പരിപാടികളിൽ മേഖലാ പ്രവർത്തകരെ സജീവമായി പങ്കെടുപ്പിക്കുക. മേഖലയ്ക്ക് ഫണ്ട് സ്വരൂപിക്കുക.
- മേഖലാ സമിതികൾ രണ്ടു മാസത്തിലൊരിക്കൽ ചേരുക. റീജിയണൽ സമിതികൾ മൂന്നുമാസത്തിലൊരിക്കൽ കൂടുക. യൂണിറ്റുകളിൽ ക്ലാസുകൾ എടുക്കുന്നതിന് റിസോഴ്സ് ടീമിനെ ക്ഷണിക്കുക.

7. എല്ലാ മീറ്റിംഗുകളും പ്രാർത്ഥനയോടും അന്തത്തോടും കൂടി ആരംഭിക്കുക. 'നന്ദി ദൈവമെ' എന്ന കൃതജ്ഞതാ ഗാനത്തോടുകൂടി അവസാനിപ്പിക്കുക.

എല്ലാ മീറ്റിംഗുകൾക്കും അവസാനം ലഹരി വിരുദ്ധ പ്രതിജ്ഞ എടുക്കണം. മേൽപറഞ്ഞവ എല്ലാ യൂണിറ്റുകൾക്കും ബാധകമാണ്.

8. മേഖലയുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി, ലഹരി വിരുദ്ധ റാലി. വിശേഷദിവസങ്ങളുടെ ആചരണങ്ങൾ സംഘടിപ്പിക്കുക.

1. ജനുവരി 1- മദ്യവർജന പ്രസ്ഥാനം ദിനം 1978.
2. ജനുവരി 12- ദേശീയ യുവജനദിനം - ലഹരി മുക്ത യുവജന സമൂഹം
3. ജനുവരി 26- റിപ്പബ്ലിക് ദിനം - ലഹരി മുക്ത ഭാരതം
4. മാർച്ച് 8-അന്താരാഷ്ട്ര വനിതാദിനം - സ്വതന്ത്രസ്ത്രീ സമൂഹം.
5. ഏപ്രിൽ 4- ബിഷപ്പ് വള്ളോപ്പിള്ളി ചരമദിനം - ലളിത ജീവിത സമൂഹം
6. മെയ് 15- കുടുംബദിനം - ലഹരിമുക്ത കുടുംബം
7. മെയ് 31 - ലോക പുകയില വിരുദ്ധ ദിനം
8. ജൂൺ 19 - മാറ്റ് ടാൽബോത്ത് ദിനം - ലഹരി വിമോചന പ്രാർത്ഥനാ ദിനം
9. ജൂൺ 26- ലോക ലഹരി വിരുദ്ധ ദിനം
10. ജൂലൈ 28- പ്രകൃതി സംരക്ഷണ ദിനം - പരിസ്ഥിതി സൗഹൃദ സമൂഹം
11. ആഗസ്റ്റ് 11- ബിഷപ്പ് വള്ളോപ്പിള്ളി ജയന്തി - ധൂർത്ത് മുക്ത സമൂഹം
12. ആഗസ്റ്റ് 17-കർഷക ദിനം - ലഹരി മുക്ത കർഷക സമൂഹം
13. ഒക്ടോബർ 2- ഗാന്ധി ജയന്തി - അംഹിംസാദിനം
14. നവംബർ 1- കേരളപ്പിറവി - ലഹരി മുക്ത കേരളം
15. നവംബർ 19 - മാതൃദിനം-സ്ത്രീപീഡന മുക്ത സമൂഹം
16. ഡിസംബർ 10-മനുഷ്യാവകാശദിനം-അവകാശ സംരക്ഷണ സമൂഹം
17. ഡിസംബർ 31 - മുക്തിശ്രീ സ്ഥാപനം - 2017

9. **റീജിയനുകളിൽ:-** പൊതു സമ്മേളനങ്ങൾ, ഉപവാസ പ്രാർത്ഥന, കൂട്ടയോട്ടം, സൈക്കിൾ റാലികൾ (ഇരിട്ടി, ചെമ്പേരി, പയ്യാവൂർ, കരുവാൻഞ്ചാൽ, ചെറുപുഴ, തളിപ്പറമ്പ, കണ്ണൂർ, കാഞ്ഞങ്ങാട്)
10. യൂണിറ്റ്, മേഖല, റീജിയൺ, അതിരൂപതാ കമ്മറ്റികളിൽ സ്ഥിരം വരാത്ത ആളുകൾ, യൂണിറ്റുകൾ, മേഖലകൾ, നിരന്തരമായി കൂടാത്തവ, പരിപാടികൾ ഒന്നും ആസൂത്രണം ചെയ്യാത്ത യൂണിറ്റുകളും മേഖകളും കണ്ടെത്തി അതിരൂപതാ കമ്മിറ്റി വേണ്ടതു ചെയ്യുക. ഡയറക്ടറച്ചന്മാരെ നയപരമായി സമീപിച്ച് സജീവരാക്കുക. പരിപാടികൾ പ്ലാൻചെയ്ത് അവരെയും ഫൊറോനാ വികാരിയച്ചന്മാരെയും യഥാസമയം അറിയിക്കുക.
11. പത്തിന പരിപാടി ചർച്ച ചെയ്യുക
12. അതിരൂപതാ മേഖലാ റിസോഴ്സ് ടീമുകൾ രൂപീകരിക്കുക
13. മേഖലകളുടെയും റീജിയന്റെയും മേൽനോട്ടം അതിരൂപതാ ഭാരവാഹികളെ ഏൽപ്പിക്കുക.
14. ഏറ്റവും നല്ല പ്രവർത്തനങ്ങൾ നടത്തുന്ന മേഖലയ്ക്ക് ബിഷപ്പ് വള്ളോപ്പിള്ളി അവാർഡ്

- ഏറ്റവും നല്ല പ്രവർത്തകന് അതിരൂപതാടിസ്ഥാനത്തിൽ ടീമേഴ്സ് അവാർഡ്. (ഇപ്പോൾ ബിഷപ്പ് വള്ളോപ്പിള്ളിയുടെ പേരിൽ സംസ്ഥാന അവാർഡുണ്ട്)

15. ഭാരവാഹികൾക്ക് ദ്വിദിന നേതൃത്വ പഠനശാല
16. ബൈലോ - മദ്യവിരുദ്ധ സമിതി & മുക്തിശ്രീ
17. മെമ്പർഷിപ്പ് കാർഡ്, മുക്തിശ്രീ അംഗങ്ങൾക്ക് ബാഡ്ജ് കൊടുക്കുക
18. യോഗങ്ങൾക്ക് വരുമ്പോൾ ഡയറി നിർബന്ധമായും കൊണ്ടുവരിക. ഡയറിയിൽ പ്രസ്ഥാനത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങൾ ആത്മീയ, സാമൂഹ്യ, രാഷ്ട്രീയ (Spiritual Dimension & Socio Political Dimension) കാഴ്ചപ്പാടുകൾ എഴുതുക.

ലഹരി വിരുദ്ധ ആന്തം, പ്രതിജ്ഞാ വാചകങ്ങൾ, ആഘോഷിക്കുന്ന വിശേഷദിവസങ്ങൾ, അതിരൂപതാ ഭാരവാഹികൾ, ഡയറക്ടറച്ചന്മാർ, ആനിമേറ്റർ, എന്നിവരുടെ അഡ്രസ്സ്, ഫോൺ നമ്പർ. "എന്റെ സമ്പത്തിന്റെ ഒരംശം അദ്ധ്വാനത്തിന്റെ ഒരംശം, സമയത്തിന്റെ ഒരംശം ഞാൻ സ്നേഹിക്കുന്ന സംഘടനയ്ക്ക് അർപ്പിക്കും" ഡയറിയിൽ കുറിക്കണം.

നല്ല ഒരു സംഘടനാ പ്രവർത്തന ശൈലി എല്ലാവരും കാഴ്ചവയ്ക്കണം. അലസത നമുക്കൊരിക്കലും ചേർന്നതല്ല. ലഹരിക്കെതിരെ സമൂഹത്തിൽ ജീവിക്കുന്ന സാക്ഷികളാകണം.

**വിവിധ മേഖലകളുടെ ചാർജുകൾ താഴെപ്പറയുന്ന അതിരൂപതാ ഭാരവാഹികളെ ചുമതലപ്പെടുത്തി**

1. ഇരിട്ടി റീജിയൻ-ആന്റണി മേൽവെട്ടം, റോസിലി കാരിക്കക്കുന്നേൽ
2. ചെമ്പേരി റീജിയൻ-സണ്ണി പായിക്കാട്ട്, ഷിനോ പാറയ്ക്കൽ
3. ആലക്കോട് റീജിയൻ-മാർഗരറ്റ് മാത്യു, വിൻസെന്റ് മുണ്ടാട്ടുചുണ്ടയിൽ, ഷീബ തെക്കേടത്ത്
4. കാസർഗോഡ് റീജിയൻ-തങ്കച്ചൻ കൊല്ലക്കൊമ്പിൽ ആന്റണി അത്താഴപ്പാടം തോമസ് പാലത്തിനാടിയിൽ

**എംബ്ലം** - മദ്യവിരുദ്ധസമിതി, മുക്തിശ്രീ, എ.ഡി.എസ്.യു. എന്നീ മൂന്നു ലഹരിവിരുദ്ധ സംഘടനകൾക്കും ഉപയോഗിക്കാവുന്ന ഒരു എബ്ലം ശ്രീമതി ഷിനോ പാറയ്ക്കൽ സംവിധാനം ചെയ്ത് യോഗത്തിൽ അവതരിപ്പിച്ചത് യോഗം ഏകകണ്ഠമായി അംഗീകരിച്ചു. ഷിനോ പാറക്കലിന് അനുമോദനങ്ങളും നന്ദിയും.

മുക്തിശ്രീ അംഗങ്ങൾക്ക് ബാഡ്ജ് ഏർപ്പെടുത്താൻ തീരുമാനിച്ചു. ബാഡ്ജ് പിന്നീട് ഡിസൈൻ ചെയ്ത് അറിയിക്കും. മെമ്പർഷിപ്പുകാർഡിനെ സംബന്ധിച്ച തീരുമാനം ഉണ്ടായി. എല്ലാ യോഗങ്ങളുടെയും (യൂണിറ്റ്, മേഖല, അതിരൂപത) സമാപനത്തിൽ ലഹരിവിരുദ്ധ പ്രതിജ്ഞ എടുക്കണം.

## എഡിഎസ്‌യു 16-ാമത് നവദർശൻ ക്യാമ്പ്

2018 ഡിസംബർ 26 മുതൽ 29 വരെ പേരാവൂർ സെന്റ് ജോസഫ് ഹൈസ്കൂളിൽ വച്ച് നടത്തി. എഡിഎസ്‌യു-പ്രസിഡന്റ് സഞ്ജയ്പാജിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം സ്കൂൾ മാനേജർ ഡോ. തോമസ് കൊച്ചുകരോട്ട് ഭദ്രദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്തു. എഡിഎസ്‌യു - സ്ഥാപക പിതാവ് ഫാ. തോമസ് തൈത്തോട്ടം ആമുഖപ്രസംഗം നടത്തി. ശ്രീമതി. മഞ്ജുഷ കുര്യൻ, ആൽബിൻ മണ്ടുംപാല എന്നിവർ പ്രസംഗിച്ചു. എഡിഎസ്‌യു-ചീഫ് ഓർഗനൈസർ അഡ്വ. മനോജ് എം. കണ്ടത്തിൽ ക്യാമ്പിന്റെ ഉദ്ദേശലക്ഷ്യങ്ങളെ സംബന്ധിച്ച് ആമുഖഭാഷണം നടത്തി. പേരാവൂർ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ഒ. മാത്യു സ്വാഗതവും എഡിഎസ്‌യു ജന. സെക്രട്ടറി അഭിനവ് ജോർജ് നന്ദിയും പ്രകാശിപ്പിച്ചു.

തുടർന്നു നടന്ന ക്രിസ്മസ് നവവത്സരാഘോഷങ്ങൾക്ക് ക്രിസ്മസ് പപ്പയുടെ നേതൃത്വത്തിൽ ഫാ. തോമസ് തൈത്തോട്ടം കേക്കുമുറിച്ച് മധുരം പങ്കുവച്ചു. പൂത്തിരികളുടെയും മത്താപ്പുകളുടെയും പ്രഭയിൽ ക്യാമ്പംഗങ്ങൾ നൃത്തം ചവിട്ടി. ക്രിസ്മസ് നവവത്സര ആഘോഷം സന്തോഷ സാന്ദ്രമാക്കി. തുടർന്നുള്ള മൂന്നു ദിനങ്ങൾ കുട്ടികൾക്ക് അവിസ്മരണീയ അനുഭവങ്ങളുടെ നാളുകളായിരുന്നു. 27ന് രാവിലെ പ്രകൃതിരമണീയതയുടെ വിഹാരഭൂമിയായ ആറളം ഫാമിലേയ്ക്കുള്ള പ്രകൃതി സൗഹൃദ ഉല്ലാസയാത്ര കുട്ടികൾ ആവോളം ആസ്വദിച്ചു.

ലഹരിവസ്തുക്കൾ എന്താണെന്നും അവ എങ്ങനെ കുട്ടികളുടെയും മുതിർന്നവരുടെയും ജീവിതത്തെ അർബുദം പോലെ കാർന്നുതിന്നുന്നു എന്നും തുടങ്ങിയ യാഥാർത്ഥ്യങ്ങൾ ദൃശ്യദൃശ്യങ്ങളിലൂടെ ബോധ്യപ്പെടുത്തുകയും തുടർന്ന് പ്രബന്ധം, ചിത്രരചന തുടങ്ങിയ മത്സരങ്ങൾ നടത്തുകയും സമ്മാനങ്ങൾ നൽകുകയും ചെയ്ത എക്സൈസ് വകുപ്പിന്റെ ലഹരിവിരുദ്ധ ബോധവത്ക്കരണ പരിപാടികൾ ചിന്തിപ്പിക്കുകയും രസിപ്പിക്കുകയും ചെയ്തു. തുടർന്നുള്ള ദിവസങ്ങളിൽ സജീവ് മറ്റത്തിനാനി, സച്ചിൻ ഷാജി, ജോണി വടക്കേക്കര, അഡ്വ. മനോജ് എം. കണ്ടത്തിൽ തുടങ്ങിയവർ കാലിക പ്രസക്തിയുള്ള വിഷയങ്ങൾ കൈകാര്യം ചെയ്തു. കുട്ടികളുടെ ഗ്രൂപ്പ് ആക്ടിവിറ്റി, കലാപരിപാടികൾ, ക്യാമ്പ്ഫയർ, കുട്ടികൾ തന്നെ ടൗണിലേയ്ക്ക് സംഘടിപ്പിച്ച ലഹരിവിരുദ്ധ റാലി, പൊതുസമ്മേളനം തുടങ്ങിയ വിവിധ പരിപാടികൾ കുട്ടികളുടെ ജീവിതത്തിലെ മറക്കാനാവാത്ത സംഭവമാക്കിത്തീർത്തു.

ക്യാമ്പിന് എഡിഎസ്‌യു - ചീഫ് ഓർഗനൈസർ അഡ്വ. മനോജ് എം. കണ്ടത്തിൽ, ചീഫ് ആനിമേറ്റർ ആൽബിൻ മണ്ടുംപാല, കോഡിനേറ്റർ സി. ലീമാറോസ് സി.എം.സി., സി. മേഴ്സി എസ്.എ.ബി.എസ്., മഞ്ജുഷാ കുര്യൻ, സി. അനുമരിയ എസ്.എച്ച്. തുടങ്ങിയവർ നേതൃത്വം കൊടുത്തു.

ഹെഡ്മാസ്റ്റർ ശ്രീ. ഒ. മാത്യു സാറിന്റെ നേതൃത്വത്തിലുള്ള ടീമിന്റെ ആത്മാർത്ഥമായ സഹായസഹകരണങ്ങൾ പ്രശംസനീയമായിരുന്നു. എല്ലാവർക്കും എഡിഎസ്‌യുവിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**2019-2020 ലെ പുതിയ ഭാരവാഹികൾ**

പ്രസിഡന്റ് - സഞ്ജയ് ഷാജി
സെന്റ് ജൂഡ് HSS വെള്ളരിക്കുണ്ട്

ജന. സെക്രട്ടറി - എബിൻ കൂര്യൻ മാത്യൂസ്
സെന്റ് ജോസഫ് HS കുന്നോത്ത്

വൈസ് പ്രസിഡണ്ട് -
1. അതുല്യ രമേശ്
ചെറുപുഷ്പം HS ചന്ദനക്കാംപാറ
2. മെറിൻ ഇഗ്നേഷ്യസ്
സെന്റ് അഗസ്റ്റ്യൻസ് HS നെല്ലിക്കുറ്റി
3. ജോബിറ്റ് ജോസഫ് ഷിജോ
നിർമല HSS ചെമ്പേരി
4. അക്ഷയ് ശ്രീധരൻ
സെന്റ് മേരീസ് HS ചെറുപുഴ

സെക്രട്ടറി
1. അക്ഷയ് ശ്രീധരൻ
സെന്റ് മേരീസ് HS ചെറുപുഴ
2. മരിയ ജോമോൻ
മഞ്ഞളാംപുറം UPS
3. ഫെൽബി തോമസ്
സെന്റ് അഗസ്റ്റ്യൻസ് HS നെല്ലിക്കുട്ടി
4. കുര്യാക്കോസ് വി.ടി.
സെന്റ് സെബാസ്റ്റ്യൻസ് UPS വീർപ്പാട്

ട്രഷറർ - ആൽബിൻ ജോസഫ്
സെന്റ് ജോസഫ് HS പുലിക്കുരുമ്പ

## Ex. Officio bearers

- അയോണ എലിസബത്ത് ജോൺ
- അഭിനവ് ജോർജ് ഷാജി
- അർജുൻ കെ.എസ്.

സ്നേഹാശംസകളോടെ,

**ഫാ. തോമസ് തൈത്തോട്ടം**

ഡയറക്ടർ

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി
## (ടി.എസ്.എസ്.എസ്.)

### സ്വാഗതവും അഭിനന്ദനങ്ങളും

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പുതിയ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട ബഹു. മോൺ. അലക്സ് താരാമംഗലം അച്ചന് TSSS കുടുംബങ്ങളുടെ അഭിനന്ദനങ്ങളും ഹൃദ്യമായ സ്വാഗതവും.

### നന്ദി

ദീർഘകാലമായി തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രസിഡണ്ടായിരുന്നുകൊണ്ട് ശക്തമായ നേതൃത്വത്തിലൂടെയും ദീർഘ വീക്ഷണത്തോടും കരുതലോടുംകൂടി TSSS-നെ നയിക്കുകയും, എപ്പോഴും ഞങ്ങൾക്ക് പ്രോത്സാഹനവും സഹായവുമായി ഞങ്ങളുടെയെല്ലാവരുടേയും ഒപ്പം ഉണ്ടായിരുന്ന ബഹു. അബ്രാഹം പോണാട്ട് അച്ചനെ നന്ദിയോടെ ഓർക്കുകയും ഞങ്ങളുടെ നന്ദിയും കടപ്പാടും സ്നേഹപൂർവ്വം അറിയിക്കുകയും ചെയ്യുന്നു.

### അനുശോചനം

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ബോർഡ് മെമ്പറായിരുന്ന ശ്രീ. ദാമു മാസ്റ്റർ നിര്യാതനായി. അതിരൂപതയ്ക്കുവേണ്ടി മാർ ജോർജ് വലിയമറ്റം പിതാവും TSSS ഡയറക്ടർ ഫാ. തോമസ് തയ്യിലും അദ്ദേഹത്തിന്റെ ഭവനത്തിലെത്തുകയും കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

### RCC തിരഞ്ഞെടുപ്പ്

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ RCC-കളുടെയും തിരഞ്ഞെടുപ്പുകൾ പൂർത്തിയായി. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ RCC-യെ വിജയകരമായി തങ്ങളുടെ സമയും ആരോഗ്യവും ചിലവഴിച്ച് നയിച്ച തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ എല്ലാ നേതാക്കന്മാരേയും സ്നേഹപൂർവ്വം ഓർക്കുകയും അതിരൂപതയുടെ നന്ദിയും കടപ്പാടും അറിയിക്കുകയും എല്ലാവിധ അനുഗ്രഹങ്ങളും പ്രാർത്ഥനകളും നേരുകയും ചെയ്യുന്നു.

RCC-യെ 2019-2020 വർഷങ്ങളിൽ നയിക്കുവാനായി തിരഞ്ഞെടുക്കപ്പെട്ട RCC-യുടെ പുതിയ നേതാക്കന്മാർക്ക് അഭിനന്ദനങ്ങൾ. വരും വർഷങ്ങളിൽ എല്ലാം നന്നായി ചെയ്യാനും സാമൂഹ്യസേവന മേഖലകളിൽ നന്മയുടെ പ്രവർത്തകരാകാനും സാധിക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ആലക്കോട്-പ്രസിഡണ്ട്** : ശ്രീ. ആന്റണി നിരപ്പേൽ, **സെക്രട്ടറി:** പുഷ്പ

**ചെറുപുഴ-പ്രസിഡണ്ട്** : ശ്രീ. ജെമിനി, **സെക്രട്ടറി:** ശ്രീമതി ലിസി തോമസ്

**തോമാപുരം-പ്രസിഡണ്ട്** : ശ്രീ. ബേബിച്ചൻ കോഴിക്കോട്ട്, **സെക്രട്ടറി:** ശ്രീമതി സജിന ഷൈമില

**വെള്ളരിക്കുണ്ട്-പ്രസിഡണ്ട്** : ശ്രീ. ആന്റണി അത്താഴപ്പാടം, **സെക്രട്ടറി:** ശ്രീമതി ബിൻസി തോക്കനാട്ട്

**പനത്തടി പ്രസിഡണ്ട്** : ശ്രീ. വർഗീസ് ചെമ്പിത്തറയിൽ, **സെക്രട്ടറി:** ശ്രീമതി മേരി

**ചെമ്പേരി-പ്രസിഡണ്ട്** : ശ്രീ. ജോളി മുള്ളൂർ, **സെക്രട്ടറി:** ശ്രീമതി ജെസ്സി തങ്കച്ചൻ

**പൈസക്കരി-പ്രസിഡണ്ട്** : ശ്രീ. മാനുവൽ കോയിക്കൽ, **സെക്രട്ടറി:** ശ്രീ. ആന്റണി പീടിയേൽ

**പേരാവൂർ-പ്രസിഡണ്ട്** : വർഗീസ് പെരുമത്തറ, **സെക്രട്ടറി:** മേരി ജോസഫ് പാട്ടത്തറ

**എടൂർ-പ്രസിഡണ്ട്** : ജെയ്മോൻ കരിക്കോട്ടക്കരി, **സെക്രട്ടറി:** ആശ ഷിബു

**നെല്ലിക്കാംപൊയിൽ - പ്രസിഡണ്ട്:** എം.എസ്. ജോസഫ്, **സെക്രട്ടറി:** ജെസ്സിയമ്മ പുളിക്കൽ

## സെൻട്രൽ കമ്മിറ്റി

2019 ജനുവരി 15 ചൊവ്വാഴ്ച തളിപ്പറമ്പിൽവച്ച് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സെൻട്രൽ കമ്മിറ്റി കൂടി. മീറ്റിംഗിൽ TSSS ഡയറക്ടർ ഫാ. തോമസ് തയ്യിൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. മോൺ. അലക്സ് താരാമംഗലം അധ്യക്ഷത വഹിച്ചു. തളിപ്പറമ്പ് ഫൊറോന വികാരി ഫാ. അബ്രാഹം പോണാട്ട് ആശംസകളറിയിച്ചു സംസാരിച്ചു. TSSS എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, ക്രെഡിറ്റ് യൂണിയന്റെ പരിഷ്ക്കരിച്ച നിയമാവലി അവതരിപ്പിക്കുകയും ചർച്ചയ്ക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു.

## അതിരൂപതാ നേതൃത്വം

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ വരുന്ന മൂന്ന് വർഷത്തേക്കുള്ള ജനകീയ സംഘങ്ങളുടെ അതിരൂപതാ പ്രസിഡണ്ടായി വെള്ളരിക്കുണ്ട് RCC പ്രസിഡണ്ട് ശ്രീ. ആന്റണി അത്താഴപ്പാടത്തേയും, സെക്രട്ടറിയായി ആലക്കോട് RCC സെക്രട്ടറി ശ്രീമതി പുഷ്പ എന്നിവരെയും തിരഞ്ഞെടുത്തു. രണ്ടുപേർക്കും അഭിനന്ദനങ്ങളും എല്ലാ നന്മകളും ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## ആശാകിരണം കാൻസർ കെയർ പ്രോഗ്രാം

2019 ജനുവരി 10 വ്യാഴാഴ്ച നെല്ലിപ്പാറ ഗ്രാമശ്രീ അയൽക്കൂട്ടത്തിന്റെയും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹായത്തോടെ കാൻസർ ബോധവൽക്കരണക്യാമ്പും പരിശോധനയും നടത്തി. അയൽക്കൂട്ടം കൺവീനർ ശ്രീ. കെ.ജെ. സ്റ്റീഫൻ സ്വാഗതവും, TSSS എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ഉദ്ഘാടനവും, ആലക്കോട് ഗ്രാമപഞ്ചായത്ത് മെമ്പർ ബിജി മുതുക്കാട്ടിൽ അധ്യക്ഷതയും, എ.ഡി.എസ്. പ്രസിഡണ്ട് ശ്രീമതി സോണിയ പുത്തൻപറമ്പിൽ ആശംസയും അറിയിച്ചു സംസാരിച്ചു. ഗ്രാമശ്രീ അയൽക്കൂട്ടം സെക്രട്ടറി ശ്രീ. ബെന്നി മാത്യു കാഞ്ഞിരത്തിങ്കൽ നന്ദി അറിയിക്കുകയും ചെയ്തു.

2019 ജനുവരി 11 വെള്ളിയാഴ്ച മണക്കടവ് പള്ളിയിൽവച്ച് ഗ്രാമികയുടെയും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹായത്തോടെ കാൻസർ ബോധവൽക്കരണക്യാമ്പും പരിശോധനയും നടത്തി. ഗ്രാമിക യൂണിറ്റ് സെക്രട്ടറി ശ്രീ. ബൈജു ജോർജ് സ്വാഗതവും, ഗ്രാമിക യൂണിറ്റ് ഡയറക്ടർ (മണക്കടവ് വികാരി) ഫാ. ജോയി മഠത്തിമ്യാലിൽ അധ്യക്ഷതയും, TSSS എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ഉദ്ഘാടനവും, ശ്രീമതി വത്സമ്മ ടോമി ആശംസയും അർപ്പിച്ചു സംസാരിച്ചു. യൂണിറ്റ് പ്രസിഡണ്ട് ഷിജി ദേവസ്യ നന്ദി അറിയിക്കുകയും ചെയ്തു.

2019 ജനുവരി 17 വ്യാഴാഴ്ച കച്ചേരിക്കടവ് ജ്വാല ചാരിറ്റബിൾ സൊസൈറ്റിയുടെയും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹായത്തോടെ കാൻസർ ബോധവൽക്കരണക്യാമ്പും പരിശോധനയും നടത്തി. ജ്വാല ചാരിറ്റബിൾ സൊസൈറ്റി ചെയർമാൻ ശ്രീ. ജോബിഷ് നരിമറ്റം സ്വാഗതവും, ഫാ. തോമസ് മണവത്ത് (കച്ചേരിക്കടവ് സെന്റ് ജോർജ് പള്ളിവികാരി) അധ്യക്ഷതയും, അയ്യംകുന്ന് പഞ്ചായത്ത് പ്രസിഡണ്ട് അഡ്വ. ഷീജ സെബാസ്റ്റ്യൻ ഉദ്ഘാടനവും, TSSS എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ മുഖ്യപ്രഭാഷണവും നടത്തി. ജ്വാല ചാരിറ്റബിൾ സൊസൈറ്റി ഡയറക്ടർ ശ്രീ. ബിജു പൊട്ടക്കുളം നന്ദി അറിയിക്കുകയും ചെയ്തു.

## ദുരിതാശ്വാസ പ്രവർത്തനം

തലശ്ശേരി അതിരൂപതയുടെ സാമൂഹ്യസേവന വിഭാഗമായ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി (TSSS) പ്രളയത്തിന്റെയും മഴക്കെടുതിയുടെയും ദുരിതത്തിൽപ്പെട്ട 154 കുടുംബങ്ങൾക്ക് ഈ പുതുവർഷത്തിൽ സാന്ത്വനമായി മാറി. വയനാട്ടിലെ പള്ളിക്കുന്ന് ഗ്രാമത്തിലെ 104 കുടുംബങ്ങൾക്ക് ആടുകളെയും 50 കുടുംബങ്ങൾക്ക് 250 കോഴികളെയും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വിതരണം

ചെയ്തു. മലബാറി, ജമ്നാപ്യാരി എന്നീ ഇനത്തിൽപ്പെട്ട ആടുകളെയാണ് വിതരണം ചെയ്തത്.

പ്രളയ ദുരന്തത്തിൽപ്പെട്ട് വിഷമിക്കുന്ന കുടുംബങ്ങളിൽ വരുമാന വർദ്ധന പദ്ധതികൾ നടപ്പിലാക്കി ഈ കുടുംബങ്ങളെ സാമ്പത്തിക ഭദ്രത കൈവരിക്കാൻ സഹായിക്കുക എന്നതാണ് തലശ്ശേരി അതിരൂപത ലക്ഷ്യം വയ്ക്കുന്നതെന്ന് തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോർജ്ജ് ഞരളക്കാട്ട് അഭിപ്രായപ്പട്ടു. ഈ വരുമാന വർദ്ധന പദ്ധതി തലശ്ശേരി അതിരൂപതയിലെ വിശ്വാസികളുടെ സ്നേഹവും നിങ്ങളോടൊപ്പം ഞങ്ങൾ ഉണ്ടെന്നുള്ള ഞങ്ങളുടെ സാഹോദര്യവുമാണ് ഈ പുണ്യകർമ്മത്തിന്റെ പിന്നിലുള്ളതെന്ന് തലശ്ശേരി അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി പറഞ്ഞു. അതിരൂപതയുടെ ഈ നല്ല കാരുണ്യ പ്രവർത്തികൾക്ക് സഹായം നൽകിയ എല്ലാവരോടുമുള്ള നന്ദിയും കടപ്പാടും TSSS ഡയറക്ടർ ഫാ. തോമസ് തയ്യിൽ അറിയിച്ചു.

ഈ വരുമാന വർദ്ധന പദ്ധതി സമ്മേളനം TSSS എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ഉദ്ഘാടനം ചെയ്തു. പള്ളിക്കുന്ന് ഗ്രാമവാസികളിൽ ആടുകളെ ലഭിച്ച 104 കുടുംബങ്ങളോട് ഇതിന്റെ ഓരോ കുഞ്ഞുങ്ങളെ അടുത്ത 104 കുടുംബങ്ങൾക്ക് കൊടുത്തുകൊണ്ട് പങ്കുവെക്കലിന്റെ മുഖമായി എല്ലാവരും മാറണമെന്നും, എല്ലാവരും അതിനായി സഹകരിക്കണമെന്നും ഫാ. ബെന്നി നിരപ്പേൽ അഭിപ്രായപ്പെട്ടു.

കോഴിക്കോട് ജീവന സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ആൽഫ്രഡ് സ്വാഗതവും TSSS പ്രോഗ്രാം ഓഫീസർ ശ്രീ. സണ്ണി മഞ്ഞക്കുന്നേൽ ചടങ്ങിൽ സന്നിഹിതനുമായിരുന്നു. പള്ളിക്കുന്ന് ഫൊറോന വികാരി ഫാ. സെബാസ്റ്റ്യൻ ഈ കാരുണ്യ പ്രവർത്തിയിലൂടെ വയനാട്ടിലെ 154 കുടുംബങ്ങളെ സഹായിക്കാൻ തയ്യാറായ തലശ്ശേരി അതിരൂപതയോടുള്ള നന്ദിയും കടപ്പാടും അറിയിച്ചു.

സ്നേഹപൂർവം,

**ഫാ. ബെന്നി സ്കറിയ നിരപ്പേൽ**
എക്സി. ഡയറക്ടർ

**ഫാ. തോമസ് തയ്യിൽ**
ഡയറക്ടർ

# ധ്യാനകേന്ദ്രങ്ങളിലൂടെ
## ഫെബ്രുവരി & മാർച്ച്

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

**ഫെബ്രു.** 01-03 : പരീക്ഷ ഒരുക്ക ധ്യാനം (10, +1, +2, ക്ലാസ്സ്)
03 -08 : ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം
09 : ഏകദിന കൺവെൻഷൻ
17-22 : ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം
22-24 : സൗഖ്യാനുഭവ ധ്യാനം (6 pm ആരംഭം)

**മാർച്ച്** 01-03 : തപസ്സ് ധ്യാനം (10 am ആരംഭം)
01-03 : പരിശുദ്ധാത്മാഭിഷേക ധ്യാനം (10 am ആരംഭം)
03-08 : ആന്തരീക ശാരീരിക സൗഖ്യ ധ്യാനം
09 : ഏകദിനകൺവെൻഷൻ
24-29 : ആന്തരീക ശാരീരിക സൗഖ്യ ധ്യാനം
29-31 : സൗഖ്യാനുഭവ ധ്യാനം (6 pm ആരംഭം)

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി**
**ഫോൺ: 0490-2493491, 9745017131, 0490 2491941**

**ഫെബ്രു.** 08 : ജാഗരണ പ്രാർത്ഥന
09 : ക്രിസ്ററീൻ ഏകദിന ധ്യാനം
10-14 : ആന്തരിക സൗഖ്യ ധ്യാനം
24-28 : ആന്തരീക ശാരീരിക സൗഖ്യ ധ്യാനം

**മാർച്ച്** 08 : ജാഗരണ പ്രാർത്ഥന
09 : ക്രിസ്ററീൻ ഏകദിന ധ്യാനം
10-14 : ആന്തരിക സൗഖ്യ ധ്യാനം
24-28 : ആന്തരീക ശാരീരിക സൗഖ്യ ധ്യാനം

**3. മൗണ്ട് കാർമ്മൽ പേരാവൂർ : ഫോൺ. 0490 2444595, 9446687556**

**ഫെബ്രു.** 8-10 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9വരെ)
22- 25 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9വരെ)

**3. ദർശന ധ്യാന കേന്ദ്രം പുഷ്പഗിരി, തളിപ്പറമ്പ്**
**ഫോൺ :0460 2202613, 0460 2204556, 9447424076**

**ഫെബ്രു.** 15-17: കുടുംബ ദർശന ധ്യാനം(വെള്ളി -ഞായർ)- ദമ്പതി
കൾക്കും യുവജനങ്ങൾക്കും വേണ്ടി

17-21 : വരദാന വളർച്ചാധ്യാനം (ഞായർ-വ്യാഴം)
ഫാ. ജോർജ് കളത്തിൽ സി.എം.ഐ&ടീം

21- 24 : ഹീലിങ്ങ് & ഡെലിവറൻസ് റിട്രീറ്റ് (വ്യാഴം-ഞായർ)
ഫാ. ജോസഫ് വയലിൽ സി.എം.ഐ&ടീം

**മാർച്ച്** 03-08 : ഞായർ - വെള്ളി- ദിവ്യകാരുണ്യാഭിഷേക ധ്യാനം
സിസ്റ്റേഴ്സിന്

15- 17 : (വെള്ളി -ഞായർ) കുടുംബ ദർശന ധ്യാനം
ദമ്പതികൾക്കും യുവജനങ്ങൾക്കും വേണ്ടി

17-21 : (ഞായർ-വ്യാഴം) ദിവ്യകാരുണ്യാഭിഷേക മരിയൻ ധ്യാനം

21- 24 : (വ്യാഴം-ഞായർ)ഹീലിങ്ങ് & ഡെലിവറൻസ് റിട്രീറ്റ്
-ഫാ. ജോസഫ് വയലിൽ സി.എം.ഐ&ടീം

**4. കൃപാലയം ധ്യാനകേന്ദ്രം, കാക്കേഞ്ചാൽ - ചെറുപുഴ**
**ഫോൺ: 9526609050, 9447481643, 9496253756**

**ഫെബ്രു.** 03-08 : ആന്തരിക സൗഖ്യ ധ്യാനം
17-22 : ആന്തരിക സൗഖ്യ ധ്യാനം
5,12,19,26 : ഏകദിന കൺവെൻഷൻ

**മാർച്ച്** 03-08 : ആന്തരിക സൗഖ്യ ധ്യാനം
10-15 : സിസ്റ്റേഴ്സിനുള്ള ധ്യാനം
17-22 : ആന്തരിക സൗഖ്യ ധ്യാനം
5,12,19,26 : ഏകദിന കൺവെൻഷൻ

**5. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460-2264451, 2264645**

**ഫെബ്രു.** 02 : ഏകദിന കൺവൻഷൻ
03-07 : മരിയൻ ആന്തരീക സൗഖ്യധ്യാനം
08 : ജാഗരണപ്രാർത്ഥന
09 : സീയോൻ വിങ്ങ്സ്
17-21 : ആന്തരീക സൗഖ്യധ്യാനം

**മാർച്ച്** 02 : ഏകദിന കൺവൻഷൻ
03-07 : മരിയൻ ആന്തരീക സൗഖ്യധ്യാനം
08 : ജാഗരണപ്രാർത്ഥന
09 : സീയോൻ വിങ്ങ്സ്
10-14 : ആന്തരീക ശാരീരിക സൗഖ്യധ്യാനം

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### ഡിസംബർ 2018

24 രാവിലെ കരുവഞ്ചാൽ ശാന്തിഭവനിൽ വിശ്രമജീവിതം നയിക്കുന്ന അച്ചന്മാരോടൊപ്പം ക്രിസ്മസ് ആഘോഷിച്ചു. രാത്രി 11.45ന് കത്തീഡ്രൽ ദൈവാലയത്തിൽ തിരുപ്പിറവി തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ച് ക്രിസ്തുമസ് സന്ദേശം നൽകി.

26 രാവിലെ 9 മണിക്ക് ചെടിക്കുളം ഇടവകയിൽ ഡീക്കൻ ഏലിയാസ് എടുക്കുന്നേലിന് തിരുപ്പട്ടം നൽകി. ഉച്ചകഴിഞ്ഞ് രയറോം ഇടവകയിൽ ഡീക്കൻ സെബാസ്റ്റ്യൻ താഴത്തേൽ OFM Conv. ന് തിരുപ്പട്ടം നൽകി.

27 രാവിലെ 9 മണിക്ക് പനത്തടി ഇടവകയിൽ ഡീക്കൻ ജോസഫ് കുന്നത്തോട്ടലിന് തിരുപ്പട്ടം നൽകി. ഉച്ചകഴിഞ്ഞ് പടന്നക്കാട് എസ്.ഡി. സഹോദരിമാരുടെ പുതിയ അഗതിമന്ദിരം വെഞ്ചരിച്ച് ചാപ്പൽ കൂദാശ ചെയ്തു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി.

28 ചെട്ടിയാംപറമ്പ് ഇടവകയിൽ ഡീക്കൻ ആന്റണി മുഞ്ഞനാട്ട് ഒ.സി.ഡിയ്ക്ക് തിരുപ്പട്ടം നൽകി. ഉച്ചകഴിഞ്ഞ് പേരാവൂരിൽ എസ്.എച്ച്. കോൺവെന്റിൽ പ്രൊവിൻഷ്യൽ സിനാക്സിസിൽ സിസ്റ്റേഴ്സിന് സന്ദേശം നൽകി.

29 രാവിലെ 9 മണിക്ക് എടൂർ ഇടവകയിൽ ഡീക്കന്മാരായ എമ്മാനുവൽ മണിയംകുളത്ത് ഒ.എസ്.എഫ്.എസ്., ജോൺ വടക്കേക്കര സി.എം.ഐ. എന്നിവർക്ക് തിരുപ്പട്ടം നൽകി.

30 രാവിലെ ആനമഞ്ഞൾ ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് ബെഡൂർ ഇടവകയിൽ വി. ബലി അർപ്പിക്കുകയും പ്രളയ ബാധിത-ഭൂരഹിത-ഭവനരഹിത -പുനരധിവാസ പദ്ധതി സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

31 രാവിലെ മണിപ്പാറ ഇടവകയിൽ ഡീക്കൻ ജോർജ് കണ്ടത്തിക്കുടിയിൽ സി.എസ്.ടി. ക്ക് തിരുപ്പട്ടം നൽകി. വൈകുന്നേരം അതിരൂപതാ കാര്യാലയത്തിൽ കൂരിയ മീറ്റിംഗിൽ പങ്കെടുത്തു.

## ജനുവരി2019

01 കരുവഞ്ചാൽ ഇടവകയിൽ ഡീക്കൻ സെബാസ്റ്റ്യൻ തെക്കേടത്തിന് തിരുപ്പട്ടം നൽകി. തുടർന്ന് ശാന്തിഭവനിൽ അച്ചന്മാരെ സന്ദർശിക്കുകയും സെന്റ് ജോസഫ്സ് ഹോസ്പിറ്റലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും സ്റ്റാഫിനോടൊപ്പം പുതുവത്സരം ആഘോഷിക്കുകയും ചെയ്തു.

02 പെരുമ്പടവ് ഇടവകയിൽ ഡീക്കൻ ജോസഫ് കൈതമറ്റത്തിൽ സി.എം.ന് തിരുപ്പട്ടം നൽകി.

03 മാവുംചാൽ ഇടവകയിൽ ഡീക്കൻ തോമസ് പുല്ലാട്ടുവലിയപറമ്പിൽ എം.എസ്.എഫ്.എസിന് തിരുപ്പട്ടം നൽകി

04 സാൻജോസ് മെട്രോപോളീറ്റൻ സ്കൂളിൽ സ്റ്റാഫ് മീറ്റിംഗിൽ പങ്കെടുത്തു.

05 മാമ്പോയിൽ ഇടവകയിൽ, ഓസ്ട്രേലിയയിലെ സെയ്ൽ രൂപതാംഗമായ ഡീക്കൻ അവിനാഷ് കണയങ്കലിന് തിരുപ്പട്ടം നൽകി. ഉച്ചകഴിഞ്ഞ് പൂളക്കുറ്റി ഇടവകയിൽ ഹോളി സ്പിരിറ്റ് ഫാദേഴ്സ് സഭാംഗമായ ഡീക്കൻ മോബിൻ മാനുവലിന് തിരുപ്പട്ടം നൽകി.

06 വൈകുന്നേരം വാഴക്കുളം സി.എം.ഐ. ആശ്രമത്തിൽ വി. ബലിയർപ്പിച്ചു.

7-18 കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ സീറോ മലബാർ സിനഡിൽ പങ്കെടുത്തു.

19 കോളയാട് ഇടവകയിൽ ഡീക്കൻ ജോബിൻ ചക്കുങ്കലിന് തിരുപ്പട്ടം നൽകി. ഉച്ചകഴിഞ്ഞ് അരീക്കമല സെന്റ് ജോസഫ്സ് ഇടവകയുടെ സുവർണ്ണജൂബിലി ആഘോഷത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

20 രാവിലെ കോടോത്ത് സെന്റ് മദർ തെരേസ ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് ഉദയപുരം സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ ജൂബിലിയാഘോഷത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

21 രാവിലെ കോട്ടോടി, പാണത്തൂർ, എള്ളുക്കൊച്ചി, കല്ലപ്പള്ളി എന്നീ പള്ളികൾ സന്ദർശിച്ചു. വൈകുന്നേരം നാട്ടക്കല്ല് സെന്റ് ഫ്രാൻസിസ് ഇടവകയിൽ ബൈബിൾ കൺവെൻഷനിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

22 രാവിലെ കാർത്തികപുരം ഇടവകയിൽ സെന്റ് ജോസഫ് ലിയോൺസ് സിസ്റ്റേഴ്സിന്റെ മഠത്തിൽ വി. ബലി അർപ്പിച്ചു. 9.30ന് ചെമ്പേരി നിർമ്മല ഹൈസ്കൂളിൽ നിന്ന് വിരമിക്കുന്ന അധ്യാപകരായ ശ്രീമതി വത്സമ്മ ജോസ്, മേരി സി.എഫ്. എന്നിവരുടെ യാത്രയപ്പ് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. ഉച്ചക്ക് ചന്ദനക്കാംപാറ ഇടവകയിൽ വിൻസെന്റ് ഡി

പോൾ പ്രവർത്തകർ നിർമ്മിച്ച് നൽകിയ മനോജ് വെൺമരക്കോട്ടിലിന്റെ ഭവനം വെഞ്ചരിച്ചു.

ഉച്ചകഴിഞ്ഞ് നിർമ്മലഗിരി കോളേജിൽ Patrons day ആഘോഷത്തിൽ അധ്യക്ഷത വഹിച്ച് സംസാരിച്ചു.

23 പട്ടാരം കപ്പൂച്ചിൻ ആശ്രമത്തിൽ ഫാ. ആർമണ്ട് OFM ന്റെ നാമകരണ പ്രവർത്തനങ്ങളുടെ ഔദ്യോഗിക ആരംഭം ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് മുണ്ടാനൂർ സെന്റ് അൽഫോൻസ ദൈവാലയം കൂദാശ ചെയ്ത് സന്ദേശം നൽകി. തുടർന്നു നടന്ന അനുമോദന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

24 അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽനിന്ന് സന്ദർശകരായെത്തിയ ബഹു. വൈദികരെയും സിസ്റ്റേഴ്സിനെയും സ്വീകരിച്ചു.

❖❖❖

# Programme of the Archbishop
## MAR GEORGE NJARALAKATT

## FEBRUARY 2019

| | | | | |
|---|---|---|---|---|
| 01 | 9.30 | am | – | Meeting new religious assistant priests |
| | 02 | pm | - | VJEC Chemperi |
| 02 | | | - | Koodaranji |
| 03 | | | - | Pastoral visit - Vellad |
| 04 | | | - | Ponniam |
| 05 | | | - | GSMS Kunnoth |
| | 4.30 | pm | - | Presbytery blessing - Anara |
| 06 | | | - | Visitors' day |
| 07 | | | - | Nirmalagiri |
| 08 | | | - | Calicut University |
| 09 | 10.00 | am | - | Teachers' Guild |
| | 12.30 | pm | - | Mathruvedhi General body |
| 10-21 | | | - | Out of station |
| 22 | 06.00 | pm | - | Thamarassery |
| 23 | 10.00 | am | - | Devagiri |
| 24 | | | - | Mysore |
| 25 | | | - | Presbyteral Council |
| 26 | 10.00 | am | - | SABS Kilianthara |
| | 07.00 | pm | - | Vocation Bureau |
| 27 | | | - | Visitors' day – Padannakad |
| 28 | | | - | Priests' and sisters' day till 12.30 pm |
| | 02.30 | pm | - | Blessing SH Convent - Vilakkannur |

## March 2019

| | | | |
|---|---|---|---|
| 01 | 10.00 am | - | Forane Vicars' meeting |
| | 02.30 pm | - | Catechism Council |
| 02 | 09.30 am | - | Church Consecration - Mavady |
| | 02.30 am | - | Blessing SMS Convent - Pooparamba |
| 03 | | - | Pastoral visit |
| 04 | | - | Ash Monday |
| 05 | | - | Religious Superiors' meeting |
| 06 | | - | Visitors' day |
| 07 | | - | Priests' and sisters' day |
| | 05.00 pm | - | VJEC meeting |
| 08 | | - | Out of station |
| 09 | | - | Corporate Educational Agency Meeting |
| 10 | | - | Pastoral Visit |
| 11 | | - | Kottiyoor |
| 12 | | - | Vocation Bureau - Kakkanad |
| 13 | | - | Visitors' day |
| | | - | Monthly Recollection |
| 14 | | - | Priests' and sisters' day |
| 15 | | - | Minor Seminary |

**Secretary to the Archbishop**

❖❖❖

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### ഡിസംബർ2018

24 ഉച്ചയ്ക്ക് 3 മണിമുതൽ ചെറുപുഴ ഇടവകയിൽ വിശ്വാസികളെ കുമ്പ സാരിപ്പിച്ചു. രാത്രി 8 മണിക്ക് ചെറുപുഴ സ്കൂളിൽ എൻ.എസ്.എസ്. ക്യാമ്പിൽ ക്രിസ്മസ് സന്ദേശം നൽകി.

25 ചെറുപുഴ ഇടവകയിൽ ക്രിസ്മസ് പാതിരാകുർബാനയർപ്പിച്ച് സന്ദേശം നൽകി.

26 രാവിലെ 9 മണിക്ക് കരിക്കോട്ടക്കരി ഇടവകയിൽ ബിനീഷ് കല്ലറയ്ക്ക ലിന് പൗരോഹിത്യപട്ടം നൽകി. വൈകുന്നേരം അഞ്ചുമണിക്ക് മരുതോം കരയിൽ പുതുപ്പള്ളിതകിടിയേൽ ദാനിയേലിന് മാമ്മോദീസ നൽകി.

27 കോഴിച്ചാൽ ഇടവകയിൽ രാവിലെ 9 മണിക്ക് ഡീക്കൻ വിപിൻ വയ ലിന് തിരുപ്പട്ടം നൽകി.

28 രാവിലെ 9 മണിക്ക് പൊന്മല ദൈവാലയത്തിൽ ഡീക്കൻ ഫിലിപ്പ് മുട്ടു മണ്ണിലിന് തിരുപ്പട്ടം നൽകി.

29 രാവിലെ 9 മണിക്ക് ഒറ്റത്തൈയിൽ ദൈവാലയത്തിൽ ഡീക്കൻ അഗ സ്റ്റിൻ മഞ്ഞക്കുന്നേലിന് തിരുപ്പട്ടം നൽകി.

30 ഉച്ചകഴിഞ്ഞ് 2.30ന് ഈരോഡ് ദൈവാലയത്തിൽ നിര്യാതനായ ഫാ. ജോസഫ് കാളക്കുഴിയുടെ മൃതസംസ്കാരകർമ്മങ്ങളിൽ പങ്കെടുത്ത് വി. കുർബാനയർപ്പിച്ചു.

31 രാത്രി 11 മണിക്ക് അരമനയിൽ നടന്ന പുതുവർഷപ്പുലരി പ്രാർത്ഥന നയിക്കുകയും വി. കുർബാനയർപ്പിക്കുകയും ചെയ്തു.

### ജനുവരി2019

03 രാവിലെ 9 മണിക്ക് പുതുപ്പാടി ദൈവാലയത്തിൽ ഡീക്കൻ ജോൺപു ത്തൻപുരക്കലിന് പൗരോഹിത്യപട്ടം നൽകി.

05 രാവിലെ 11 മണിക്ക് ആയവന പള്ളിയിൽ മാത്യു താമരശ്ശേരിയും ട്രീസാ മേരി മാപ്പിളപ്പറമ്പിലും തമ്മിലുള്ള വിവാഹം ആശീർവദിച്ചു.

7-18 കാക്കനാട് നടന്ന സീറോമലബാർ സിനഡിൽ പങ്കെടുത്തു.

19 പാലാ കവിക്കുന്നിൽ നടന്ന ഫാ. തോമസ് മണ്ണൂരാംപറമ്പിലിന്റെ പൗരോ ഹിത്യ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് വി. കുർബാ നയർപ്പിച്ചു.

20 രാവിലെ 7 മണിക്ക് ചെമ്പ്ളാവ് ഇടവകയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. വൈകുന്നേരം 6.30ന് വെള്ളോപ്പള്ളിയിൽവച്ചു നടന്ന ഫാ. സ്കറിയ കാവുംകാട്ട്തറയുടെ പൗരോഹിത്യ രജത ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് അധ്യക്ഷപ്രഭാഷണം നടത്തി.

21 രാവിലെ 6.30 ന് രാമപുരം പള്ളിയിൽ നടന്ന ഫാ. ജോസഫ് പുതിയാകുന്നേലിന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് വി. കുർബാനയർപ്പിച്ചു.

23 ഉച്ചകഴിഞ്ഞ് 2 മണിക്ക് ഉളിക്കലിൽ നിര്യാതയായ അന്നമ്മ കളരിക്കലിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. 2.30ന് മുണ്ടാനൂരിൽ പുതുതായി നിർമ്മിച്ച ദൈവാലയത്തിന്റെ കൂദാശാകർമ്മങ്ങളിൽ സഹകാർമ്മികനായി.

24 രാവിലെ 11 മണിക്ക് ആര്യപറമ്പിൽ നിര്യാതനായ പാപ്പൻ പാലക്കുന്നേലിന്റെ മൃതസംസ്കാര കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് 4.30ന് കരിക്കോട്ടക്കരി ഹൈസ്കൂൾ സുവർണ്ണജൂബിലി സമാപനപൊതുസമ്മേളനം ഉദ്ഘാടനം ചെയ്ത് സമ്മാനദാനം നിർവ്വഹിച്ചു.

## Programme of the Archbishop Emeritus
## MAR GEORGE VALIAMATTAM

## FEBRUARY 2019

| | | |
|---|---|---|
| 03 | - | Kodenchery |
| 04 | - | Engaged |
| 10 | - | Thrissur |
| 21 | - | Josgiri Nursing School |
| 23 | - | Kottiyoor |

**Secretary to the Archbishop Emeritus**

**Secretary to the Archbishop Emeritus**

❖❖❖

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

**മാർ ജോസഫ് പാംപ്ലാനി**

## ഡിസംബർ 2018

21 രാവിലെ 9.30ന് തോമാപുരം മേഖല മാതൃവേദി സംഗമത്തിൽ വി. കുർബാനയർപ്പിച്ച് ക്ലാസ്സുകൾ നയിച്ചു. വൈകുന്നേരം 5.30 ന് വെള്ളരിക്കുണ്ട് സെന്റ് എലിസബത്ത് കോൺവെന്റ് സ്കൂൾ വാർഷികത്തിൽ അധ്യക്ഷഭാഷണം നടത്തി.

22 രാവിലെ 10 മണിക്ക് സന്ദേശഭവനിൽ വച്ച് ഫാമിലി അപ്പസ്റ്റൊലേറ്റ് സംഘടിപ്പിച്ച ജീവോത്സവത്തിൽ പ്രാർത്ഥനകൾ നയിക്കുകയും സന്ദേശം നൽകുകയും ചെയ്തു. വൈകുന്നേരം 5.30 ന് തലശ്ശേരിയിൽ വച്ച് നടന്ന വൈ.എം.സി.എ. ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കെടുക്കുകയും ക്രിസ്മസ് സന്ദേശം നടത്തുകയും ചെയ്തു.

23 ഹൊസംഗടി ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

24 ജയഗിരി ഇടവകയിൽ ക്രിസ്മസ് പാതിരാകുർബാന അർപ്പിച്ച് സന്ദേശം നൽകി.

25 രാവിലെ പത്ത് മണിക്ക് കൂട്ടുപുഴയിൽ സംഘടിപ്പിച്ച ഉപവാസ സമരത്തിൽ പങ്കെടുത്ത് അദ്ധ്യക്ഷ പ്രഭാഷണം നടത്തി.

26 രാവിലെ 8.30 ന് തിരുമേനി ഇടവകയിൽ പുതുതായി നിർമ്മിച്ച ഗ്രോട്ടോ വെഞ്ചരിക്കുകയും തുടർന്ന് ഡീക്കൻ അലക്സ് ആഞ്ഞിലിക്കലിന് പൗരോഹിത്യപട്ടം നൽകുകയും ചെയ്തു. ഉച്ചകഴിഞ്ഞ് 3 മണിക്ക് കാഞ്ഞങ്ങാട് നടന്ന കാസർഗോഡ് യൂത്ത് റീജണൽ മീറ്റിൽ മുഖ്യ പ്രഭാഷണം നടത്തി

27 രാവിലെ 9 മണിക്ക് കല്ലുമുതിരക്കുന്ന് ഇടവകയിൽ ഡീക്കൻ മാത്യു വലിയപറമ്പിലിനും ഡീക്കൻ ജോബിൻ അത്തിക്കലിനും പൗരോഹിത്യപട്ടം നൽകി.

28 രാവിലെ 9 മണിക്ക് കരുവഞ്ചാൽ ഇടവകയിൽ ഡീക്കൻ മനു മാന്തറയ്ക്ക് പൗരോഹിത്യപട്ടം നല്കി.

29 രാവിലെ 9 മണിക്ക് ചെറുപുഴ ഇടവകയിൽ ടോം പഴേപറമ്പിലിന് പൗരോഹിത്യപട്ടം നൽകി. വൈകുന്നേരം 5 മണിക്ക് നെല്ലിപ്പാറ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി.

30 രാവിലെ 7 മണിക്ക് വെള്ളരിക്കുണ്ട് ഇടവകയിൽ വി. കുർബാനയർപ്പിക്കുകയും പൊതുയോഗത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് 2 മണിക്ക് നെല്ലിക്കാംപൊയിൽ ഫൊറോന ആർമ്മി യൂത്ത് സംഗമത്തിൽ പ്രഭാഷണം നടത്തി.

3 മണിക്ക് കണിച്ചാറിൽവച്ച് നടന്ന പേരാവൂർ ഫൊറോന ആർമി യൂത്ത് സംഗമത്തിൽ ക്ലാസ്സ് നയിച്ചു. വൈകുന്നേരം 4 മണിക്ക് പേരാവൂർ ഇടവകയിൽ തയ്യാറാക്കിയ സമ്പൂർണ്ണ ബൈബിൾ കയ്യെഴുത്തുപ്രതിയുടെ പ്രകാശനം നിർവ്വഹിച്ചു.

6 മണിക്ക് അങ്ങാടിക്കടവിൽ നടന്ന മണപാത്തുപറമ്പിൽ കുടുംബയോഗത്തിൽ അധ്യക്ഷപ്രഭാഷണം നടത്തി. തുടർന്ന് 7 മണിക്ക് ചന്ദനക്കാംപാറയിൽ വച്ച് നടന്ന ബാസ്കറ്റ്ബോൾ ചാംപ്യൻഷിപ്പിൽ വിജയികൾക്ക് സമ്മാനദാനം നിർവ്വഹിച്ചു.

31 രാവിലെ 9 മണിക്ക് കണ്ണിവയൽ ദൈവാലയത്തിൽ ഡീക്കൻ ജോസഫ് എഴുപറയ്ക്കും ഡീക്കൻ സിനോജ് ഇരട്ടക്കാലായ്ക്കും പൗരോഹിത്യപട്ടം നൽകി. ഉച്ചകഴിഞ്ഞ് 4 മണിക്ക് ഉമ്മറപൊയിൽ ഇടവക നിർമ്മിച്ച സിമിത്തേരി വെഞ്ചരിക്കുകയും വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകുകയും ചെയ്തു.

## ജനുവരി2019

01 കനകക്കുന്ന ഇടവകയിൽ രാവിലെ 9 മണിക്ക് ഡീക്കൻ സെബാസ്റ്റ്യൻ കുടക്കച്ചിറക്കുന്നേലിന്പൗരോഹിത്യപട്ടം നൽകി.

ഉച്ചകഴിഞ്ഞ് 3 മണിക്ക് നിർമ്മലഗിരി കോളേജിൽ നടന്നയോഗത്തിൽ സംബന്ധിച്ചു.

02 രാവിലെ 9 മണിക്ക് പാണത്തൂർ ഇടവകയിൽ ഡീക്കൻ അരുൺ മഠത്തിപ്പറമ്പിൽ, ഡീക്കൻ ജിറ്റോ മലമേൽപതിക്കൽ എന്നിവർക്ക് പൗരോഹിത്യപട്ടം നൽകി.

ഉച്ചകഴിഞ്ഞ് 2 മണിക്ക് പടന്നക്കാട് നടന്ന ബി.എസ്.എഫ്. കൂട്ടായ്മയിൽ ക്ലാസ്സുകൾ നയിച്ചു.

03 രാവിലെ 9 മണിക്ക് പോരൂർ ഇടവകയിൽ ഡീക്കൻ റെനീഷ് ആനിമൂട്ടിൽ, ഡീക്കൻ ഷിനു കൊഴുപ്പാത്തടത്തിൽ എന്നിവർക്ക് പൗരോ

ഹിത്യപട്ടം നൽകി.

04 രാവിലെ 10 മണിക്ക് തലശ്ശേരിയിൽ വച്ച് നടന്ന എഡ്യൂക്കേഷണൽ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 4 മണിക്ക് ചക്കിട്ടപാറ യിൽ നടന്ന ബൈബിൾ കൺവെൻഷനിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

05 രാവിലെ 11 ന് ചരൾ ഇടവകയിൽ ജോർജ് അറക്കലും മെറിൻ പുത്തൻവീ ട്ടിലും തമ്മിലുള്ള മനസമ്മതം നടത്തി. തുടർന്ന് 11.30ന് അജിത്ത് നടുവ ത്തട്ടും നിമ്മി പള്ളിത്താഴത്തും തമ്മിലുള്ള വിവാഹം ആശീർവദിച്ചു.

06 രണ്ടാംകടവ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

7-18 കാക്കനാട് നടന്ന സീറോ മലബാർ സിനഡിൽ പങ്കെടുത്തു.

19 ഉച്ചകഴിഞ്ഞ് 2.30ന് പാലാ കവീക്കുന്ന് ഇടവകയിൽ വച്ച് നടന്ന ഫാ. തോമസ് മണ്ണൂരാംപറമ്പിലിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷങ്ങളിൽ പങ്കാളിയായി.

20 പൂപ്പറമ്പ് ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

21-24 ബാംഗ്ലൂർ നടന്ന സി.ഡി.എഫ്. മീറ്റിംഗിൽ പങ്കെടുത്തു.

❖❖❖

## Programme of the Auxiliary Bishop
## MAR JOSEPH PAMPLANY

# FEBRUARY 2019

| | | | |
|---|---|---|---|
| 01 | 02.00 pm | - | Nirmalagiri |
| 02 | | - | Moovattupuzha |
| 03 | | - | Pastoral Visit |
| 04-05 | | - | Shooting Shalaom TV |
| 0 6 | | - | Sandesabhavan |
| 07 | 10.30 | - | Nirmalagiri |
| | 05.00 pm | - | Leuca Convent Ponniam |
| 08 | | - | Engaged |
| 09 | 10.00 am | - | Charal |
| | 05.00 pm | - | Pallikunnu |
| 10 | 11.00 am | - | Pariyaram ADAM |
| 12 | | - | Kakkanad |
| 13 | | - | Monthly Recollection |
| 16 | 10.00 am | - | Alpha Thalassery |
| | 04.00 pm | - | Kaithappoyil |
| 17 | | - | Pastoral Visit |
| 18 | | - | Kumarakam Convention |
| 19 | | - | Divine, Chalakudy |
| 23 | | - | POC |
| 24 | 05.00 pm | - | Rajapuram |
| 25 | 10.00 am | - | Sandesabhavan |
| 27 | | - | Bishops' House Thalassery |
| 28 | | - | Out of Station |

**Secretary to the Auxiliary Bishop**

❖❖❖